283
OCTOBER 2020

# KERALA PRIVATE COLLEGE TEACHER

ISSN 2454-4795
a monthly journal of the all kerala private college teachers' association










# തെരഞ്ഞെടുപ്പ് കാലത്തെ മുഖ്യസംവാദങ്ങൾ



283

# OCTOBER 2020


## EDITORIAL BOARD

**Editor**
Dr. A.S. Sumesh

**Special Editor**
Abhilash T.

**Managing Editor**
Dr. K.R. Kavitha

**Assistant Editors**
Dr. Sony John
Dr. N. Renuka

**Members**
Prof. Jogy Alex
Dr. C. Padmanabhan
Dr. M. Sreekumar
Dr. Sheela M. Joseph
Prof. A.G.Oleena
Prof. Pramod Vellachal
Dr. Vidhu Narayan
Dr. Vysakhan Thambi
Shyla Hameed
Dr. Arya Gopi
Dr. Myna Umaiban
Sona P.
Dr. M.R.Rajesh
Abhilash T.
Harinarayanan S.
Subin Varghese
Bineesh E.K.
Dr. Santhosh Kumar Vallikkat
Reeja Jose P
Dr. Seetha Vijayakumar
V H Nishad

*Design :* **Jwala Creatives**



AKPCTA State Committee Office
Mathrubhumi Road,
Vanchiyoor, Thiruvananthapuram-35
Ph: 0471-2463494
Fax: 0471-2468984
Mobile: 09495425219
**collegeteacheredt@gmail.com**
**www.akpcta.in**



Views expressed by individuals in the journal are their own and need not necessarily be taken as policy of the Association.



Edited, Printed and Published by **Dr. C.Padmanabhan**, AKPCTA State Committee Office, Vanchiyoor, TVPM-35.



- *എഡിറ്റോറിയൽ* 3
- *തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പും ഉന്നതവിദ്യാഭ്യാസമേഖലയും*
**ഡോ. സി. പത്മനാഭൻ** 4
- *പൗരത്വത്തിന്റെ രാഷ്ട്രീയം*
**അഭിലാഷ് ടി.** 7
- *മാഞ്ഞു നിത്യനിർമ്മല പൗർണ്ണമി*
**നിത്യ പി. വിശ്വം** 14
- NATIONALISATION OF EDUCATION
**Dr. George Alex** 19
- Medusa
**Sreelakshmi AR** 24

*കഥയുടെ ചരിത്രയുക്തികൾ*
**ഡോ. ബിനീഷ് പുതുപ്പണം** 25
- *ആശങ്കയുടെ വിത്തുകൾ വിതക്കപ്പെടുമ്പോൾ*
**ഡോ. കെ.പി. പ്രശാന്ത്** 28
- *പട്ടുപാതയിലൂടെ നാഥുലയിലേക്ക്*
**ജോയ്സ്കുട്ടി ജോസഫ്** 33
- *മാറുന്ന തൊഴിലിടങ്ങൾ*
**ശ്രീജിത്ത് പി.വി.** 37
- *കാർഷിക ബില്ലുകൾക്ക് പിറകിലെ സാമ്രാജ്യത്വ അജണ്ട*
**അനിൽ വർമ്മ** 42
- *Corona engenders infight among the proponents of Globalisation*
**Dr. Dileep M.R.** 48
- *Poisonous Plants*
**Dr. Nisharani D.** 54
- *അപ്രദക്ഷിണം*
**ഡോ. സുധ ഇ.** 59
- *സർവ്വീസ് സെൽ*
**ഡോ. പ്രമോദ് എൻ.** 60

# എഡിറ്റോറിയൽ

ത്രിതല പഞ്ചായത്ത് തിരഞ്ഞെടുപ്പിന്റെ പടിവാതിലിൽ നിൽക്കുകയാണ് നമ്മൾ. നിപ്പ മുതൽ കൊറോണ വരെയും പ്രളയം മുതൽ മാധ്യമ വിചാരണകൾ വരെയും നീണ്ടു നിന്ന പ്രതിസന്ധികളുടെ കുത്തൊഴുക്കിൽ അടിപതറാതെ മുന്നോട്ട് പോവുന്ന ഭരണ നിർവഹണത്തിനാണ് കേരളം സാക്ഷ്യം വഹിക്കുന്നത്. കൊറോണ ലോക ജീവിതത്തെ നിശ്ചലമാക്കിയപ്പോഴും കേരളം പതറാതെ നിന്ന കാഴ്ച നാം കണ്ടു. ക്ഷേമ പെൻഷനുകൾ വീട്ടിൽ എത്തിച്ചും സാമ്പത്തിക ഭേദമില്ലാതെ നാളിതുവരെ എല്ലാ മാസവും റേഷൻ കടകൾ വഴിയും പൊതു വിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർഥികൾക്ക് ഓരോരുത്തർക്കും  സ്കൂളുകൾ വഴിയും  ഭക്ഷ്യ ധാന്യ കിറ്റുകൾ നൽകിയും സൗജന്യ കോവിഡ് പരിശോധനകൾക്ക് സൗകര്യമൊരുക്കിയും ജനകീയ ബദൽ സാധ്യമാകുന്നത് എങ്ങനെ എന്ന് നാം ലോകത്തോട് പ്രഖ്യാപിക്കുകയായിരുന്നു. ഏറ്റവും ഒടുവിൽ ഓൺലൈൻ വിദ്യാഭ്യാസ മാതൃകയിൽ വീട്ടിൽ ഇരുന്ന് പഠിക്കുന്നതിന് സഹായകമാകുന്ന തരത്തിൽ സാങ്കേതിക വിദ്യയെ ഉപയോഗപ്പെടുത്തിക്കൊണ്ട് സമാന്തര ബോധന സമ്പ്രദായം എന്ന ആശയം നടപ്പിലാക്കിയ സാഹചര്യമായിരുന്നിട്ട് കൂടി സ്കൂൾ വിദ്യാർഥികളുടെ യൂണിഫോം അലവൻസ് വിദ്യാർത്ഥികൾക്ക് പണമായി വിതരണം ചെയ്തിരിക്കുന്നു. ഇത്തരത്തിൽ നേട്ടങ്ങളുടെ പട്ടിക ഒട്ടനവധിയാണ്. സാമ്പത്തിക അച്ചടക്കം പാലിച്ചും മികച്ച നേതൃപാടവം കൊണ്ടും കൂട്ടായ പരിശ്രമം കൊണ്ടും നമ്മൾ നേടിയ നേട്ടങ്ങളുടെ മുകളിൽ കരി നിഴൽ വീഴ്ത്താനും മരണ വ്യാപാരം കൊണ്ട് നേട്ടമുണ്ടാക്കാനും ശ്രമിക്കുന്ന വലതു പക്ഷ അധികാരമോഹികളുടെ കാപട്യം തിരിച്ചറിയാനും അത്തരക്കാരെ ജനാധിപത്യ സംവിധാനങ്ങൾക്ക് പുറത്തു നിർത്താനുമുള്ള ജനതയുടെ അധികാരം നാം വിനിയോഗിക്കേണ്ടതുണ്ട്. ഒപ്പം വിവിധ മണ്ഡലങ്ങളിൽ ജനവിധി തേടുന്ന എ കെ പി സി ടി എ സഖാക്കളുടെ വിജയത്തിനായി കൂട്ടായ പ്രവർത്തനം നടത്താനും എല്ലാ അധ്യാപക സുഹൃത്തുക്കളോടും അഭ്യർത്ഥിക്കുന്നു.

**എഡിറ്റർ**
collegeteacheredt@gmail.com
9744168522

ഡോ. സി. പത്മനാഭൻ



# തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പും ഉന്നതവിദ്യാഭ്യാസമേഖലയും

കേരളത്തിൽ നടക്കാനിരിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് ഉള്ള തെരഞ്ഞെടുപ്പും ഉന്നത വിദ്യാഭ്യാസമേഖലയും തമ്മിൽ പ്രത്യക്ഷമായി എന്ത് ബന്ധമാണ് ഉള്ളത് എന്നത് ഈ തലക്കെട്ട് വായിക്കുന്ന ഏവരുടെയും മനസ്സിൽ പെട്ടെന്ന് ഉദിക്കാൻ സാദ്ധ്യതയുള്ള ഒരു ചോദ്യമാണ്. 1976 ലെ നാല്പത്തിരണ്ടാം ഭരണഘടനാഭേദഗതിയിലൂടെയാണ് നേരത്തെ സംസ്ഥാന പട്ടികയിൽ ആയിരുന്ന "വിദ്യാഭ്യാസം" കൺകറന്റ് പട്ടികയിലേക്ക് മാറ്റി സ്ഥാപിക്കപ്പെടുന്നത്. അപ്രകാരം മാറ്റി സ്ഥാപിക്കപ്പെട്ട ശേഷം പിന്നീടിങ്ങോട്ട് ഫെഡറൽ മര്യാദകൾ പൂർണമായും ലംഘിച്ചുകൊണ്ട് അതിശക്തവും എന്നാൽ അനഭിലഷണീയവുമായ കേന്ദ്രീകരണം ആണ് ഉന്നതവിദ്യാഭ്യാസമേഖലയിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത്. യുജിസി ഇറക്കുന്ന റഗുലേഷനുകളുടെ എണ്ണത്തിലുണ്ടായ സമീപകാല പെരുപ്പം മാത്രം മതി കാര്യങ്ങളുടെ ദിശ എങ്ങോട്ടാണ് എന്ന് കണ്ടെത്താൻ. പുത്തൻ വിദ്യാഭ്യാസ നയവും അമിതമായ അധികാരകേന്ദ്രീകരണത്തിന്റെ പാതയിൽ തന്നെയാണ് സഞ്ചരിക്കുന്നത്. ഓട്ടോണമസ് കോളജുകളുടെ ഭരണസമിതി എപ്രകാരം രൂപീകരിക്കണം എന്നത് തുടങ്ങി സിലബസിന്റെ സൂക്ഷ്മാംശങ്ങൾ വരെ സംസ്ഥാന സർക്കാരുകളെയും സർവകലാശാലകളെയും നോക്കുകുത്തികൾ ആക്കി നിർത്തി കേന്ദ്രം നേരിട്ട് തീരുമാനിക്കുന്ന

അവസ്ഥ ആണ് ഒട്ടുമിക്ക സംസ്ഥാനങ്ങളിലും നിലവിലുള്ളത്. ഇത്തരമൊരു സാഹചര്യത്തിൽ നടക്കാനിരിക്കുന്ന തെരഞ്ഞെടുപ്പും നമ്മുടെ മേഖലയും തമ്മിൽ പ്രത്യക്ഷബന്ധം കണ്ടെത്തൽ കേവലം ദുഷ്കരം തന്നെ.

എന്നാൽ ഏതൊരു രാജ്യത്തിലും സാമ്പത്തിക-സാമൂഹ്യ പ്രക്രിയകളുടെ ഭാഗമായി മാത്രമേ വിദ്യാഭ്യാസത്തിന് നിലനില്ക്കാൻ സാധിക്കുകയുള്ളൂ എന്ന് നമുക്ക് അറിയാം. വർഗീയത, അതിന്റെ ഭാഗമായി പ്രചരിപ്പിക്കപ്പെടുന്ന അന്ധവിശ്വാസങ്ങൾ, തികച്ചും അശാസ്ത്രീയവും രാജ്യത്തിന്റെ വിദ്യാഭ്യാസമേഖലയെ ബഹുദൂരം പുറകോട്ട് പിടിച്ചുവലിക്കുന്നതുമായ ആശയസംഹിതകൾ, സർവ്വകലാശാലകൾക്കും സാംസ്കാരിക സ്ഥാപനങ്ങൾക്കും എതിരായ കടന്നാക്രമണങ്ങൾ എന്നിവയാണ് രാജ്യവ്യാപകമായി ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. ഇത്തരമൊരു സാഹചര്യം യാദൃച്ഛികമായി വന്നുഭവിച്ചതല്ല. മറിച്ച് നവലിബറൽ സാമ്പത്തിക ചൂഷണത്തിന് കളമൊരുക്കാനും അതിനെതിരായി സ്വാഭാവികമായും ഉണ്ടാവുന്ന ജനരോഷത്തെ മറ്റ് വഴികളിൽ തിരിച്ചുവിടാനും ജനതയെ പല തട്ടുകളായി വിഭജിച്ചും രാജ്യത്തിനകത്ത് വ്യാജശത്രുക്കളെ ചൂണ്ടിക്കാണിച്ചും കപട ദേശാഭിമാനം പ്രചരിപ്പിച്ചും ഒരു ജനതയെ ആകെ വിഭജിച്ചു നിർത്തി ഭരിക്കുകയാണ് സംഘപരിവാർ ശക്തികൾ. അമിതമായ അധികാര കേന്ദ്രീകരണമാണ് ഓരോ മേഖലയിലും കാണാൻ കഴിയുക. സംഘപരിവാർ ശക്തികൾ വിഭാവനം ചെയ്യുന്ന ഏകശിലാരൂപിയായ രാജ്യത്തിന് കടകവിരുദ്ധമാണ് അധികാരവികേന്ദ്രീകരണത്തിൽ അധിഷ്ഠിതമായ തദ്ദേശസ്വയം ഭരണസ്ഥാപനം എന്ന സങ്കല്പം തന്നെ എന്നതാണ് ഈ സന്ദർഭത്തിൽ ഏറ്റവും പ്രസക്തമായ വസ്തുത. ബഹുസ്വരത, വൈവിധ്യം, നാനാത്വം, മതനിരപേക്ഷത, ഫെഡറലിസം എന്നീ ഉദാത്ത ദർശനങ്ങളെ പൂർണ്ണമായി എതിർക്കുന്ന സംഘപരിവാർ ശക്തികൾക്ക് തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പിൽ എന്താണ് കാര്യം എന്ന ചോദ്യം തീർച്ചയായും ജനങ്ങളുടെ ഇടയിൽ നിന്നും ഉയർന്നുവരേണ്ടതായിട്ടുണ്ട്. അതിലും പ്രധാനപ്പെട്ട

**ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ നേരവകാശം തങ്ങൾക്കാണ് എന്ന് നിരന്തരം പ്രഖ്യാപിക്കുന്ന കോൺഗ്രസ് ആവട്ടെ വിദേശ ഭരണത്തെ അനുസ്മരിപ്പിക്കുന്ന ദുരിതങ്ങൾ അനുഭവിക്കുന്ന ജനതയ്ക്ക് ഒട്ടും ആശ്വാസം എത്തിക്കാനാവാതെ ശിഥിലമായി നിൽക്കുകയാണ്. അവർ തന്നെ കൊണ്ടുവന്ന നവലിബറൽ നയങ്ങളുടേയും അതിനു അനുബന്ധമായി വന്ന കോർപ്പറേറ്റ് സംസ്കാരത്തിന്റെയും ഇരകളായി മാറിയ കോൺഗ്രസ് തങ്ങൾ ഭസ്മാസുരനാണ് വരം കൊടുത്തത് എന്ന് ഇപ്പോഴും തിരിച്ചറിയുന്നില്ല.**

മറ്റൊരു കാര്യം ഇത്തരത്തിൽ കൃത്രിമമായി സൃഷ്ടിക്കപ്പെട്ട ജനാധിപത്യവിരുദ്ധവും വർഗീയവൽക്കരിക്കപ്പെട്ടതും സൈനികവൽക്കരിക്കപ്പെട്ടതുമായ അന്തരീക്ഷം ഉന്നതവിദ്യാഭ്യാസരംഗത്ത് അവശ്യം വേണ്ട അന്വേഷണാത്മകതയെയും ശാസ്ത്രോന്മുഖതയെയും ഇല്ലാതാക്കും എന്നതാണ്. നിർഭയമായ അന്വേഷണങ്ങൾക്ക് തടയിട്ടുകൊണ്ട് ഇന്ത്യയിലെ വിജ്ഞാനോല്പാദന പ്രക്രിയയെ ആകെ തകിടം മറിക്കുകയും അതുവഴി അറിവിന്റെ മേഖലയിലും പരാശ്രയത്വവും അടിമത്തവും സൃഷ്ടിക്കുക എന്ന കോർപ്പറേറ്റ് അജണ്ട തന്നെയാണ് ഇവിടെയും വിജയിക്കുന്നത്.

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ നേരവകാശം തങ്ങൾക്കാണ് എന്ന് നിരന്തരം പ്രഖ്യാപിക്കുന്ന കോൺഗ്രസ് ആവട്ടെ വിദേശ ഭരണത്തെ അനുസ്മരിപ്പിക്കുന്ന ദുരിതങ്ങൾ അനുഭവിക്കുന്ന ജനതയ്ക്ക് ഒട്ടും ആശ്വാസം എത്തിക്കാനാവാതെ ശിഥിലമായി നില്ക്കുകയാണ്. അവർ തന്നെ കൊണ്ടുവന്ന നവലിബറൽ നയങ്ങളുടേയും അതിനനുബന്ധമായി വന്ന കോർപ്പറേറ്റ് സംസ്കാരത്തിന്റെയും ഇരകളായി മാറിയ കോൺഗ്രസ് തങ്ങൾ ഭസ്മാസുരനാണ് വരം കൊടുത്തത് എന്ന് ഇപ്പോഴും തിരിച്ചറിയുന്നില്ല. ചില സംസ്ഥാനങ്ങളിൽ ജനങ്ങൾ പ്രതീക്ഷയോടെ ഏൽപിച്ച ഭരണം നിലനിർത്താൻ പോലും സാധിക്കാതെ സ്വന്തം ജനപ്രതിനിധികൾ എതിർ പാളയത്തിലേക്ക് ചേക്കേറുന്നതും നോക്കി നിസ്സഹായരായി നില്ക്കുകയാണ് കോൺഗ്രസ് ദേശീയ നേതൃത്വം. സംഘപരിവാർ ഉയർത്തുന്ന അതേ മുദ്രാവാക്യം ഉയർത്തി തങ്ങൾക്കും അധികാരത്തിലേറാൻ പറ്റുമോ എന്ന് ശ്രമിക്കുന്ന കോൺഗ്രസിന് നിലവിലുള്ള കേന്ദ്രഭരണാധികാരികൾക്ക് ഒരു ബദലായി മാറാൻ കഴിയുമോ എന്ന ഗൗരവതരമായ സംശയം ജനങ്ങൾക്കിടയിൽ ഉയർന്നു വന്നിരിക്കുന്നു.

കലുഷമായ ഇത്തരമൊരു ദേശീയ സാഹചര്യത്തിലാണ് ജനോപകാരപ്രദമായ ഒട്ടേറെ നയങ്ങളും തീരുമാനങ്ങളും പരിപാടികളും ആവിഷ്കരിച്ചു നടപ്പിലാക്കിക്കൊണ്ട് ചെറുതെങ്കിലും ശക്തമായ ഒരു ബദൽ ഭരണമാതൃകയും ജീവിത

മാതൃകയും രാജ്യത്തിന് മുമ്പിൽ വെയ്ക്കാൻ കേരളത്തിന് സാധിച്ചിട്ടുണ്ട്. പൊതുവിദ്യാഭ്യാസരംഗത്ത് രാജ്യമാകെ ഉറ്റുനോക്കുന്ന മട്ടിലുള്ള അത്ഭുതാവഹമായ മാറ്റങ്ങളാണ് കേരളത്തിൽ ഉണ്ടായത്. ഉന്നതവിദ്യാഭ്യാസരംഗത്ത് ധാരാളം പുതിയ കോഴ്സുകൾക്ക് തുടക്കമിടാൻ സാധിച്ചു. ശ്രീനാരായണഗുരുവിന്റെ നാമധേയത്തിൽ ആരംഭിച്ച ഓപ്പൺ സർവ്വകലാശാല വിദ്യാഭ്യാസരംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾ സൃഷ്ടിക്കാൻ ഉള്ള സാധ്യതയാണ് തുറന്നിട്ടിരിക്കുന്നത്. രണ്ടു മഹാപ്രളയങ്ങളും ഒരു മഹാമാരിയും തകർത്ത് തരിപ്പണമാക്കിയ സമ്പദ്ഘടനയുടെ പരാധീനതകൾ നിലനിൽക്കേ തന്നെ വികസനപ്രവർത്തനങ്ങളിലും ജനക്ഷേമ പ്രവർത്തനങ്ങളിലും ജീവനക്കാർക്ക് ആശ്വാസം നൽകുന്ന മറ്റ് നടപടികളിലും യാതൊരു കുറവും സർക്കാർ വരുത്തിയില്ല. ഇത്തരം പ്രവർത്തനങ്ങൾ ഓരോന്നും ഇവിടെ വിവരിക്കേണ്ട കാര്യം ഇല്ല. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ തന്നെ പ്രവർത്തനങ്ങളും അത്തരം പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്താൻ അവയ്ക്ക് ശക്തി പകരുന്ന സർക്കാർ നയങ്ങളും തന്നെയാണ് ഈ തെരഞ്ഞെടുപ്പിൽ മുഖ്യസംവാദങ്ങളെ നയിക്കേണ്ടത്.

നമ്മുടെ സംഘടനയുടെ നിലവിലുള്ളതും സർവ്വീസിൽ നിന്നും വിരമിച്ചവരുമായ ഒട്ടേറെ പ്രവർത്തകർ ഈ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി സ്ഥാനാർത്ഥികളായി മത്സരിക്കുന്നു എന്നത് സന്തോഷകരമാണ്. കോളജ് അദ്ധ്യാപകരും അവർ ജീവിക്കുന്ന അതാത് ഇടങ്ങളിലെ ജനങ്ങളും തമ്മിലുള്ള ബന്ധത്തിന്റെ കരുത്ത് വിളിച്ചോതുന്നു അവരുടെ സ്ഥാനാർത്ഥിത്വം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ ജനപക്ഷത്ത് ഉറച്ചുനിന്നുകൊണ്ട് വൈജ്ഞാനികമായ മികച്ച സംഭാവനകൾ നൽകാൻ കഴിയുന്നവരാണ് ഇവരെല്ലാവരും. അവരുടെ വിജയത്തിനായി അതാതിടങ്ങളിൽ സാദ്ധ്യമായ എല്ലാ പ്രവർത്തനങ്ങളും ബന്ധപ്പെട്ട കമ്മിറ്റികൾ ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ഒപ്പം നമ്മുടെ പ്രവർത്തന മേഖലയായ എയ്ഡഡ് സംവിധാനത്തിന്റെ നിലനില്പ്, വിദ്യാഭ്യാസരംഗത്തിന്റെ പുരോഗതി ഉറപ്പുവരുത്താൻ സഹായിക്കുന്ന ഭരണഘടനാമൂല്യങ്ങൾ നിലനിൽക്കേണ്ടതിന്റെ ആവശ്യകത, അന്ധകാരം പടരുന്ന ഒരു രാജ്യത്ത് തിളക്കമാർന്ന ഒരു മാതൃകയായി കേരളം ഉയർന്നു നിൽക്കേണ്ടതിന്റെ പ്രസക്തി എന്നിവ തിരിച്ചറിഞ്ഞുകൊണ്ട് മുഴുവൻ കോളജ് അദ്ധ്യാപകരും തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങളിൽ മുഴുകേണ്ടതുണ്ട് എന്ന് അഭ്യർത്ഥിക്കാൻ കൂടി ഈ അവസരം വിനയപുരസരം വിനിയോഗിക്കുന്നു.

വീഡിയോ കാണുവാൻ ക്യൂആർ കോഡ് സ്കാൻ ചെയ്യുക.



ചലച്ചിത്ര ഗ്രന്ഥവുമായി ബന്ധപ്പെട്ട് പ്രത്യേക ജൂറി പരാമർശത്തിന് അർഹനായ ഡോ. രാജേഷ് M.R. ശ്രീകേരളവർമ്മ കോളേജ് തൃശ്ശൂർ. *സിനിമ മുഖവും മുഖംമൂടിയും* എന്ന ഗ്രന്ഥത്തിനാണ് പുരസ്കാരം. കോളേജ് ടീച്ചർ ജേർണൽ എഡിറ്റോറിയൽ അംഗമാണ്.



## സംസ്ഥാന ചലച്ചിത്ര അവാർഡ് ജേതാക്കൾക്ക് അഭിനന്ദനങ്ങൾ



ലേഖന വിഭാഗത്തിൽ പ്രത്യേക ജൂറി പരാമർശത്തിന് അർഹനായ സെബാസ്റ്റ്യൻ ജോസഫ്. ആലുവ യുസി കോളേജ് ചരിത്ര വിഭാഗം അധ്യാപകൻ. *ജെല്ലിക്കെട്ടിന്റെ ചരിത്ര പാഠങ്ങൾ* എന്ന ലേഖനത്തിനാണ് പുരസ്കാരം. AKPCTA UC കോളേജ് ബ്രാഞ്ച് സെക്രട്ടറി ആണ്.



# പൗരത്വത്തിന്റെ രാഷ്ട്രീയം

മതാധിഷ്ഠിതമായ ജീവിതവും ഇടപെടലുകളും വിശ്വാസവും സ്വകാര്യ വൃത്തങ്ങളിൽ പരിമിതപ്പെടുത്തപ്പെട്ട സാഹചര്യത്തിലാണ് ആധുനിക ജനാധിപത്യം ഏതൊരു സമൂഹത്തിലും വളർന്നതും വികസിക്കുന്നതും. എന്നാൽ മനുഷ്യചിന്തയുടെ മേലുള്ള നഗ്നമായ കടന്നാക്രമണം നടന്നുകൊണ്ടിരിക്കുന്ന ഘട്ടത്തിലാണ് നമ്മുടെ രാഷ്ട്ര സമൂഹത്തിൽ ഭരണഘടനയും മതനിരപേക്ഷപൗരത്വവും ഇന്ന് പൊതുചർച്ചയുടെ പുനർവായനയ്ക്ക് വിധേയമാക്കപ്പെട്ടുകൊണ്ടിരിക്കുന്നത്. ചരിത്രത്തിലെ ഏറ്റവും സങ്കീർണ്ണമായ കാലഘട്ടത്തിലൂടെയാണ് നാം പൊയ്ക്കൊണ്ടിരിക്കുന്നതെന്ന കാര്യം ആർക്കും വിസ്മരിക്കാനാകില്ല. എഴുപത്തിരണ്ട് വർഷക്കാലത്തെ രാഷ്ട്രീയ നിലനിൽപ്പിന്റെ പ്രശ്നങ്ങൾക്കപ്പുറം ഇന്ത്യൻ ജനാധിപത്യം ഇന്ന് നേരിടുന്ന ബഹുമുഖ പ്രതിസന്ധികളുടെ നിർണ്ണായകദശാസന്ധിയിൽ എല്ലാ മേഖലകളും ഇന്ന് ഒരുപോലെ ആശങ്കയിലാണ്.

1950 ജനുവരി 26 ന് നിലവിൽ വന്ന ഇന്ത്യയിലെ സമുന്നത നിയമസംഹിതയായ ഭരണഘടനയുടെ ആമുഖത്തിൽ രേഖപ്പെടുത്തിയ പ്രസക്തമായ കാര്യങ്ങൾ അവധാനതയോടെ നാം ഒരിക്കൽക്കൂടി പുനർവായനയ്ക്ക് വിധേയമാക്കപ്പെടേണ്ടിയിരിക്കുന്നു. ഭരണഘടനയുടെ ആമുഖത്തിൽ പറയുന്നത് പ്രകാരം “നമ്മൾ ഇന്ത്യൻ ജനത, ഇന്ത്യയെ ഒരു പരമാധികാര, സ്ഥിരസമത്വ മതനിരപേക്ഷ, ജനാധിപത്യ റിപ്പബ്ലിക്കായി സംവിധാനം ചെയ്യുന്നതിനും ഇന്ത്യയിലെ എല്ലാ പൗരന്മാർക്കും സാമൂഹികവും, സാമ്പത്തികവും, രാഷ്ട്രീയവുമായ നീതി, ചിന്ത,

**അഭിലാഷ് ടി.**
എസ്.എൻ. കോളേജ്, ചെമ്പഴന്തി





കടപ്പാട് : സൗത്ത് ഏഷ്യ ജേർണൽ

ആശയാവിഷ്ക്കാരം, വിശ്വാസം, ഭക്തി, ആരാധന എന്നിവയ്ക്കുള്ള സ്വാതന്ത്ര്യം, പദവി, അവസരങ്ങൾ എന്നിവയിലുള്ള സമത്വം എന്നിവ ഉറപ്പുവരുത്തുന്നതിനും വ്യക്തിയുടെ അന്തസ്സും രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും ഉറപ്പുവരുത്തുന്നതിനും സാഹോദര്യം എല്ലാവരിലും വളർത്തുന്നതിനും ദൃഢനിശ്ചയം ചെയ്തുകൊണ്ട് നമ്മുടെ ഭരണഘടനാ നിർമ്മാണ സഭയിൽ വച്ച്. 1949 നവംബർ 28-ാം തീയതി ഈ ഭരണഘടനയെ അംഗീകരിക്കുകയും നിയമമാക്കുകയും നമുക്കായി തന്നെ സമർപ്പിക്കുകയും ചെയ്യുന്നു”. മതേതരത്വം, സമത്വം എന്നീ വാക്കുകൾ 42-ാം ഭരണഘടനാ ഭേദഗതിയിലൂടെയാണ് കൂട്ടിച്ചേർക്കപ്പെട്ടതെങ്കിലും ഇന്ത്യൻ ഭരണഘടന എല്ലായ്പ്പോഴും മതേതര-സമത്വ ചിന്താഗതിയുടെ പ്രതിഫലനം സൃഷ്ടിച്ചുകൊണ്ടിരുന്നു. അത്തരമൊരു രാഷ്ട്രസംവിധാനത്തിൽ ഭരണഘടനയുടെ ഭാഗം മൂന്നിൽ (Part-III) അനുഛേദം 14 മുതൽ 32 വരെയുള്ള മൗലികാവകാശങ്ങളുടെ ഗളച്ഛേദം നടത്തുവാനായി ഭരണകൂട വക്താക്കൾ ഇന്ന് നിരന്തരം ശ്രമിച്ചുക്കൊണ്ടിരിക്കുകയാണ്. മതേതരമൂല്യങ്ങൾ യഥാവിധി നവോത്ഥാനം ചെയ്യപ്പെടുകയാണെങ്കിൽ മാത്രമേ നാം ഇന്ന് അകപ്പെട്ടിരിക്കുന്ന ഇരുളിന്റെ ഗർത്തങ്ങളിൽ നിന്ന് ഒരു യഥാർത്ഥ മോചനം പ്രതീക്ഷിക്കേണ്ടതുള്ളൂ. മതേതരത്വവും, ബഹുസ്വരതയും ഇന്ത്യയെന്ന വലിയ ഉപഭൂഖണ്ഡത്തിന് ആശയപരമായ ശ്രേഷ്ഠത മാത്രമല്ല നൽകുന്നത്. ഒരു രാഷ്ട്രമെന്ന നിലയ്ക്കുള്ള അതിന്റെ ഏകോപനത്തിനും, നിലനിൽപ്പിനുമുള്ള ജീവവായു കൂടിയാണ് പ്രദാനം ചെയ്തിരുന്നത്. മതരാഷ്ട്രവാദികൾ അധികാരത്തിലെത്തുമ്പോൾ അത് കേവലം രാഷ്ട്രീയ പ്രശ്നങ്ങളെ മാത്രമല്ല ബാധിക്കുന്നത്; മറിച്ച് നാം അഭിമാനിച്ചിരുന്ന സർവ്വ നന്മകളുടെയും നിരാസത്തെ കൂടിയാണ്.

ഇന്ത്യയിൽ വർഗ്ഗീയവാദികൾ സംസ്കാരത്തിന്റെ മഹത്വത്തെയും അന്യമത വിരോധത്തെയും രാഷ്ട്രീയ നേട്ടങ്ങൾക്കു വേണ്ടി വ്യാപകമായി ഉപയോഗിച്ച് പോരുന്നതാണ് രാജ്യത്തെ സമകാലിക കാഴ്ചകൾ. വൈവിധ്യത്തേയും ബഹുസ്വരതയേയും അംഗീകരിക്കുന്ന ആധുനിക ദേശീയ സങ്കൽപ്പത്തിന് തികച്ചും കടകവിരുദ്ധമായ വംശീയ രാഷ്ട്രസങ്കൽപ്പമാണ് ഹിറ്റ്ലറിനെ പോലെ തന്നെ വി.ഡി. സവർക്കറും, ഗോൾവാൾക്കറും മുന്നോട്ട് വച്ചിരുന്നത്. ജാതിവ്യവസ്ഥയെന്ന സാമൂഹിക മർദ്ദക സംവിധാനത്തെ ഒരു ശാശ്വത ഭരണകൂട രൂപമാക്കി മാറ്റുക എന്ന തന്ത്രം ഏറ്റവും തീക്ഷ്ണമായി സാക്ഷാത്കരിക്കുന്നത് അത്തരമൊരു രാഷ്ട്ര സങ്കൽപ്പത്തിലൂടെയാണ്. അതിന്റെ ഭാഗമായി ദേശീയതയെ ഭരണകൂടത്തിന് മേൽ ബോധപൂർവ്വം പ്രതിഷ്ഠിക്കുന്നു. പൊതു സമൂഹത്തിന്റെ അബോധമനസ്സിൽ അഭിനിവേശത്തിന്റെ സൂക്ഷ്മരൂപങ്ങൾ സന്നിവേശിപ്പിക്കലാണ് ഭരണകൂടാധികാരത്തിന്റെ സ്ഥൂലരൂപങ്ങൾ സ്ഥാപിക്കുന്നതിനേക്കാൾ മികച്ച തന്ത്രമെന്ന് അവരുടെ പിന്തുടർച്ച

ക്കാരായ ശക്തികൾ തിരിച്ചറിഞ്ഞിരിക്കുന്നു.

ഏകാത്മകമായ വംശീയത, ഭൂപ്രദേശം, മതം, സംസ്കാരം, ഭാഷ തുടങ്ങി അഞ്ച് ഘടകങ്ങളെ ആസ്പദമാക്കി പ്രവർത്തിക്കുന്ന ഗോൾവാക്കറിന്റെ ഒരു രാഷ്ട്രസങ്കൽപ്പം ആധുനിക ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്യുന്ന രാഷ്ട്ര സങ്കൽപ്പവുമായി യാതൊരു തരത്തിലും പൊരുത്തപ്പെട്ടു പോകില്ല. വി.ഡി സവർക്കർ മനുസ്മൃതിയെ പിന്തുടരാൻ ആഹ്വാനം ചെയ്തയാളായിരുന്നു. സ്വാതന്ത്ര്യാനന്തരം ഒരു ജനതയെന്ന നിലയിൽ നാം സ്വയം ഭരണഘടന രൂപപ്പെടുത്തിയതിന് ശേഷവും 'മനുസ്മൃതി'യെന്ന ഗ്രന്ഥത്തെ ചേർത്തുപിടിക്കാൻ ആണ് അവർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അതിന്റെ തെളിവാണ് ഇന്ത്യൻ ഭരണഘടനയ്ക്ക് ഏകദേശ രൂപമായപ്പോൾ തന്നെ 1949 നവംബർ 30 ന് ആർ.എസ്. എസ്. മുഖപത്രമായ 'ഓർഗനൈസറി'ന്റെ എഡിറ്റോറിയലിൽ പ്രകടമായ ആശയങ്ങൾ. അതായത് "എന്നാൽ നമ്മുടെ ഭരണഘടനയേയും പുരാതന ഭാരതത്തിലെ സവിശേഷമായ ഭരണഘടനാ വികാസത്തെക്കുറിച്ച് പരാമർശമില്ല. സ്പാർട്ടയിലെ ലൈകാർഗ്ഗസിനേക്കാളും, പേർഷ്യയിലെ സൊളനേക്കാളും വളരെ മുമ്പേ എഴുതപ്പെട്ടതാണ് മനുവിന്റെ നിയമങ്ങൾ. ഈ ദിവസം വരെയും മനുസ്മൃതിയിൽ രേഖപ്പെടുത്തപ്പെട്ടത് പോലെയുള്ള മനുവിന്റെ നിയമങ്ങൾ ലോകത്തിന്റെ തന്നെ ആരാധനാഭാവത്തെ ഉണർത്തുകയും സ്വതസിദ്ധമായ വിധേയത്വവും, അനുരൂപതയും ഏറ്റുവാങ്ങുകയും ചെയ്യുന്നു. എന്നാൽ നമ്മുടെ ഭരണഘടനാ പണ്ഡിതർക്ക് അതൊരു വിഷയമേ അല്ല. ആധുനിക ജനാധിപത്യസമൂഹത്തിന് ഒട്ടും ചേരുന്ന സമീപനമായി മേൽപ്പറഞ്ഞ വസ്തുതകളെ നമുക്ക് കാണാനാവില്ല". ഇവിടെ പോരാട്ടം നടക്കുന്നത് രണ്ട് പ്രത്യയശാസ്ത്രങ്ങൾ തമ്മിലാണ്. അതായത് മനുസ്മൃതിയും ഭരണഘടനയും തമ്മിലുള്ള നിരന്തരമായ സംഘർഷം വ്യക്തം. ഇന്ത്യയിൽ മതേതരപൗരത്വവും മനുഷ്യാവകാശങ്ങളും ഭരണഘടന വിഭാവനം ചെയ്യുമ്പോഴും രാഷ്ട്രത്തിനുള്ളിൽ തന്നെ ആഭ്യന്തര കൊളോണിയലിസം അടിച്ചേൽപ്പിക്കുന്നതും ഇരുണ്ടഭൂഖണ്ഡം സൃഷ്ടിക്കുന്നതുമായ അധമവ്യവസ്ഥയായ ജാതിയുടെ പ്രത്യയശാസ്ത്ര ഉപകരണങ്ങൾ ഭരണകൂടത്തിന്റെ പരോക്ഷ ഊർജ്ജസ്രോതസ്സുകളായി പ്രവർത്തിക്കുന്നതുകൊണ്ടാണ് ഇന്ന് പ്രത്യക്ഷ സഹായമില്ലാതെതന്നെ അത്തരം ശക്തികൾക്ക് നിലനിൽക്കാൻ കഴിയുന്നത്. അതിനെതിരെ ഒരു പുതിയ രാഷ്ട്രസമൂഹത്തെയാണ് ഫാഷിസ്റ്റ് വിരുദ്ധ രാഷ്ട്രീയ ശക്തികൾ ഇനിയങ്ങോട്ട് ലക്ഷ്യം വയ്ക്കേണ്ടത്.

വിഖ്യാത ചിന്തകനായ ഇമ്പെർട്ടോ ഇക്കോ 'Eternal Fascism essay' (1995) യിൽ ഫാഷിസത്തിന്റെ 14 അടിസ്ഥാന സ്വഭാവങ്ങളെക്കുറിച്ച് വിശദീകരിക്കുന്നത്. ഇന്ത്യൻ സാമൂഹിക സാഹചര്യത്തിൽ നാം പുനർവായിക്കപ്പെടേണ്ടതുണ്ട്. അന്ധമായ പാരമ്പര്യ ആരാധനയാണ് ഫാഷിസത്തിന്റെ ഒരു പ്രധാന സ്വഭാവമായി അദ്ദേഹം വിശദീകരിക്കുന്നത്. യുക്തിചിന്ത, സ്വതന്ത്രചിന്ത, ആധുനികതയോടുള്ള ഭയം, സംശയം, വിയോജിപ്പിക്കുകളെ വിശ്വാസവഞ്ചനയായി കാണുന്ന സമീപനം തുടങ്ങിയവയെല്ലാം ഫാഷിസത്തിന്റെ മുഖമുദ്രകളാണ്. ഫാഷിസം ചിന്തയ്ക്ക് ഇടമില്ലാത്ത അനുഷ്ഠാനങ്ങളിൽ അധിഷ്ഠിതമാണ്. ബഹുസ്വരതയെ ഫാഷിസം നിരന്തരം തിരസ്കരിക്കുന്നു. അന്യരാജ്യ വിദ്വേഷം അതിന്റെ ശക്തമായ ലക്ഷണമാണ്. ഫാഷിസം അപരത്വത്തെ നിർമ്മിച്ചെടുക്കുന്നു. ഫാഷിസം ഗൂഢാലോചനയിൽ അധിഷ്ഠിതമാണ്. സമാധാനം എന്ന ആശയമുയർത്തുന്നവർ ശത്രുക്കളുമായി ചേർന്ന് വഞ്ചിക്കുകയാണ് എന്ന നിരീക്ഷണം അത് സ്വയം നടത്തുന്നു. നഷ്ടപ്പെട്ട ഒരു സുവർണ്ണകാലത്തെ വീണ്ടെടുക്കാനുള്ള നിരന്തരസമരമായി ജീവിതത്തെ കാണുക. ദുർബലരോട് അവജ്ഞ പുലർത്തുക, ജനകീയമായ വരേണ്യത നിലനിർത്തുക, സ്ത്രീകൾ, ലൈംഗിക ന്യൂനപക്ഷങ്ങൾ എന്നിവരോട് നീന്ദാമനോഭാവം പുലർത്തുന്ന ആൺകോയ്മ നിലനിർത്തുക, ജീവിതത്തേക്കാൾ മരണത്തിന് പ്രാമുഖ്യം കൽപ്പിക്കുന്ന മൃത്യുപാസന കൊണ്ടുനടക്കുക. പാർലമെന്ററി സ്ഥാപനങ്ങളോട് വെറുപ്പ് വെച്ചു പുലർത്തുക. എല്ലാറ്റിനേയും കറുപ്പും വെളുപ്പുമായി കാണുന്ന ഒരു ഭാഷണം, വീരാരാധന ഇവയെല്ലാം ഇമ്പെർട്ടോ ഇക്കോയുടെ വീക്ഷണത്തിലുള്ള ഫാഷിസ്റ്റ് ലക്ഷണങ്ങളാണ്. ഇതെല്ലാം തന്നെയാണ് ഇന്ന് ഇന്ത്യയിൽ പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്ന സവർണ്ണ ഹിന്ദുത്വഫാഷിസത്തിന്റെ ലക്ഷണങ്ങളും. ഹിന്ദുത്വഫാഷിസത്തിന്റെ ഇന്ത്യൻ അടിത്തറയാകുന്നത് കടുത്ത ജാതിഭ്രാന്ത് കൂടിയാണെന്നും നാം തിരിച്ചറിയാതെ പോകരുത്.

വംശഹത്യയുടെ പത്ത് ലക്ഷണങ്ങൾ ഉദ്ധരിച്ചുകൊണ്ട് 'ജെനോസയിഡ് വാച്ച്' എന്ന സംഘടനയുടെ സ്ഥാപകനായ ഗ്രിഗറി സ്റ്റാന്റൺ അമേരിക്കയിലെ വാഷിംഗ്ടൺ ഡി.സി യിൽ നടത്തിയ പ്രഭാഷണം സമകാലിക ഇന്ത്യൻ സാഹചര്യത്തിൽ വായിക്കപ്പെടേണ്ടത് അത്യന്തം അനിവാര്യമാണ്. അദ്ദേഹം ഉയർത്തിക്കൊണ്ടു വന്ന പത്തു ലക്ഷണങ്ങൾ ഇവയാണ്. ഒന്നാമതായി, ജനങ്ങൾക്കിയിൽ 'നിങ്ങളും, ഞങ്ങളും' എന്ന വേർതിരിവ് സൃഷ്ടിച്ചെടുക്കലാണ്. രണ്ടാമതായി, ഇരയെ പരമാവധി അന്യവത്കരിക്കുക, മൂന്നാമതായി, മതം, വർഗം എന്നിവയുടെ അടിസ്ഥാനത്തിലുള്ള വിവേചനപരമായ പെരുമാറ്റം സൃഷ്ടിക്കുകയും അടുത്തപടിയായി രാഷ്ട്രീയ അവകാശങ്ങളും, മനുഷ്യാവകാശങ്ങളും നിഷേധിച്ചുകൊണ്ട് മൃഗതുല്യമായ ജീവിതത്തിലേയ്ക്ക് തള്ളിയിടുകയും വംശഹത്യയ്ക്കായ് ഘടനാപരമായ മാറ്റങ്ങൾ കൊണ്ടുവരുകയും ചെയ്യുക. എന്നാൽ ജനാധിപത്യ - മതേതര മൂല്യങ്ങളിൽ വിശ്വസിക്കുന്നവരാണ് ഇന്ത്യൻ ജനത എന്നതിന്റെ ശക്തമായ തെളിവുകളാണ് സ്വാതന്ത്ര്യാനന്തര ഇന്ത്യ കണ്ട സമാനകലില്ലാത്ത പൗരത്വവിരുദ്ധപ്രക്ഷോഭങ്ങൾ. ഭരണഘടനാ മൂല്യങ്ങളുടെ സംരക്ഷാർത്ഥം യുവത്വം തെരുവുകളിലേക്ക് ഒഴുകിയപ്പോൾ ഭരണകൂടത്തിന്റെ മർദ്ദനോപകരണങ്ങളുടെ ജനാധി

പത്യം വിരുദ്ധമായ കൊലകശാപ്പുകൾക്കാണ് രാജ്യം സമീപകാലത്ത് സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുന്നത്.

വി.ഡി. സവർക്കറിന്റെയും, എം.എസ് ഗോൾവാൾക്കറിന്റെയും, ഹിന്ദുത്വ ദേശീയതയാണ് സംഘപരിവാർ അതിന്റെ ഔദ്യോഗിക ദേശീയതയായി അംഗീകരിച്ചതും ഇന്ത്യൻ ജനതയ്ക്ക് മേൽ അടിച്ചേൽപ്പിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നതും ഗോൾവാക്കറുടെ 'We Our Nationhood Defined' എന്ന ഗ്രന്ഥത്തിൽ ഹിന്ദുമതത്തിന്റെയും ഹൈന്ദവസംസക്കാരത്തിന്റെയും അടിസ്ഥാനത്തിൽ രൂപം കൊള്ളേണ്ട രാഷ്ട്രത്തിൽ മുസ്ലീംങ്ങൾക്കും, ക്രിസ്ത്യാനികൾക്കും, ഇതര മതവിഭാഗങ്ങൾക്കും കമ്മ്യൂണിസ്റ്റുകൾക്കും സ്ഥാനമുണ്ടായിരിക്കില്ലെന്ന് ഉറപ്പിച്ച് പറയുന്നുണ്ട്. "The people in the country must be Hindus by religious and culture and consequently by language to be realy in the concept of Janapd a component of the rastra idea of ancient Hindus" ജർമ്മനിയിൽ ഹിറ്റ്ലർ നടപ്പിലാക്കിയ ജൂതഉന്മൂലനത്തെ പ്രകീർത്തിച്ചുകൊണ്ട് അത്തരം പരിപാടികൾ ഇന്ത്യയിൽ നടപ്പിലാക്കേണ്ടതാണെന്നും പ്രസ്തുത പുസ്തകത്തിൽ സൂചിപ്പിക്കുന്നുണ്ട്. അതായത്, സവർണ്ണ ഹൈന്ദവഫാഷിസത്തിന് കീഴിൽ ചിന്താസ്വാതന്ത്ര്യം, ആവിഷ്കാര സ്വാതന്ത്ര്യം എന്നിവയെല്ലാം അടിച്ചമർത്തപ്പെടുമെന്ന് അർത്ഥം. നൂറ്റാണ്ടുകളായി ജാതീയമായ ഇത്തരം അടിച്ചമർത്തലുകൾക്കും, ചൂഷണങ്ങൾക്കും,അപമാനനവീകരണത്തിനും വിധേയരായ കീഴാള ജനവിഭാഗങ്ങൾക്ക് തങ്ങളുടെ വിമോചനത്തിന്റെ വിഭിന്ന സാധ്യതകളിൽ ആദ്യത്തേത് എന്ന നിലയിൽ മതപരിവർത്തനത്തിന് തയ്യാറയതിന്റെ ഫലമായി മാത്രം ഹിന്ദുത്വ ശക്തികളുടെ നിരന്തര ആക്രമണങ്ങൾക്ക് ഇന്നും തുടർച്ചയായി ഇരയാക്കപ്പെട്ടുകൊണ്ടിരിക്കുകയെന്നത് മേൽപ്പറഞ്ഞ അജണ്ടയിൽ നിന്ന് നമുക്ക് മനസിലാക്കുവാൻ സാധിക്കും. സവർണ്ണ ഹിന്ദുഫാഷിസം ശക്തിപ്രാപിക്കുമ്പോൾ മേൽജാതിക്കാരെ പ്രണയിച്ചതിന് അസംഖ്യം കീഴ്ജാതിക്കാർ ജീവൻ ബലിയർപ്പിക്കേണ്ടി വരുന്നു. പ്രണയത്തിന്റെയും, പ്രണയവിവാഹത്തിന്റെയും പേരിൽ അഭിമാനഹത്യകൾ എന്ന പേരിൽ നീചമായ കൊലപാതകങ്ങൾ തുടർന്നുകൊണ്ടിരിക്കുന്നു. ഹോട്ടലുകൾ, പാർക്കുകൾ, പൊതുസ്ഥലങ്ങൾ തുടങ്ങിയ ഇടങ്ങളിലെല്ലാം ഒരുമിച്ചിരിക്കുന്ന ആൺ-പെൺ സൂഹൃത്തുക്കളെ കായികമായി നേരിട്ടുകൊണ്ടിരിക്കുന്നു.



ലൂയി അൽത്തൂസർ

ലൂയി അൽത്തുസർ തന്റെ പ്രത്യയശാസ്ത്രത്തെക്കുറിച്ച് (On Ideology) എന്ന വിശ്രുതലേഖനത്തിൽ രണ്ടുതരം ഭരണകൂട ഉപകരണങ്ങളെക്കുറിച്ച് പറയുന്നുണ്ട്. ഒന്ന് പ്രത്യക്ഷത്തിൽ തൊഴിലാളി വർഗ്ഗത്തിന് മേൽ ഉപയോഗിക്കുന്ന റിപ്രസ്സീവ് സംവിധാനം (Repressive Apparatus) മറ്റൊന്ന് പ്രത്യയശാസ്ത്ര ഭരണകൂട ഉപകരണം (Ideological State Apparatus). ഇന്ത്യയിൽ ഹിന്ദുത്വഫാഷിസം ഒന്നാമത്തെ സംവിധാനമാണ് വ്യാപകമായി ഉപയോഗപ്പെടുത്തിക്കൊണ്ടിരി

ക്കുന്നത്. അത് ആഘാതമേൽപ്പിക്കുന്നതാവട്ടെ ഇന്ത്യ എന്ന ബഹുസ്വരസമൂഹത്തിന്റെ അടിസ്ഥാനമേഖലകളെ കൂടിയാണെന്നു പറയാതെ വയ്യ. നമ്മുടെ ജനാധിപത്യ രാഷ്ട്രത്തിന്റെ അടിസ്ഥാന സങ്കല്പങ്ങൾക്ക് സംഭവിച്ച ശോഷണത്തിന്റെ പരിണതിയാണ് സമീപകാലത്ത് രാജ്യത്ത് നടന്ന പൗരത്വപ്രശ്നമടക്കമുള്ള വ്യത്യസ്ത രീതിയിലുള്ള ബഹുജനപ്രക്ഷോഭങ്ങൾ., ബ്രീട്ടീഷ് സാമ്രാജ്യത്വത്തിന്റെ 'വിഭജിച്ച് ഭരിക്കുക' (Divide and Rule) എന്ന തന്ത്രം തന്നെയാണ് ഇന്ന് രാജ്യത്തിനകത്തെ വർഗീയശക്തികളും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത് എന്ന് വ്യക്തം. രാഷ്ട്രീയ സ്വാതന്ത്ര്യം നേടി ഏഴ പതിറ്റാണ്ട് പിന്നിട്ടിട്ടും നാം ഇന്നും സ്വയം അത്തരം പ്രശ്നങ്ങളിൽ നിന്ന് മോചിപ്പിക്കപ്പെട്ടിട്ടില്ലെന്നതാണ് ദേശീയ യാഥാർത്ഥ്യം. ജനാധിപത്യ രാജ്യമെന്ന നിലയിൽ നിന്ന് ഇന്ത്യയെ ഒരു മതരാഷ്ട്രമാക്കി മാറ്റാനുള്ള പ്രക്രിയയിൽ അന്താരാഷ്ട്ര മുതലാളിത്തത്തിന്റെ സഹായം ആവശ്യമുണ്ടെന്ന് കഴിഞ്ഞ കുറച്ചുകാലമായി ആർ.എസ്.എസ് മനസ്സിലാക്കിയിട്ടുണ്ടെന്ന് വേണം വിലയിരുത്താൻ. ഇതിനു വേണ്ടി കൂടിയാണ് ഇന്ത്യയുടെ കണ്ണായ പൊതമേഖലാ സ്ഥാപനങ്ങളെ വിദേശകുത്തകകൾക്ക് വിറ്റുകൊണ്ടിരിക്കുന്നത്. ബ്രിട്ടീഷ് കൊളോണിയൽ കാലത്തുണ്ടായിരുന്നതിനേക്കാൾ അതിരൂക്ഷമായ വിദേശ ചൂഷണത്തിനാണ് ഇന്ത്യ ഇന്ന് തുറന്നുവയ്ക്കപ്പെട്ടിരിക്കുന്നത്. രാമജന്മഭൂമി, അനുഛേദം 370, മുത്തലാഖ്, പൗരത്വ രജിസ്റ്റർ തുടങ്ങിയ വിഷയങ്ങളിലെല്ലാം കൃത്യമായ ആസൂത്രണത്തോടെയാണ് ഹിന്ദുത്വശക്തികൾ പദ്ധതികൾ മുന്നോട്ടു കൊണ്ടു പോകുന്നത്. ഇന്ത്യൻ കുത്തകകളുടെ രക്ഷിതാവ് എന്ന നിലയിൽ നിന്നും വിദേശ കുത്തകകളുടെ ആശ്രിതൻ എന്ന നിലയിൽ ഭരണകൂടം ഇപ്പോൾ വഴിമാറി സഞ്ചരിക്കുകയാണിന്ന്.

ജനാധിപത്യ-മതേതര മൂല്യങ്ങൾ പിന്തുടരുന്നൊരു രാജ്യത്തെ മതരാഷ്ട്രമാക്കി മാറ്റാൻ കാലങ്ങളായി ആവിഷ്ക്കരിച്ച തന്ത്രങ്ങൾ പ്രായോഗികതലത്തിലെക്കെത്തിക്കാനുള്ള ശ്രമങ്ങളുടെ ഭാഗമായ നീക്കങ്ങളിൽ ഒടുവിലത്തേതാണ് പാർലമെന്റ് സമീപകാലത്ത് പാസ്സാക്കിയ പൗരത്വനിയമം. മതാടിസ്ഥാനത്തിൽ പൗരത്വം നടപ്പിലാക്കി ഭരണഘടന ഉറപ്പു നൽകുന്ന മതേതര മൂല്യങ്ങളെ പരസ്യമായി കൊലമരത്തിലേറ്റാനാണ് ഭരണകൂടം അതിലൂടെ ശ്രമിച്ചത്. മതപരമായ വിവേചനം അടിസ്ഥാനമാക്കി രൂപം കൊടുക്കപ്പെട്ട പൗരത്വ ഭേദഗതി നിയമം 2019 ന്റെ തൊട്ടു പിന്നാലെ വന്ന ദേശീയ പൗരത്വ രജിസ്റ്റർ ഉയർത്തുന്ന ചോദ്യങ്ങളും നിരവധിയാണ് എന്ന കാര്യത്തിൽ തർക്കമൊന്നുമില്ല. 1955-ൽ നമ്മുടെ ഭരണഘടനാ നിർമ്മാതാക്കൾ ബ്രിട്ടനിൽ നിന്ന് കടമെടുത്ത് ഇന്ത്യയിലേക്ക് കൊണ്ടു വന്ന ഒരു ആശയമാണ് ഏകപൗരത്വ വ്യവസ്ഥ.



റോഹിംഗ്യൻ അഭയാർത്ഥികൾ




കടപ്പാട് : റിബൽ പൊളിറ്റിക്സ്

വിവിധ ഘട്ടങ്ങളിൽ ഇന്ത്യയുടെ സാമൂഹിക അന്തരീക്ഷത്തിനുത കുന്ന രീതിയിൽ വൈവിധ്യങ്ങളെ ഉൾക്കൊണ്ട് തന്നെ ഭരണഘടന യിൽ ഭേദഗതികൾ നടത്തപ്പെട്ടി ട്ടുണ്ടെങ്കിലും ഇപ്പോൾ നടക്കുന്ന ഭേദഗതി സാമുദായികവൽക്കരണം മാത്രമാണെന്നാണ് പൊതുവിൽ തിരിച്ചറിയേണ്ടതുണ്ട്. പൗരത്വഭേദ ഗതി നിയമം മതപരമായ വിവേച നത്തെ പ്രോൽസാഹിപ്പിക്കുന്നതും നിയമത്തിനു മുമ്പാകെ തുല്യാതാ വകാശം നൽകുന്ന അനുഛേദം 14 ന്റെ അന്തസത്തയ്ക്ക് നിരക്കാത്ത ഭരണഘടനാ വിരുദ്ധത കൂടിയായി മാറുകയാണിന്ന്.

പാകിസ്ഥാൻ, അഫ്ഗാനിസ്ഥാൻ, ബംഗ്ലാദേശ് തുടങ്ങിയ രാജ്യങ്ങളി ലെ മനുഷ്യാവകാശ ധ്വംസനങ്ങൾ ചൂണ്ടിക്കാട്ടി മുസ്ലീം ഇതരകുടിയേ റ്റക്കാർക്ക് പൗരത്വം നൽകുന്നതി ന്റെ മറവിൽ ഇന്ത്യയിലെ മുസ്ലീം പൗരനുള്ള നിമയപരമായി ജീവി ക്കാനുള്ള അവകാശം ചോദ്യം ചെ യ്യുകയാണ് ഹൈന്ദവ ഫാഷിസ്റ്റ് ശക്തികളുടെ അടിസ്ഥാനപരമായ ബംഗ്ലാദേശിൽതന്നെ പീഢിപ്പിക്ക പ്പെടുന്ന ഇസ്ലാംമതവിശ്വാസികൾ, പാകിസ്ഥാനിലെ അഹമ്മദീയ വിഭാഗക്കാർ, റോഹിങ്ഗ്യൻ വം ശജർ, ശ്രീലങ്കൻ തമിഴർ തുടങ്ങി യവരുടെ കാര്യത്തിലൊക്കെ ഈ നിയമം സ്വയം നിശബ്ദമാവുന്നു എന്ന നമുക്ക് എളുപ്പത്തിൽ മനസി ലാക്കുവാൻ കഴിയും. ഭരണകൂടത്തി ന്റെ മുസ്ലീം വിരുദ്ധ മനോഭാവവും, വർഗ്ഗീയ ദുരുദ്ദേശവുമാണ് ഇത് കാണിക്കുന്നത്. കുടിയേറ്റം സംബ ന്ധിച്ച എല്ലാ അന്തരാഷ്ട്ര ഉടമ്പടി കളുടെയും വ്യവസ്ഥാപിത നിയ മങ്ങളുടെയും നഗ്നമായ ലംഘനം കൂടിയാണ് ഇന്ത്യൻ പാർലമെന്റ് ഈയ്യിടെ പാസ്സാക്കിയിരിക്കുന്ന ദേശീയ പൗരത്വനിയമം

മനുഷ്യത്വമില്ലാത്ത പൗരത്വനി യമത്തെ എതിർക്കപ്പെടേണ്ടതെ ന്തുകൊണ്ടെന്നാൽ ഒന്നാമതായി, ജനങ്ങൾക്കിടയിൽ മതാടിസ്ഥാ നത്തിലുള്ള വിവേചനത്തെ പ്രോത്സാഹിപ്പിക്കുന്നുവെന്നത് തന്നെയാണ്. രണ്ടാമതായി, പൗ രത്വത്തിന് അടിസ്ഥാനം മതം മാത്രമായി മാറും എന്നതിനാൽ, ഇന്ത്യയിൽ ജീവിക്കുന്ന എല്ലാവരും നിയമത്തിന് മുമ്പാകെ തുല്യരാണെ ന്ന് പ്രഖ്യാപിക്കുന്ന ഭരണഘടനയി ലെ ആർട്ടിക്കിൾ 14 ന്റെ നഗ്നമായ ലംഘനമായി മാറരുത് എന്നതി നാലാണ്. മൂന്നാമതായി, ബംഗ്ലാദേ ശിൽ നിന്നുള്ള ഹിന്ദു അഭയാർത്ഥി കളെ പോലും യഥാർത്ഥത്തിൽ ഈ നിയമം സഹായിക്കുന്നില്ല. കാരണം അവർ ബംഗ്ലാദേശ്, പാകിസ്ഥാൻ, അഫ്ഗാനിസ്ഥാൻ എന്നിവയിലേതിലെങ്കിലും ഒരു രാജ്യത്തെ മതപരമായ പീഢന ത്തിന് വിധേയരായ പൗരന്മാരാ ണ് എന്ന തെളിയിക്കേണ്ടതുണ്ട്. എന്നാൽ അത്തരമൊരു കാര്യം ഒട്ടും എളുപ്പമല്ല താനം. മറ്റൊരു കാര്യം ദേശീയ പൗരത്വരജിസ്റ്റ റിൽ നിന്ന് ഒഴിവാക്കപ്പെട്ട ആസ്സാ മിലുള്ളവർക്ക് ഇന്ത്യൻ പൗരത്വപ ദവി നൽകാനാണ് നീക്കമെങ്കിൽ പൗരത്വഭേദഗതി നിയമപ്രകാരം അവർ തെളിയിക്കേണ്ടത് തങ്ങൾ പീഢിക്കപ്പെടുന്ന ബംഗ്ലാദേശ് പോലുള്ള രാജ്യങ്ങളിലെ പൗരന്മാ രാണ് എന്നാണ്. എന്നാൽ ദേശീയ പൗരത്വരജിസ്റ്റർ ആവശ്യപ്പെടുന്ന താവട്ടെ അവർ യഥാർത്ഥത്തിൽ ഇന്ത്യക്കാരാണെന്ന് തെളിയിക്ക ണമെന്നാണ്. അതായത്, ഈ രണ്ട് നിബന്ധനകളും പരസ്പര വിരുദ്ധങ്ങളാകയാൽ ഭരണകൂടം അവകാശപ്പെടുന്നതുപോലെ ഇത് അസ്സമിൽ പൗരത്വം നിഷേധിക്ക പ്പെട്ടവരെയെന്നും യഥാർത്ഥത്തിൽ സഹായിക്കാൻ പോകുന്നില്ല

എന്നത് യാഥാർത്ഥ്യമായി മാറും. മറ്റൊരു ചിന്തനീയ വിഷയം എന്തെന്നാൽ ഹിന്ദുജനതയുടെ സ്വന്തം ദേശമാണ് ഇന്ത്യയെന്നും, ഇന്ത്യ ഹിന്ദുരാഷ്ട്രമാണെന്നുമുള്ള ഫാഷിസ്റ്റ് അജണ്ട നടപ്പിലാക്കുക എന്നത് കൂടിയാണ്. ഏറ്റവും ഒടുവിലായി ഉയർത്തപ്പെടുന്ന സന്ദേഹം എന്നത്, ദേശീയ പൗരത്വ രജിസ്റ്റർ രാജ്യം മുഴുവൻ നടപ്പാക്കുമെന്ന കേന്ദ്രമന്ത്രി അമിത്ഷായുടെ പ്രസ്താവനയോട് ചേർത്ത് വെച്ചു വേണം ഈ നിയമം നിർമ്മിക്കാൻ പ്രേരിപ്പിക്കപ്പെട്ട കടില അജണ്ടയെ വിലയിരുത്തുവാൻ. മുസ്ലീങ്ങളല്ലാത്ത മറ്റു രാജ്യങ്ങളിൽ നിന്നുള്ള ആറു മതവിഭാഗക്കാർക്ക് പൗരത്വം നൽകുമെന്നുള്ള വ്യവസ്ഥയുടെ ഇരകളാൻ പോകുന്നത് രാജ്യത്തെ മുസ്ലീങ്ങളാണെന്ന വർദ്ധിച്ച ഭയം ദിനംപ്രതി വർദ്ധിച്ചുവരുകയാണ്. ഇത്തരമൊരു രാഷ്ട്ര സാഹചര്യത്തിൽ മതത്തിന്റെ പൊതുയിടങ്ങളിലെ സാന്നിദ്ധ്യത്തെ ക്രമീകരിക്കുകയെന്നത് ജനാധിപത്യത്തിന്റെ അടിസ്ഥാന നിലനിൽപ്പിന് തന്നെ അത്യന്താപേക്ഷിതമാണ്. എന്നാൽ നിർഭാഗ്യകരമെന്ന് പറയട്ടെ. വിശ്വാസത്തിന്റെ ഉന്മാദത്തിലൂടെ അണികളെ അടിമത്തത്തിലേക്കും, അടിച്ചമർത്തലുകളിലേക്കും എത്തിക്കാനുള്ള എളുപ്പവഴിയായി മതത്തെ മാറ്റിയെടുക്കുന്ന പ്രക്രിയയമാണ് ഇന്ന് നമ്മുടെ സമൂഹത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

മതാധിഷ്ഠിത സമൂഹത്തിലെ ജനങ്ങൾ ജനാധിപത്യസമൂഹത്തിലെ ജനങ്ങളെപ്പോലെ സ്വതന്ത്രചിന്തയോ, സർഗാത്മക ആവിഷ്ക്കാരമോ, മൗലികാവകാശങ്ങളോ, സ്ത്രീ സ്വതന്ത്ര്യമോ എന്താണെന്ന് യഥാർത്ഥത്തിൽ അറിയുന്നില്ല. അതിനു പകരം ഫാഷിസത്തിന്റെ ദുരന്തഗർത്തത്തിലേക്ക് ശരാശരി ഇന്ത്യൻ ആകർഷിക്കപ്പെടുകയെന്നത്, വെടിക്കെട്ടു വയലിലേക്ക് കാഴ്ച കാണാൻ പോകുന്നത് പോലെയാണ്. മാനത്ത് മാരിവില്ലുകളും, ഇന്ദ്രജാലും സൃഷ്ടിച്ച് മയക്കിയ ശേഷം മനുഷ്യരെ കൂട്ടത്തോടെ കരിച്ചീളുകളാക്കുന്ന മാസ്മരിക വിദ്യതന്നെയാന് ഹൈന്ദവഫാഷിസം ഇന്ന് ഇന്ത്യയിൽ നടത്താൻ ഇറങ്ങിപ്പുറപ്പെട്ടിരിക്കുന്നത്. മരണത്തിന് മുമ്പ് സൃഷ്ടിക്കപ്പെടുന്ന വിഭ്രാന്തമായ കാഴ്ചകളിൽ മനം മയങ്ങി ദുരന്തത്തിലേക്ക് പതിക്കുന്ന ജനങ്ങളെ തന്നെയാണ് ഫാഷിസത്തിന്റെ ആൾക്കൂട്ട മനശാസ്ത്രം എന്ന ഗ്രന്ഥത്തിൽ വിൽഹം റീഗ് ചൂണ്ടിക്കാട്ടിയിട്ടുള്ളത്. മാരകമായ സ്ഫോടകവസ്തുക്കളിലെ ഘോര വിഷം മാത്രമാണ് പാതിരാവിൽ ആകാശത്ത് മഴവില്ലുകൾ സൃഷ്ടിക്കുന്നത്. കരിമ്പാറകളെപ്പോലും ചിതറിത്തെറിപ്പിക്കാൻ ഉഗ്രശേഷിയുള്ള അതേ വിഷം തന്നെയാണ് മാനത്ത് വർണ്ണപുഷ്പങ്ങളും, മായികചിത്രങ്ങളും പ്രകാശഗോളങ്ങളും പ്രദർശിപ്പിക്കാനായി ഹൈന്ദവ ഫാഷിസം രാജ്യത്ത് ജനങ്ങൾക്കായി കരുതി വെച്ചിരിക്കുന്നത്. അത് വിടർത്തുന്ന പൂക്കൾക്ക് സുഗന്ധമില്ലെന്നും പ്രകാശത്തിന് പ്രകാശമില്ലെന്നും അത് കേവലം മായാകാഴ്ചകൾ മാത്രമാണെന്നും അറിയാത്ത പൗരന്മാരല്ല അതിലേക്ക് ഈയാംപാറ്റകളെപ്പോലെ ആകർഷിക്കപ്പെടുന്നത്. ഭൂമിയിലെ യഥാർത്ഥ പുഷ്പങ്ങളുടെ മനോഹാരിതയെക്കാൾ അവയെ ഇഷ്ടപ്പെടുന്ന മനുഷ്യമനസ്സിന്റെ പ്രഹേളികയിലാണ് ഫാഷിസം അതിന്റെ താഴ്വേരുറപ്പിച്ചിരിക്കുന്നത്. അതിനാൽ അധികാരത്തോടുള്ള കടുത്ത ആസക്തി, ഉയർന്ന ജീവിതം നയിക്കാനുള്ള ത്വര, പാർലമെന്ററി വ്യാമോഹം, ഉള്ളിലൊളിപ്പിച്ച് ഹിന്ദുത്വപ്രത്യയശാസ്ത്രത്തിന്റെ പുറത്തു ചാടൽ, മൃദുഹിന്ദുത്വം, ന്യൂനപക്ഷവിരോധം, പുതിയ കുടുംബ-ജീവിത ബന്ധങ്ങൾ, അടിസ്ഥാനപരമയ കമ്മ്യൂണിസ്റ്റ് വിരോധം. പുരുഷാധിവേശത്തിന് കീഴ്പ്പെടൽ തുടങ്ങയ ബഹുമുഖ മാനസിക പ്രവണതകളെ മേൽപ്പറഞ്ഞ ഫാഷിസം നിഷ്പ്രയാസം കീഴടക്കുകയാണ് ഇന്ന് നമ്മുടെ രാജ്യത്തെങ്ങും. കാലാഹരണപ്പെട്ട മതസംഹിതകളാൽ അന്ധരാക്കപ്പെട്ട ജനതയെ പരാജിതരായ മനുഷ്യക്കൂട്ടങ്ങൾ എന്നുതന്നെ പൊതുവിൽ നമുക്ക് ഭാവിയിൽ വിളിക്കേണ്ടി വരും. അത്തരമൊരു സാഹചര്യം ഒഴിവാക്കാൻ പരാജയങ്ങളിൽ പതറിപ്പോവാതെ, പച്ചക്കള്ളങ്ങളുടെ പ്രതലത്തിൽ ജീവിക്കാതെ പോരാട്ടവും, പ്രതിരോധവും സമന്വയിപ്പിച്ചുകൊണ്ട് കർമ്മധീരമായ് മുന്നേറാൻ സാധിക്കേണ്ടതുണ്ട്. അടിച്ചമർത്തപ്പെടുന്നവരുടെ ആത്മരോദനങ്ങൾക്ക് അക്ഷരശക്തിയുടെ അത്ഭുത വെളിച്ചം പകർന്ന് ജനാധിപത്യത്തെയും, മതേതരത്വത്തെയും സുസംഘടിതമാക്കി മാറ്റി ഇന്നിന്റെ പൊള്ളുന്ന യാഥാർത്ഥ്യങ്ങളുടെ ഉള്ളറകളിലേക്ക് ഇറങ്ങിച്ചെന്ന് ജനപഥങ്ങളെക്കൊണ്ട് സാമൂഹ്യജാഗ്രതയുടെ മൂന്നാം കണ്ണുകൾ തുറപ്പിക്കാൻ ആവണം. രാഷ്ട്രശരീരത്തിന്റെ പൊതുബോധം നിർണ്ണയിക്കുന്നതിൽ കലാലയങ്ങളുടെ പങ്ക് മറ്റെന്തിനെക്കാളും മുന്നിലും മുകളിലാണെന്ന തിരിച്ചറിവോടെ പുതിയ പോരാട്ടങ്ങൾക്ക് മാനവികതയുടെ പിൻബലമേകി പുരോഗമന ജനാധിപത്യ-മതനിരപേക്ഷ മനസ്സുകളുടെ ശക്തമായ കൂട്ടായ്മ ഭരണഘടനാധിഷ്ഠിതമായി തന്നെ സൃഷ്ടിച്ച് ഹൃദയപക്ഷത്തേക്ക് ആകർഷിക്കുവാൻ കലാലയസമൂഹത്തിന് കഴിയണം. ചൂഷകന്റെയും മർദ്ദകന്റെയും ആയുധപ്പുരയ്ക്ക് നേരം പുരോഗമനആശയത്തിന്റെ ഒരു തീപ്പന്തമെങ്കിലും വലിച്ചെറിയുന്നവൻ മാത്രമേ വർത്തമാനകാല ഇന്ത്യയിൽ ഒരു യഥാർത്ഥ പൗരനായി ജീവിക്കുന്നുള്ളൂ.

*സഹായകഗ്രന്ഥങ്ങളും, പ്രസിദ്ധീകരണങ്ങളും*

1. ഡോ. എം. വി. പൈലി, ഇന്ത്യൻ ഭരണഘടന, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം-2014
2. പി.പി. സത്യൻ, ഫാഷിസത്തിന്റെ രാഷ്ട്രീയ മനശാസ്ത്രം, ചിന്ത, പബ്ലിഷേഴ്സ് തിരുവനന്തപുരം-2017
3. Louis Althuser's Work Idology & Idological State Apparatus, 1970
4. Dr. M.V. Pilee, India's Constitution, S. Chand & Company Ltd. new Delhi-2002
5. Umberto Eco, Ur-Fascosm
6. M.S. Gol Walker, We out Nationhood defined.
7. V.D. Savarkar, Women in Manusmriti, in Savarker's Samagar, Prabhath, Delhi, Volume IV
8. The Organizer 1949 December -30

# മാഞ്ഞൂ നിത്യനിർമ്മല പൗർണ്ണമി

**ഡോ. നിത്യ പി. വിശ്വം**
എസ്.എൻ. കോളേജ്,
ശിവഗിരി, വർക്കല



മലയാളകവിതയിലെ മഹാകവികളിലെ അവസാനകണ്ണിയാണ് അക്കിത്തം അച്യുതൻ നമ്പൂതിരി. ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസകാരൻ. നിത്യമേഘത്തിന്റെ ഉപാസകൻ. വെണ്ണക്കല്ലിന്റെ കഥ പാടിയവൻ. ബലിദർശനമാർന്നവൻ. കവിത, ചെറുകഥ, നാടകം, ഉപന്യാസം, വിവർത്തനം എന്നീ മേഖലകളിലായി അമ്പതിലധികം കൃതികൾ രചിച്ചിട്ടുണ്ട് അദ്ദേഹം. സാഹിത്യ രംഗത്തെ സമഗ്രസംഭാവനകളെ മാനിച്ച് 2019-ലെ ജ്ഞാനപീഠ പുരസ്കാരവും (ഭാരതത്തിന്റെ പരമോന്നത ബഹുമതി) 2008ലെ എഴുത്തച്ഛൻ പുരസ്കാരവും (കേരളത്തിന്റെ പരമോന്നത ബഹുമതി) അക്കിത്തത്തിന് ലഭിച്ചു.

1926 മാർച്ച് 18-ന് പാലക്കാട് ജില്ലയിലെ കുമരനല്ലൂരിലാണ് അക്കിത്തം അച്യുതൻ നമ്പൂതിരി ജനിച്ചത്. സ്വാതന്ത്ര്യസമരവും നവോത്ഥാനശ്രമങ്ങളും കൊടുമ്പിരിക്കൊണ്ട കാലത്ത്



ജനിച്ചുവളർന്ന അക്കിത്തത്തെ ഒരേ മട്ടിൽ പരമ്പരാഗതവും പുരോഗമനാത്മകവുമായ ആശയങ്ങൾ സ്വാധീനിച്ചിട്ടുണ്ട്. ഋഗ്വേദവും വേദാന്തവും ചിത്രകലയും സംഗീതവും ജ്യോതിഷവും ബാല്യത്തിലേ അഭ്യസിച്ചു. ഇംഗ്ലീഷ്, തമിഴ്, സംസ്കൃതം, കണക്ക് എന്നിവയിൽ പ്രാഗത്ഭ്യം ഉണ്ടായിരുന്നു. ഉണ്ണി നമ്പൂതിരിയുടെ പ്രസാധകനായും മംഗളോദയത്തിന്റേയും യോഗക്ഷേമത്തിന്റേയും സഹപത്രാധിപരായും സേവനമനുഷ്ഠിച്ചു. അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്, കുട്ടകൃഷി എന്നീ നാടകങ്ങളിൽ അഭിനയിച്ചു. കോഴിക്കോട് ആകാശവാണി നിലയത്തിൽ സ്ക്രിപ്റ്റ് എഴുത്തുകാരനായും തൃശ്ശൂർ നിലയത്തിൽ എഡിറ്ററായി പ്രവർത്തിച്ചു. 1947-ലെ പാലിയംസത്യാഗ്രഹത്തിൽ പങ്കെടുത്തിട്ടുണ്ട്.

ഇ.എം.എസ്. ഉൾപ്പെടെയുള്ള കമ്മ്യൂണിസ്റ്റ് നേതാക്കളുമായി അടുത്ത ബന്ധം പുലർത്തിയിരുന്ന അക്കിത്തം 'ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം' എഴുതിയതിനെത്തുടർന്ന് കമ്യൂണിസ്റ്റ് വിരുദ്ധനായി മുദ്രകുത്തപ്പെട്ടു. 1952-ലെ സഞ്ജയൻ അവാർഡ് ഈ കവിതയ്ക്ക് ലഭിച്ചതോടെ കവിയും കവിതയും പരക്കെ ശ്രദ്ധാകേന്ദ്രമായി. ആധുനിക മലയാളകവിതാചരിത്രത്തിൽ മാറ്റിനിർത്താനാവാത്ത സ്ഥാനമുറപ്പിക്കാൻ ആ കവിതയ്ക്ക് കഴിഞ്ഞു. 'വെളിച്ചം ദുഃഖമാണുണ്ണീ തമസ്സല്ലോ സുഖപ്രദം' എന്ന് സ്ഥാനത്തും അസ്ഥാനത്തും ഉരുവിടാത്ത ഒരു മലയാളിയും ഇല്ലെന്നായി. പറഞ്ഞുപറഞ്ഞ് അക്കിത്തത്തെ ഇരുട്ടിന്റെ ഉപാസകനാക്കി. ജീവിതാഹ്ലാദങ്ങളുടെ നൈമിഷികതയാണ് താനർത്ഥമാക്കിയതെന്ന് കവിക്ക് വിശദീകരിക്കേണ്ടിവന്നു. കമ്മ്യൂണിസത്തിന്റെ ആദർശങ്ങളോടായിരുന്നില്ല അദ്ദേഹത്തിന് അപ്രിയം. കൽക്കട്ടാതീസിസിനെ തുടർന്ന് പാർട്ടി സ്വീകരിച്ച അപരത്വവിദ്വേഷത്തെയും ഹിംസാത്മകതയെയുമാണ് കവി അകറ്റി നിർത്തിയത്. വെറുപ്പിന്റെ പേരിലുള്ള ഒരു തത്ത്വശാസ്ത്രവും അദ്ദേഹത്തിന് സ്വീകാര്യമായിരുന്നില്ല.

നിരുപാധികമാം സ്നേഹം

ബലമായ് വരും ക്രമാൽ

ഇതാണഴകിതേ സത്യം

ഇതു ശീലിക്കിൽ ധർമ്മവും

എന്ന് അടിവരയിട്ടു പറയുന്ന വ്യക്തിജീവിതവും കാവ്യജീവിതവുമായിരുന്ന അക്കിത്തത്തിന്റേത്. അത്യന്തം മാനവികമായ ആശയസംഹിതയെ ജീവിതാദർശമായി സ്വീകരിച്ച മഹാകവിക്ക് കമ്മ്യൂണിസവും പ്രിയങ്കരമായിരുന്നു. സതീർത്ഥ്യരിലേറെയും കറതീർന്ന ഇടതുപക്ഷക്കാരുമായിരുന്നു. അതുമാത്രവുമല്ല ഒരു കവിയെ

> **തറഞ്ഞുപോയ, ഉറഞ്ഞുപോയ ദുഃഖത്തിന്റെയും സ്നേഹത്തിന്റെയും സഹനത്തിന്റെയും ഗാഥകളാണ് അക്കിത്തം കവിതകളിൽ നിറയുന്നത്. മനുഷ്യന്റെ കരുത്ത് കരബലമല്ല, കരയാനുള്ള ബലമാണെന്ന് അദ്ദേഹം വിശ്വസിച്ചു.**

അടയാളപ്പെടുത്തേണ്ടത് അദ്ദേഹമെഴുതിയ ഒറ്റക്കവിതയെ മാത്രം പരിഗണിച്ചിട്ടുമല്ലല്ലോ. എഴുപതിറ്റാണ്ടിനിടെ 650ലധികം കവിതകൾ, അഞ്ച് ഖണ്ഡകാവ്യങ്ങൾ, ഓരോ ചെറുകഥാസമാഹാരവും, നാടകവും, ഗാനകഥാകാവ്യവും. അനവധി പ്രബന്ധങ്ങൾ, ശ്രീമദ് ഭാഗവതം ഉൾപ്പെടെ മനോഹരമായ നാലു വിവർത്തനങ്ങൾ-ഇത്രയുമെഴുതിയ ഭാഷോപാസകർ ഏറെയില്ല വേറെ. അവയൊന്നും വേണ്ട രീതിയിൽ പഠിക്കപ്പെട്ടില്ല എന്നതുപോട്ടെ, വഴിതെറ്റി വായിക്കപ്പെടുകയുമുണ്ടായി പലപ്പോഴും. തനി വരേണ്യമായ ഇരിപ്പും നടപ്പും രൂപപ്രകൃതിയും കാത്തുപോന്ന കവിയെ ഹിന്ദുത്വവർഗീയതയെ പരിപോഷിപ്പിക്കുന്ന എന്ന ലേബലിൽ പഴിചാരാനും ആളുകളുണ്ടായി. ഇദം ന മമ (ഇത് എന്റെയല്ല) എന്ന് ഉരുവിട്ട് ശീലിച്ച കവിക്ക്

'എന്റെയല്ലെന്റെയല്ലീ കൊമ്പനാനകൾ

എന്റെയല്ലീ മഹാക്ഷേത്രവും മക്കളേ' എന്ന തിരിച്ചറിവുണ്ടാകുക സ്വാഭാവികം. തന്റെ മതത്തിൽനിന്നുകൊണ്ട് എല്ലാ മതങ്ങളോടും സമഭാവന പുലർത്താൻ അദ്ദേഹത്തിനായി.

വെണ്ണക്കല്ലിന്റെ കഥയും ബലിദർശനവും പണ്ടത്തെ മേൽശാന്തിയും വാടാത്ത താമരയും കെടാത്ത സൂര്യനും നിമിഷക്ഷേത്രവും ഇടിഞ്ഞു പൊളിഞ്ഞലോകവും മാധവിക്കുട്ടിയും പശുവും മനുഷ്യനും കുണ്ടുണ്ണിയും മറ്റും മറ്റും കാലാന്തരത്തിൽ പലപാട് ചർച്ചചെയ്യപ്പെട്ടു. കേന്ദ്രസാഹിത്യ അക്കാദമി അവാർഡ്, കേരള സാഹിത്യ അക്കാദമി അവാർഡ്, പത്മശ്രീ, ഓടക്കുഴൽ അവാർഡ്, വയലാർ അവാർഡ്, പത്മപ്രഭാ പുരസ്കാരം, അമൃതകീർത്തി പുരസ്കാരം, മാതൃഭൂമി സാഹിത്യപുരസ്കാരം, പൂന്തുർ പുരസ്കാരം എന്നിവയെല്ലാം കവിയെത്തേടിയെത്തി. ഫ്രഞ്ചിലേയ്ക്കും ഇംഗ്ലീഷിലേയ്ക്കും ഇദ്ദേഹത്തിന്റെ ധാരാളം കൃതികൾ വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്

അമ്പലച്ചുമരിൽ കുറിച്ചിട്ട നാലു വരികളിൽ നിന്നാണ് ഏഴുവയസ്സുകാരനായ അക്കിത്തത്തിന്റെ ആദ്യകവിത പിറക്കുന്നത്. കുട്ടികൾ കുത്തിവരച്ച് അമ്പലച്ചുമരുകൾ നശിപ്പിക്കുന്നതിനെതിരെയുള്ള പ്രതിഷേധമായിരുന്നു അത്.

അമ്പലങ്ങളിലീവണ്ണം

തുമ്പില്ലാതെ വരയ്ക്കുകിൽ

വമ്പനാമീശ്വരൻ വന്നി-

ട്ടെമ്പാടും നാശമാക്കിടും

അന്നു തൊട്ടിന്നോളവും ജീവിതത്തിന്റെ കടലാഴങ്ങളെയോർത്തു

കൊണ്ടുള്ള നിതാന്തശ്രദ്ധ, ഭക്തി, യുക്തി, ശുദ്ധി, സ്നേഹം എന്നിവ യെല്ലാം അക്കിത്തംകവിത പുലർ ത്തിപ്പോന്നു. പലപ്പോഴും ഋഷിതുല്യ മായ ക്രാന്തദർശിത്വമാർജ്ജിച്ചു.

2008-ൽ എഴുതിയ ഗീതാധ്യാനമാ ണ് അക്കിത്തത്തിന്റെ അവസാന കവിത.

ഇമവെട്ടാത്തുക്കണ്ണുകളോടെ

ഇരിപ്പൂ മുന്നിൽ ശ്രീകൃഷ്ണൻ

അടക്കി നിർത്തീടുന്നു കുതിര-

ക്കടിഞ്ഞാണുകളാത്തുക്കൈകൾ

അടക്കിനിർത്തുന്ന കുതിരക്കടി ഞ്ഞാണുകൾ ജീവിതകാമനകളുടേ താവാം. ഭാരതസംസ്കാരത്തിന്റെ അടിസ്ഥാനം ഗീതാസന്ദേശങ്ങളാ ണെന്ന് കവിത സമർത്ഥിച്ചു.

2007ൽ പുറത്തുവന്ന അന്തിമഹാ കാലമാണ് അക്കിത്തത്തിന്റെ അവസാന കാവ്യസമാഹാരം. ആത്മീയതയും രാഷ്ട്രീയവും നിറ ഞ്ഞുനില്ക്കുന്ന കവിതകളാണിതിൽ. ഗീതാരഹസ്യം വായിച്ച് ഉൾക്കൊ ണ്ടവരായിരിക്കണം പ്രധാനമന്ത്രി മാരാകേണ്ടത് എന്ന് 'പ്രധാനമന്ത്രി' എന്ന കവിതയിൽ പറയുന്നു. ഇത്രമേൽ നയതന്ത്രജ്ഞാനവും ഭരണതത്ത്വങ്ങളും പ്രതിപാദിക്കുന്ന മറ്റൊരു കൃതി ഭാരതത്തിലുണ്ടാ യിട്ടില്ലെന്ന് ചിന്തിക്കുമ്പോഴാണ് അക്കിത്തത്തിന്റെ ഗീതാരഹസ്യം വെളിപ്പെട്ടുവരുന്നത്. അല്ലാതെ ഗീത വായിക്കലാണ് പ്രധാനമ ന്ത്രിയാവാനുള്ള യോഗ്യത എന്നോ ഗീത വായിക്കുന്നയാളാണ് പ്രധാന മന്ത്രിയാകേണ്ടതെന്നോ ഉള്ള അഭി ധാർത്ഥത്തിൽ തറഞ്ഞുനിന്നാൽ അക്കിത്തത്തെ യാഥാസ്ഥിതികാ ശയങ്ങളുടെ അപ്പോസ്തലനായി പ്രഖ്യാപിക്കേണ്ടിവരും. ഇത്തര ത്തിലുള്ള വിമർശനങ്ങളാണ് നിർ ഭാഗ്യവശാൽ അദ്ദേഹം പലപ്പോഴും ഏറ്റുവാങ്ങേണ്ടി വന്നതും.

'പുളകോദ്ഗമം' എന്ന കവിത തുട ങ്ങുന്നത് "ധർമ്മത്തിൻ നീതിയിൽ അധിഷ്ഠിതമായ വളർച്ചയാണ് രാജ്യത്തിനു വേണ്ടത്" എന്ന പ്രകാശ് കാരാട്ടിന്റെ വാക്കു കൾ ഉദ്ധരിച്ചുകൊണ്ടാണ്. ആ വാക്കുകളുടെ ഓർമ്മ കവിയെ





കൊണ്ടുചെന്നെത്തിക്കുന്നത് മുൻ രാഷ്ട്രപതി അബ്ദുൾ കലാമിലാണ്. 'തിരഞ്ഞെടുപ്പിനുശേഷം കക്ഷിഭേദംമറന്ന് എല്ലാ രാഷ്ട്രീയകക്ഷികളും പൊതുലക്ഷ്യത്തിനുവേണ്ടി ഒരുമിക്കണം' എന്ന കലാമിന്റെ വാക്കുകൾ പ്രാവർത്തികമാക്കേണ്ട ആവശ്യകത കവിതയിൽ മുഴങ്ങുന്നു. രാജ്ഘട്ടിൽ അന്ത്യവിശ്രമം കൊള്ളുന്ന ദൈവത്തിന്റെ വാക്കുകളിൽ പ്രതിഫലിക്കുന്ന ഹിരോഷിമയിലേയും നാഗസാക്കിയിലേയും ജീവിതവ്യഥകളും കവിതയിൽ കടന്നുവരുന്നു. ഇത്തരത്തിൽ തികച്ചും മാനവികവും അഹിംസാധിഷ്ഠിതവും സ്നേഹത്തിന്റെ മാത്രം തത്ത്വശാസ്ത്രത്തിൽ വിശ്വസിക്കുന്നതുമായ ദാർശനിക ഔന്നത്യം അക്കിത്തം കവിതകൾക്കുണ്ട്. (തദ്ദേശീയരായ ഇടശ്ശേരിയിലും ഉറൂബിലും ഇതേ ചിന്തകളാണ് വേരൂന്നിയിരുന്നത് എന്നത് മറ്റൊരാശ്ചര്യം!) ഹൃദയവിശുദ്ധിയിൽ മാത്രമല്ല ശരീരനിലകളിൽപ്പോലും എളിമ കാത്തുവെച്ചിരുന്ന അദ്ദേഹം. ശിശുസഹജമായ നൈർമ്മല്യം വാക്കിലും നോക്കിലും പുലർത്തിപ്പോന്നിരുന്നു. നിലത്തുവിരിച്ച പുൽപ്പായയിൽ കമിഴ്ന്നുകിടന്ന് കാലാതിവർത്തിയായ കവിതകളെഴുതാൻ ഒരേയൊരു അക്കിത്തത്തിനേ കഴിയുമായിരുന്നുള്ളൂ!

കാല്പനികതയെ പാലൂട്ടിവളർത്തിയ ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭദശകത്തിൽത്തന്നെ അക്കിത്തംകവിതയിൽ വിവേകവും വിചാരവുമാണ് മുന്നിട്ടുനിന്നത്.

നിരത്തിൽ കാക്ക കൊത്തുന്നു

ചത്ത പെണ്ണിന്റെ കണ്ണുകൾ

മുലചപ്പി വലിക്കുന്നു

നരവർഗ്ഗ നവാതിഥി

എന്ന് യുദ്ധത്തിന്റെ ഭീകരതയെ യഥാതഥമായി അദ്ദേഹം വരച്ചിട്ടപ്പോൾ മനസ്സു മരവിക്കാത്തവരില്ല.

തറഞ്ഞുപോയ, ഉറഞ്ഞുപോയ ദുഃഖത്തിന്റെയും സ്നേഹത്തിന്റെയും സഹനത്തിന്റെയും ഗാഥകളാണ് അക്കിത്തംകവിതകളിൽ നിറയുന്നത്. മനുഷ്യന്റെ കരുത്ത് കരബലമല്ല, കരയാനുള്ള ബലമാണെന്ന് അദ്ദേഹം വിശ്വസിച്ചു. ഭാരതീയമായ ദാർശനികദീപ്തി അവയുടെ ഉൾക്കരുത്താണ്. അക്കിത്തമെന്ന ത്ര്യക്ഷരീമന്ത്രമാർന്ന ജ്ഞാനസൂര്യനാൽ വാടാത്ത താമരയായി മലയാളകവിത അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു.

ഒരു കണ്ണീർക്കണം

മറ്റുള്ളവർക്കായി

ഞാൻ പൊഴിക്കവേ

ഉദിക്കയാണെന്നാത്മാവിലായിരം

സൗരമണ്ഡലം,

ഒരു പുഞ്ചിരി ഞാൻ

മറ്റുള്ളവർക്കായി

ചെലവാക്കവേ

ഹൃദയത്തിലുലാവുന്നു

നിത്യനിർമല പൗർണമി

എന്നെഴുതിയ മനുഷ്യസ്നേഹത്തിന്റെ മഹാകവിയാണദ്ദേഹം. ജ്ഞാനപീഠലബ്ധിയിൽ പുഞ്ചിരിച്ചുകൊണ്ടും ഓർമ്മകൾക്കുമുന്നിൽ അശ്രുപൂജയർപ്പിച്ചുകൊണ്ടും മലയാളം മഹാകവിയെ പ്രണമിക്കുന്നു.

# NATIONALISATION OF EDUCATION

For the last few decades, the country has witnessed education sector being aggressively put under severe constraints by political actors. It is not altogether a new phenomenon that with periodical changes in governance contents of text books also undergoes occasional change. That happens because like anywhere in the world, Indian class rooms are also managed to suit the interests of the state. But what we see more recently is that an entire educational sector is being made subservient to a set of extremely narrow political paradigms as dictated by the ruling elites. While the neoliberal economic reforms on the one side have stricken deep roots on education sector as well, class rooms get revamped  to foster communal and sectarian social imaginations, on the other. These combined, put enormous pressure on our education system, as though to force change the conventional set up, lock stock and barrel. Considering also the widening socio-economic disparities all around, the field of education is seen hopelessly gripped reactionary ideologies with characteristically political, social, religious or casteist components.

No doubt, education serves an important political function of reproducing the structures of dominance in society. Louis Althusser has put it that education is a form of ideological training offered by the state to all members of a society in order to ensure latter's collaboration in reproducing the existing social order. Following this postulation, Althusser places education as one of the ideological state apparatuses. However, it is through the same education that class rooms are enabled to oppose the dominant ideologies and effectively displace them with alternative ideologies. One can see that the education system which was primarily installed

**Dr. George Alex**
St.Thomas College Kozhencherry



by the western colonialists to serve to legitimise imperial designs, later paved the way for shaking the foundation of colonial rule in India. This may be the result of emerging new consciousness about the world, which in turn is the outcome of contradictions between what was taught there in text books on the one hand and what the social reality, on the other, was.

Class rooms are places where the consciousness about the world takes shape. Most fascist states have known this to organize class rooms accordingly to suit their interests .When Benito Mussolini in the fascist Italy started out to reform education,he had Giovanni Gentile as his education minister. The latter had famously proclaimed: 'We need an education that empowers the Italian Nationality'. In a strikingly resonating manner, present incumbents of Human Resources Ministry in India also have presented a document which underscores the urgent need of total "Bharat-isation "of education! The very objective of such reforms is defined as discovering the glorious heritage of Bharat. The reason of failure of present educational system of India, according to them, is 'extreme westernization'. This criticism of existing education by present day reformists is similar in most aspects to that leveled by Gentile against education in the Italy of 1921.

The purpose of this article is to explore how far NarendraModi's team in their pursuit of educational reforms has absorbed Gentile's philosophy and theories of education.

Mussolini and the Education Sector

Mussolini started substantial reforms in education in 1923. Giovanni Gentile (1875-1944), a philosopher and author of '*Manifesto of the Fascist Intellectuals'*, prepared the blue print for educational reforms in Italy. Writing a foreword to Gentile's proposals in educational reforms, Benedetto Croce acclaimed it as the ultimate expression of pragmatism against all hues of romanticism. Gentile was already one among the most ardent critiques of prevalent educational system. Through his proposals for reforms, he virtually got done away with the conventional distinction between 'education' and 'instruction'. The pivotal point of fascist agenda of educational reforms was indeed, the idea of 'Nationalisation of Knowledge'.

According to Gentile, nationality is not so much about the reality than the passion with which we perceive it. He would rather reject all links of objectivity and then construe nationality in a purely whimsical way. While attempting education reform, Gentile's framework was fundamentally linked to defining nationality in a particular fashion. Nationality does not consist in content which may of course be varying; it is about form that a certain content of human consciousness assumes, when it is felt to constitute a nation's character. Gentile further says that nationality is constituted by elements having spiritual basis, rather than material. 'Nationality is not something already built up, but it is a goal or a probability', Gentile, explains further, citing Masini, the Italian nationalist's views. Masini was not talking about the real people around him but about the future people that the Italian men and women were bound to create. That, indeed, is a holy idea comprising the notion of fatherland to be conquered and ruled by such people. (See, Govanni Gentile, *The Reform of Education*,1921).

Fascists consider nation and country as different realities. Gentile, the philosopher of fascism postulated that even when a country is founded as sovereign entity, nationality will still have to be formed. The idea that existence of nation precedes formation of any country is rejected by Gentile. Creation of nationality is placed rather as a goal to be fulfilled in the course of a country /state being built or run in a proper manner. Nationality is the accomplished self of entire people of a country bound together. Hence, people of a strong nationality should consider it their duty to identify themselves with the nation. The making of a nation would inevitably demand sacrifices and martyrdom of individuals. The flag of nationality always flutters as martyrs offer their lives defending



Mussolini



it. How people are mandated to express themselves as they look toward to the future is the basis of fascist ideology. While they espouse the ideology of nation, even the thoughts on science must be subordinated to and controlled by the nationality in question. No science must be allowed to be possible to exist beyond the precincts of nationality. Knowledge cannot exist differently and independently of human personality .The concrete form of one's personality is his or her nationality. Hence, no teacher should be allowed to perceive knowledge independent of his personality. Educational or science & technology institutions must not be allowed to impart any knowledge that may be incompatible with nationality. These were the founding principles on which Gentile built up the idea of national education, which in turn, was motivated by the spiritual essence of father land. One can see that the idea of nationalising Indian education is also shaped on similar foundations.

Education for Character Formation

Fascism postulates that human personality has two mutually contradicting aspects. One is 'concrete personality', and the other is 'particular personality'. The latter is closely stuck to one's self consciousness and characterized by one's ability to see the self as distinct from other humans. But , particular personality finds expression through one's self consciousness and will .One acquires his self consciousness socially; self consciousness is primarily based on things such as tradition, language, religious beliefs etc .Therefore, one's personality is a thing socially granted .Man's desires though have no limits, such desires can exist only by being subjected to the control of reigning forces. Hence, the ultimate seat available for fulfillment of desires is the state itself. Outside the state, there is no place for particular personality of individuals. Similarly, fascism also proclaims that it is simply not possible for people to exist independently and outside the limits of the nation concerned. 'Concrete personality', for all practical purposes means simply the one that merges with the national identity. Fascism does not recognize any right for 'particular personality' to exist at all.

Education is a realm of spiritual activity. Pedagogy is sort of training given in order to nourish human personality. The teacher occupies a very important position here. He is the embodiment of universal role model, whose duty is to pour elements of science, virtuous rituals and belief systems into the brains and minds of particular personalities. It is so, because the very objective of education is to mould efficient and self confident personalities. According to Gentile, while education basically aims to transform the abstract into concrete, that objective is best accomplished through metamorphosing particular personalities into concrete personalities. The teacher should




aim for developing the personalities of their students to the utmost levels. The process of education should involve causing destruction of the duality between teacher and student. Culture being the link that equips the teacher to lead the student to accomplishing concrete personality, it is considered as the third factor that decisively contributes in the educational process.

While shaping his educational project, Gentile had adopted an idealistic worldview. Following this, school had to be established within the bounds of culture. With the development and transformation of culture, schools indeed needed to undergo changes. He believed that education getting divorced from culture was the reason for crisis of his times. Far from being just buildings, schools were the centers of culture, he postulated. Culture is what people inherit through traditions, even when people were ignorant of what exactly was their culture; it was only within concrete history the full-fledged development of personality could be possible. Hence, fascist pedagogy is about human personality thoroughly being fused into culture. The core idea of such education being manufacturing living culture, fascist project aims for bringing forth large collective of culturally organized individuals.

If one were to ask fascists about the ultimate objective of education, their reply would be that education is nothing but the process of making and development of the spirit. However, Gentile does not offer any specific definition of spirit. While it can be seen that he does not view spirit as some distinct entity vis a vis body, there are ample examples for his usage of the term as synonym for public conscience. Thus, Gentile while bringing to the fore the idea of spirit, also would demolish the duality between mind and body. Culture is imagined by him either as a factor which nourishes the spirit or as the manifestation of spirit itself. In a similar vein, education is also conceived as neither materially perceivable nor subject to the purview of laws applying to the material world. It is rather like one brought about by a superman in some mystical manner. Fascist education opens its way to 'integral' method by numerable approaches. Demolition of differences between the Intellectual and ethical contents of pedagogy, doing away with the distinction between learning and teaching, etc, are part of such approach. Such a scheme of pedagogy will diffuse even inter- disciplinary borders between areas of education .Such a method will consider material realities as abstract and ensconced in spiritual vision. Thus, Gentile's education becomes an attempt to mould 'concrete personality' in the shape of mystical superman, for which teachers and students are culturally prepared by means of a discourse of religiosity .Now, we shall see how Bharat-ization of education in India surprisingly matches with Gentile's project . Gentile's extreme hatred for conventional education method on the one hand and his idea that education was to be used as the tool to bring about imaginary man on the other , do offer several clues about the nature of rapidly changing scenario in India's education.

*Bharatisation* of Education

*Bharatisation* of education is not the unique brainchild of presently incumbent Modi administration. In fact, it has been there as an integral part of the BJP's political programme for pretty long time .Attempts toward Bharat-isation of education were initiated by the BJP dominated coalition that had been in power at the centre which preceded the Congress-led UPA government of 2004. Two successive UPA governments since then would rather support the educational reform, thereby strengthening the political agenda of BJP. It was

during Mr MuraliManohar Joshi's tenure as education minister in the first BJP-led NDA government that Sanskrit began to be taught as a compulsory subject in schools. Obviously, that was a move to impose Sanskrit, just because it happened to be the favorite language of the ruling elites.

One of the main accusations leveled by the BJP against the existing education system is that it was instituted by the western powers in order to serve the interests of colonial rule in India. While it is literally true that Indian students were able to draw inspiration from western culture and cultural role models thanks to lessens taught from school text books, Bharat-isation of education aims through new education policy to offervedas and puranas as textbooks.Thereby, the latter approaches education from the point of view of Indian spirituality. 2014 election manifesto of the BJP promises changes in the education system which would enable the posterity to take pride in their tradition. It talks about giving utmost importance to the school sector and also rethinking on the process and content of education in schools. Among its agenda items are reforming madrassas and revamping of university education to replace the UGC system with Higher Education Commission. Further, it says that a National Commission would be appointed by the new government which would chart out necessary programmes for thoroughly revamping the educational sector in a span of two years time. (BJP Election Manifesto of 2014, pp 23-24 ).

Accordingly, the reforms in higher education are being led by an advisory team, which in turn is under virtual control of the RSS. DinanathBatra, who played an influential role at the NCERT research centre during 1998-2004 had been entrusted with the job of 'correcting errors' in history texts taught in schools. As lately as in 2013-14, this professor made news by coercing Penguin to pulp all the published copies of *Hindus: An Alternative History* authored by the world acclaimed scholar Wendy Doniger. Besides, DinanathBatra has the additional qualifications of being a member of the central executive of *VidyaBharati* . He is also the chief of educational wing of the RSS .He himself has authored many of those 'infamous Gujarat text books'. His work '*Tejomayi Bharat'* is a gem of such text book which abounds in bizarre claims of early Indian advancements in scientific field. In *TejomayiBharat* ,Batra 'teaches' that maharshi vyasa could create children from a piece of flesh and that is proof that Indians invented cloning thousands of years ago . In a similar vein, citing the use of *pushpakavimana* by Rama, the Hindu God, his text book tells how early Indians were experts in aviation. Harshad Shah, who was a member in the team employed for examining the worth of these text books, has gone on record with this remark, in an interview to Indian Express: *Tejomayi Bharat* is a book that offers to our pupils insights in culture, patriotism, spirituality and tradition. The book has been rendered in a wonderfully simple language too, to suit the students.

These books were prepared with a view to distributing them among students, free of cost. The Gujarat government's text book committee had selected these text books written in Hindi and translated to Gujarati language.

The 31 member 'Non-Governmental Committee on Education' led by DinanathBatra has been untiringly at work for three years since it was established under the aegis of the RSS. Among its members was Rajput, a dubious scholar, who had lost his job as vice chancellor, when in 2003 he was caught having plagiarized certain published academic essays. Texts prepared by the said committee came to be widely used not just in Gujarat, but also in many other states. The committee's proclaimed objective is producing a pattern of education that bases itself in the cultural heritage of India. According to this, the contents of text books were to be those promoting values of religious harmony, national integration, and religious and ethical virtues.

Coming to the textbooks of Gujarat, it is Lord Siva himself who gives essential tips on health care. Bharat-isation of text books is actually changing to Hinduisation. Hindu religious symbols, phrases and parables become ploys for burying secularism. There is deliberate attempt in textbooks to glorify Hinduism and to discredit Islam.

What Mussolini -Gentile combine did in Italy is being repeated here by Modi -DinaathBatra partnership through *Bharatisation* of education. Gentile had shown how classrooms and textbooks could be manipulated to strengthen Italian nationalism .Defining nationalism and culture in a parochial way is the key element in this project. It is through a reduction of Indian culture to Hindu religious consciousness that the BJP government undertakes the interpretation of Indian heritage and nationality. While representing nationality through religious icons, *Bharatisation*of education doesn't take into account the sentiments of the religious minorities who are kept out of its purview. Dinanath professes to' correct' the wrongs of the past. It is this tendency to 'correct', "particularly to correct history", that the world always has named fascism. Human being is shaped through history. Time cannot stand still to effect any such correction of bygone eras.

*Bharatisation* of education, hence, is a major political intervention which attempts to root out values of secularism, scientific spirit, and rationality.

# medusa[1]

As maiden did she serve,
in temple a priestess to Athena.

All for love, was deprived
forever, her charm and grace.

Tresses transformed to slithering snakes,
her gaze turned men to stones.

With weapon ethereal Perseus[2] slayed
the monster sleeping in cave.

The slayer made the slain a weapon,
and turned Atlas and a few to stone.

He gifted Athena the Gorgon's head,
after a life full of escapades.

And the goddess set the head severed
upon Aegis the shield and carried!

Strange are the ways of Gods to mortals;
servitude and succour, alive or dead!

Medusa is a Greek mythological figure; she was the daughter of the sea deities Phorcys and Ceto, alluring maiden with sparkling eyes and wondrous myriad locks of hair. As priestess in Goddess Athena's temple, she was mandated to observe celibacy. On visiting the temple, God Poseidon fell in love with her. Athena, in her sacred temple, caught the couple in love. In her fury, charging sacrilege, she cursed Medusa, and turned her into a monstrous Gorgon, with snakes upon the head in the place of her lustrous hair, and, with her gaze, men were turned into stones.

Perseus, the son of God Zeus, obtained divine weapon and gifts from Zeus and other Gods to kill Medusa. Even after killing Medusa, Perseus used the separated head as a weapon. Later, Medusa's head was affixed to Athena's shield for defence.

**Sreelekshmi A.R.**
Sree Sankara Vidyapeetom College
Valayanchirangara, Perumbavoor



Scan QR Code
to hear poem



# കഥയുടെ ചരിത്ര യുക്തികൾ

ഡോ. ബിനീഷ് പുതുപ്പണം
എൻ.എസ്.എസ്.കോളേജ്, നിലമേൽ



നേർരേഖീയമായ പാതയിലൂടെയല്ല സമകാലിക കഥാലോകത്തിന്റെ സഞ്ചാരം.  മറിച്ച് അവ്യവസ്ഥിതിയും ഒരുപക്ഷേ ഘടനാവിമോചനവുമാണ് അതിന്റെ കാതൽ. ഒരു കഥ നേരിട്ട്പറഞ്ഞു വെക്കുക എന്നതിൽനിന്ന് മാറി പല സന്ദർഭങ്ങൾ/ പലപരിസരങ്ങൾ/പലകഥകൾ കൂടിച്ചേർന്ന് ഒടുവിൽ ഒറ്റക്കഥയായിതീരുന്ന മാന്ത്രികതയിലൂടെയാണ് അതിന്റെ സഞ്ചാരം. വായനക്കാരെ സംഭ്രമിപ്പിക്കുന്ന/ ചിന്താക്കുഴപ്പത്തിലെത്തിക്കുന്ന ഈ 'പലവഴി' ഇന്ന് ഏറെ സജീവവുമാണ്. എന്നാൽ സുനു. എ.വിയുടെ 'ശീതയുദ്ധം' എന്ന കഥ (മാധ്യമം ആഴ്ച്ചപ്പതിപ്പ്) ഈയൊരു ചിന്താക്കുഴപ്പത്തിന്റെ കളയും വിളയും നിറഞ്ഞ പാതയിലൂടെയല്ല പോകുന്നത്. എന്നാൽ പ്രാക്കഥാശൈലിയിലുമല്ല അതിന്റെ നിലനിൽപ്പ്. ഇവ രണ്ടിനേയും ചേർത്തുകെട്ടുന്ന, അല്ലെങ്കിൽ നേരിട്ട് ഒരു കഥ പറയുന്നതായി തോന്നുമെങ്കിലും ചരിത്രവും മിത്തും സങ്കല്പങ്ങളും യാഥാർത്ഥ്യങ്ങളുമെല്ലാം ഇടകലർന്ന സൂക്ഷ്മ നിരീക്ഷണത്തിന്റെ ലോകമാണത്. പ്രധാനമായും അഞ്ചുകാര്യങ്ങളാണ് 'ശീതയുദ്ധ'ത്തിൽ വായിച്ചെടുക്കാനാകുന്നത്.-ജാതിവ്യവസ്ഥയുടെ അടയാളങ്ങൾ, സ്ത്രീജീവിതത്തിന്റെ കരുതലും ഒപ്പം നിരാലംബതയും, കാലവും പ്രണയത്തിന്റെ ഉൾച്ചൂടും, പരിണമിച്ച പാഠവും പരിണാമരഹിതമായ അധ്യാപനവും, സൂക്ഷ്മ രാഷട്രീയത്തിന്റെ മിന്നലുകൾ എന്നിവയാണവ.

ജാതിയെക്കുറിച്ച് /ബ്രാഹ്മണ്യത്തിന്റെ അന്ധമായ ഇടങ്ങളെക്കുറിച്ച് സ്ഥൂലമായ അവതരണം കഥയിലില്ലെങ്കിലും ജാതിവ്യവസ്ഥയുടെ കൊള്ളരുതായ്മയിലേക്കും നാമിതുവരെ നടത്തിയ നവോത്ഥാന പോരാട്ടങ്ങളുടെ അപൂർണതയിലേക്കും ആവോളം വിരൽചൂണ്ടുന്നുണ്ട് കഥ. കേന്ദ്രകഥാപാത്രമായ അപ്പുമാഷ് തികഞ്ഞ ജാതിചിന്ത പേറുന്നവനും ആഢ്യമാന്യതയുടെ മുഖപടം ധരിച്ചയാളുമാ



ശീതയുദ്ധം

ഉത്തരക്കടലാസുകെട്ട് തുറന്നുകൊണ്ട്
അയാൾ കസേരയിലിരുന്നു.
ആദ്യത്തെ പേര് കണ്ടപ്പോൾതന്നെ
അപ്പുമാഷിന്റെ മുഖം വീണ്ടും
പൂർവഭാവത്തിലേക്ക് മാറി.
അഭിജിത്ത് അച്യുതൻ!
ഇരുപത്തിനാലു വെട്ടേറ്റ് കവലയിൽ
ചത്തുകിടന്ന അവന്റെ അച്ഛൻ
അച്യുതനോട് അയാൾക്ക് എല്ലാകാലത്തും
പുച്ഛംതന്നെയായിരുന്നു.

സുനു എ.വി

ചിത്രീകരണം: സുനിൽ അശോകപുരം

രാവിലെ ദോശയുടെ മേലൊഴിച്ച സാമ്പാറിൽ വെളുത്തുള്ളിയുടെ അതിപ്രസരം കണ്ട് അപ്പുമാഷ് അമ്പരന്നു. തനിക്ക് വെളുത്തുള്ളി ഇഷ്ടമല്ല. പത്മക്കത് നന്നായി അറിയുന്ന കാര്യമാണ്. വിവാഹശേഷം കഴിഞ്ഞ ഇരുപത് വർഷത്തിനിടെ ഒരിക്കൽപോലും അവൾ കറികളിൽ വെളുത്തുള്ളി ചേർത്തിട്ടുമില്ല.

മുഖത്ത് തെളിഞ്ഞ നീരസം മറച്ചുവെക്കാതെ അയാൾ ശ്രദ്ധാപൂർവം വെളുത്തുള്ളിയെടുത്തു നീക്കിക്കൊണ്ട് കഴിച്ചുതുടങ്ങി. പക്ഷേ, തക്കാളിയുടെ തൊലിച്ചുവപ്പിനിടയിൽ ഒളിച്ചിരുന്നൊരു വെളുത്തുള്ളി പല്ലുകൾക്കിടയിൽ കുരുങ്ങിയതോടെ അപ്പുമാഷിന്റെ ക്ഷമ കെട്ടു. പാതിയരഞ്ഞ, ഉമിനീരിൽ കുതിർന്ന ദോശക്കഷണങ്ങൾ മേശപ്പുറത്തേക്ക് അയാൾ നീട്ടിത്തുപ്പി.

എനിക്ക് വെളുത്തുള്ളി പിടിക്കില്ലാന്ന് അറിഞ്ഞൂടെ പത്മാ?

മറുപടിയായി ഒന്നുരണ്ട് സ്റ്റീൽ പാത്രങ്ങൾ തറയിൽ വീണ് ഉച്ചത്തിൽ കരഞ്ഞു. ഇന്നത്തെ ദിവസംതന്നെ ശരിയല്ല. പല്ല് തേക്കുന്നതിനിടെ ബ്രഷ് കുത്തി മോണ മുറിഞ്ഞപ്പോഴേ അപ്പുമാഷിനൊരു താളപ്പിഴ തോന്നിയിരുന്നു. പറഞ്ഞിട്ട് കാര്യവുമില്ല. തൃക്കേട്ട നക്ഷത്രക്കാർക്ക് ഈ വാരം അത്ര നല്ലതല്ലെന്ന് ഇഷ്ട ജ്യോത്സ്യൻ വാരികയിൽ പ്രവചിച്ചിരുന്നല്ലോ, അതെങ്ങനെ തെറ്റാൻ! ഒരു കപ്പ് ചായയും ഉത്തരക്കടലാസുകളുമായി അയാൾ ഉമ്മറത്തെ ചാരുകസേര ലക്ഷ്യമാക്കി നടന്നു. അതിനിടെ, കാടിവെള്ളം കുടിച്ചുകഴിഞ്ഞ് സ്റ്റീൽ ബക്കറ്റ് ചവിട്ടി തൊഴുത്തിന് പുറത്തേക്കെറിഞ്ഞ പശുവിനെ നോക്കി വാത്സല്യത്തോടെയൊന്ന് ചിരിച്ചു.

തന്റെ പ്രിയപ്പെട്ട ചാരുകസേരയിലും അതിനേക്കാൾ പൊക്കക്കുറവ് നോക്കി വാങ്ങിച്ച മൂന്ന് കുഞ്ഞു മരക്കസേരകളിലും പതിവില്ലാത്തവിധം അലക്കി വൃത്തിയാക്കിയ വെളുത്ത തുണി വിരിച്ചിരിക്കുന്നത് അപ്പുമാഷിന്റെ ശ്രദ്ധയിൽപെട്ടു. ഉമ്മറച്ചുവരിൽ തൂക്കിയിട്ട, പ്രസിഡന്റിൽനിന്നും താൻ മികച്ച അധ്യാപകനുള്ള പുരസ്കാരം ഏറ്റുവാങ്ങുന്ന ഫോട്ടോ, കഴിഞ്ഞ ഉത്സവത്തിനു ഒട്ടും വൃത്തിയില്ലാത്തൊരു നാടോടി ചിത്രകാരനിൽനിന്നും പത്മ വാങ്ങിയ ചിറകില്ലെങ്കിലും പറന്നുയരുന്ന

56 | മാധ്യമം ആഴ്ചപ്പതിപ്പ്

ണെന്ന് ഓരോ സന്ദർഭത്തിലും വ്യക്തമാകുന്നുണ്ട്. ജ്യോത്സ്യത്തിലും നിയോഗങ്ങളിലും പരമമായവിശ്വാസം പുലർത്തുന്ന അയാൾ ആധുനികതയിൽ നിലനിന്നുകൊണ്ട് പാരമ്പര്യത്തിന്റെ രസം നുകരുന്ന മനുഷ്യരിലൊരാളാണ്. പാരമ്പര്യത്തിന്റെയും ജാതീയതയുടേയും അടിവസ്ത്രവും പുരോഗമനത്തിന്റെ മേൽവസ്ത്രവും ധരിക്കുന്ന സമകാലികരായ അനേകം മനുഷ്യരുടെ പ്രതിനിധികളിലൊരാളാണ് അപ്പുമാഷെന്നു പറയാം. അയാൾ ചുവപ്പുനിറത്തെ വെറുക്കുകയും അകറ്റുകയും ചെയ്യുന്നുണ്ട്. രക്തസാക്ഷിയുടെ മകനെ പരീക്ഷയിൽ പരമാവധി ശിക്ഷിക്കുന്നു. 'ചോരയുടെ നിറമാണോ കല്യാണത്തിനുടക്കുന്നതെന്ന്' പറഞ്ഞ് സ്കൂൾ പ്യൂണും ആശ്രിതനുമായ ഭരതന്റെ മകളുടെ ആഗ്രഹത്തെ തല്ലിക്കെടുത്തുന്നു. ഒപ്പം എത്രചോരയുടേയും വിയർപ്പിന്റേയും ഫലമാണ് ഇന്നത്തെ കേരളം എന്ന പൂർവസ്മരണയെയാകെ റദ്ദ് ചെയ്യുന്നുമുണ്ട് ആ കഥാപാത്രം. സ്മൃതിയെ പ്രമാണമാക്കുന്ന അയാളുടെ ഭക്ഷണ സംസ്കാരത്തിൽ പോലും ജാതി പ്രതിഫലിക്കുന്നുണ്ട്.

കഥയിൽ വെളുത്തുള്ളി പ്രധാന കഥാപാത്രമാണ്. വെളുത്തുള്ളിയുടെ രുചിയും മണവും കറികളിൽനിന്ന്/ ആഹാരങ്ങളിൽനിന്ന് എപ്പഴേ തിരസ്കരിച്ചതാണ് അപ്പുമാഷ്. അയാൾ വെളുത്തുള്ളിയെ വെറുക്കുന്നു. ഒരേയൊരു സമയം മാത്രം വായിൽത്തടഞ്ഞ അതിനെ നീട്ടിത്തുപ്പുന്നു. തൊട്ടുകൂടായ്മയുടേയും തീണ്ടിക്കൂടായ്മയുടേയും പ്രതീകമാണ് വെളുത്തുള്ളി. നൂറ്റാണ്ടുകൾ കഴിഞ്ഞിട്ടും അതിന്റെ അമിതഭാരം പേറുന്നവരാണ് ചിലർ. സവർണരെന്ന് അവകാശപ്പെടുന്ന വർഗത്തിന് നിഷിദ്ധമാണ് വെളുത്തുള്ളി. അത് അസുര ഭക്ഷണമത്രെ. ത്രിഗുണങ്ങളിൽ തമസിനോടാണത് ചേർന്നു നിൽക്കുന്നത്; ഒപ്പം മാംസാഹാര പ്രിയർക്ക് ചേർന്നതും. അതിനാൽ ബ്രാഹ്മണരടങ്ങുന്നവർ അടുക്കളയിൽ അതിന് വിലക്കേർപ്പെടുത്തി. അത് കഴിക്കുന്നവരെ അധമരായി മുദ്രകുത്തി . ആ മുദ്രയുടെ അച്ചുനിർമ്മാണത്തിൽ പങ്കാളിയാവുകയാണ് അപ്പുമാഷും. കേരള ചരിത്രത്തിലും കാണാം റദ്ദ്ചെയ്യപ്പെടുന്ന വെളുത്തുള്ളി ആഹാരങ്ങളുടെ ജീവിതം. പി ഭാസ്കരനുണ്ണിയുടെ 'പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം' എന്ന പുസ്തകത്തിൽ പറയുന്നു – 'ഭക്ഷണത്തിൽ അഞ്ചുതരം സസ്യവർഗ്ഗങ്ങളുടെ ഉപയോഗം ബ്രാഹ്മണനു നിരോധിക്കപ്പെട്ടിരിക്കുന്നു. അവ ഉള്ളി, വെളുത്തുള്ളി, ചുരക്ക, കരിഞ്ചണം, നെല്ലി എന്നിവയാണ്. മനുസ്മൃതിയിലും അഭക്ഷ്യപദാർത്ഥങ്ങളേവ എന്നുപറയുന്ന കൂട്ടത്തിൽ വെളുത്തുള്ളി മുരിങ്ങ ചുവന്നുള്ളി എന്നിവ ബ്രാഹ്മണനു നിഷിദ്ധമെന്ന് പറയുന്നുണ്ട്. നൂറ്റാണ്ടു 19 ൽ എത്തിയിട്ടും ഇതിന് വ്യത്യാസം ഉണ്ടായതുമില്ല (പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം – 28). അപ്പോൾ വെളുത്തുള്ളി മേൽജാതികൾക്ക് വർജ്ജ്യമാണ്. അതിന്റെ തുടർച്ചയാണ് അപ്പുമാഷ്. ആധുനികതയുടെ എല്ലാ ആശയങ്ങളെയും സംഭാഷണങ്ങളിൽ അയാൾ തിരസ്കരിക്കുന്നത് കാണാം. പേര നോക്കി ജാതി നിശ്ചയിക്കുന്ന പ്രവൃത്തിയെ നവോത്ഥാനത്തിലൂടെ ളുത്തെറിഞ്ഞ ചരിത്രമാണ് നമുക്കുള്ളത്. അയ്യാവൈകുണ്ഠസ്വാമികൾ അടങ്ങുന്നവരുടെ പേരിനെ മുൻനിർത്തിയുള്ള പോരാട്ടങ്ങളും മറക്കാവുന്നതല്ല. എന്നാൽ അത്തരം പോരാട്ടങ്ങളെയെല്ലാം വിഫലമാക്കുന്ന ജീവിതമാണ് മാഷിന്റേത്. അയാൾ ഒരു അധ്യാപകനാണ്. ജാതി നോക്കി കുട്ടികളെ അള

ക്കുന്ന, പേര് നോക്കി കുട്ടികളുടെ ജാതി ഊഹിക്കുന്ന വിദ്യാഭ്യാസത്തിന്റെ മൂല്യം അറിയാത്തൊരാൾ. പുരോഗമനവാദിയും എഴുത്തുകാരനുമായ ആനന്ദന്റെ മകളുടെ പേരിലെ ജാതി മനസ്സിലാവാത്തതിന്റെ ഈർഷ്യം അപ്പുമാഷ് പ്രകടിപ്പിക്കുന്നുമുണ്ട്.

തന്റെ ഒരു വിദ്യാർത്ഥിയുടെ പേര് സൂചിപ്പിച്ചുകൊണ്ടാണ് അയാളത് വെളിപ്പെടുത്തുന്നത്. 'ഇപ്പോഴത്തെ പിള്ളേരുടെ പേര് തന്നെ മൊത്തത്തിൽ കൺഫ്യൂസിങ്ങാ.. ഈ പേര് കണ്ടോ ആനന്ദാ – ഇസാ എന്ന്. എന്റെ ക്ലാസിലെ കുട്ടിയെ നമ്മുടെ കൂട്ടരാണെന്ന് ഓണപ്പരീക്ഷ കഴിഞ്ഞ് ഇപ്പോഴാണ് എനിക്ക് മനസ്സിലായത്' എന്ന് അയാൾ പറയുമ്പോൾ ആധുനികതയ്ക്ക് നേരെയുള്ള നീട്ടിത്തുപ്പലാകുന്നു അത്. ചെന്നുവീഴുന്നതാകട്ടെ നമ്മുടെ നവോത്ഥാന മുറ്റങ്ങളിലും.

ഏതു സന്ദർഭത്തിലാണ് ഈ കഥ പുറത്തുവരുന്നത് രോഹിത് വെമുലമാരും ഫാത്തിമമാരും നിരന്തരം നിർമ്മിക്കപ്പെടുന്ന ക്യാമ്പസുകൾ സജീവമായി കൊണ്ടിരിക്കുന്ന, മുസ്ലീമായിപ്പോയി എന്നതിനാൽ മാത്രം അധ്യാപക ജോലിക്ക് തടസ്സം നേരിട്ട ഫിറോസ്ഖാൻമാർ ആക്രമിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു രാജ്യത്തുനിന്നാണ് നമ്മളീ കഥ വായിക്കുന്നത്. ഇത്ര നൂറ്റാണ്ട് കഴിഞ്ഞിട്ടും ജാതിയുടെയും മതത്തിന്റെയും പൗരോഹിത്യമേഖലകൾ നമ്മെവിട്ടുപോയിട്ടില്ല എന്നതിന്റെ സാക്ഷ്യങ്ങളാണിവ. അതുകൊണ്ടു തന്നെ നമ്മുടെ ബോധ്യങ്ങളൊക്കെയും എത്രമേൽ പൊള്ളയാണെന്ന് ചോദിക്കുന്നുണ്ട് കഥ.

പുരോഗമന പ്രത്യയശാസ്ത്രങ്ങളോട് ആഭിമുഖ്യമുണ്ടായിട്ടും വീട് / കുടുംബം എന്ന ചങ്ങലകളിൽ തളയ്ക്കപ്പെട്ടുപോകുന്ന നിരാലംബരായ സ്ത്രീജീവിതത്തിന്റെപ്രതീകമാണ് കഥയിലെ പത്മ. മലയാളിയുടെ അടുക്കള പരിസരങ്ങളിൽനിന്നും ഒട്ടും വിദൂരമല്ല അവരുടെ ജീവിതം. ചിത്രങ്ങൾ വരയ്ക്കാനും ചുവന്ന സാരി ഉടുക്കാനും ആഹ്ലാദത്തോടെ ഗഗനങ്ങളിൽ പറക്കാനും കഴിഞ്ഞിരുന്ന അവർ പിന്നീട്



അതെല്ലാം ഉള്ളിൽ സൂക്ഷിക്കുന്ന ചിറകറ്റ പക്ഷിയായിമാറുന്നു. അവളുടെ അസ്തിത്വത്തെ / അവസ്ഥയെ തിരിച്ചറിയാൻ ഒരിക്കലും അപ്പുമാഷിന് കഴിഞ്ഞിട്ടുമില്ല. അതിനുകഴിഞ്ഞ ആനന്ദനാകട്ടെ ജീവിതത്തിന് പുറത്തുമാണ്. എങ്കിലും അയാൾക്കു വേണ്ടി അവൾ അതെല്ലാം ഉള്ളിൽ സൂക്ഷിക്കുന്നു. ഒരു കാലത്തെ നനവുള്ള വാസനാസ്മരണകളായി അവളിലത് ആകെ നിറയുന്നുണ്ട്. പ്രണയത്തിന്റെ അതിസൂക്ഷ്മ വിചാരങ്ങളെ ബന്ധനാരഹിതമായ നേരങ്ങളോട് ചേർത്തുവെക്കുകയാണ് കഥാകൃത്ത്. തലയിലെ വെള്ളിനാരുകൾ കറുപ്പിക്കുകയും നിലംതുടയ്ക്കുകയും ചില്ല ചിത്രങ്ങൾ വൃത്തിയാക്കുകയും ചെയ്യുന്ന പത്മയുടെ പ്രവൃത്തി തന്റെ റിട്ടയർമെൻറ് ഫങ്ഷനുമായി ബന്ധപ്പെട്ടതാണെന്ന് കരുതുന്ന അപ്പുമാഷിന്റെ ഭാവം അധികാരിയുടെയും ചൂഷകന്റെയും ഉടമയുടേയുമാണ്. അയാളുടെ കാൽചുവട്ടിൽ നിലംതുടക്കുന്ന അവളാകട്ടെ അടിമരൂപവും. ചിറകില്ലാത്ത പക്ഷിയുടെ ചിത്രത്തിൽ കണ്ണുംനട്ടിരിക്കുന്ന ആനന്ദനിൽ തുടിക്കുന്നത് അവളെക്കുറിച്ചുള്ള സ്മരണകളാണ്. അതിനാൽ പരിസരത്തുള്ള യാതൊന്നും മൂക്കിൻ തുമ്പിലെ ഈച്ചയെപ്പോലും അയാൾ ശ്രദ്ധിക്കുന്നില്ല. എന്നാൽ അടുക്കളയിൽനിന്നും ഉയരുന്ന പാത്രങ്ങളുടെ നേർത്തതാളം അയാളിൽ ഉയർന്നുകേട്ടു. അയാളുടെ ഓരോ നോട്ടവും പരിഗണനയുടെയും സ്നേഹത്തിന്റേയുമായിരുന്നു .അതവൾ തിരിച്ചറിയുന്നുമുണ്ട്. അതിനിടയിലേക്കുവന്ന അപ്പുമാഷിന്റെ ചുമയാകട്ടെ പരിഗണനാരാഹിത്യത്തിന്റെ മൂർച്ചയും. പ്രണയത്തെ പ്രത്യക്ഷത്തിൽ പറയാതെ അത്ഭുതാവഹമായ അടിയൊഴുക്കായി കഥാന്ത്യംവരെ കൊണ്ടുപോകാൻ എഴുത്തുകാരന് കഴിഞ്ഞിട്ടുണ്ട്. രാഷ്ട്രീയത്തിന്റെ ഇരുമുഖങ്ങളായി കഥയിൽ പട്ടിയും പശുവും കടന്നുവരുന്നുണ്ട്. കുടിച്ച പാത്രത്തെ തട്ടിയിടുന്ന പശു നമ്മുടെ രാഷ്ട്രീയസാഹചര്യത്തെ പ്രതിനിധാനം ചെയ്യുന്നു, അതിനുനേരെ കുരക്കുന്ന പട്ടിയുടെ സ്വരമാണ് എന്നും ജാഗ്രതയുടെ മുഴക്കമായി നിലനിൽക്കുന്നത്. ഒരു വാല രൂപോലുമില്ലാതെ, ഒരു പട്ടി പോലുമാവാതെ (കെ.ജി.എസ്) മരിച്ചുപോകേണ്ട ഗതികേട് ഇതിലെ കഥാപാത്രങ്ങൾക്ക് വന്നുചേരുന്നില്ല എന്നത് പ്രധാനമാണ്. അതിനാൽ പ്രതിരോധത്തിന്റെ സ്വരത്തെക്കൂടി കൂടി ചേർത്ത് വെക്കുന്നുണ്ട് കഥ. ഭൂതകാലവും വർത്തമാനകാലവും തമ്മിലുള്ള നിരന്തര സംവാദമാണ് ചരിത്രം എന്നിരിക്കെ തീർച്ചയായും ഈകഥ ചരിത്രത്തെ മുൻനിർത്തി വായിക്കേണ്ട ഒന്നു തന്നെയാണ്; പ്രത്യേകിച്ച് വർത്തമാനകാല ഇന്ത്യയിൽ.

# ആശങ്കയുടെ വിത്തുകൾ വിതക്കപ്പെടുമ്പോൾ

**ഡോ. കെ.പി. പ്രശാന്ത്**
എസ്.എൻ. കോളേജ്, കണ്ണൂർ



ഇന്ത്യയുടെ ആത്മാവിൽ ഇണങ്ങിച്ചേർന്നതാണ് കൃഷി എന്ന ഗാന്ധിജിയുടെ വാക്കുകൾ സ്മരിച്ചുകൊണ്ടു തന്നെ പറയട്ടെ, ഇന്ത്യൻ കർഷകർക്ക് കറുത്ത ദിനങ്ങൾ സമ്മാതിക്കുന്നതാണ് പാർലിമെന്റിൽ ശബ്ദവോട്ടോടെ പാസാക്കിയെടുത്ത കാർഷിക മേഖലയെ പ്രത്യക്ഷത്തിൽ ബാധിക്കുന്ന പ്രധാനപ്പെട്ട മൂന്ന് കാർഷിക ബില്ലുകൾ. ഇതിനെ തുടർന്ന് രാജ്യമെമ്പാടും കർഷകർ ആശങ്കാകുലരാണ്, അവർ തെരുവിലിറങ്ങി പ്രതിഷേധിക്കുകയാണിപ്പോൾ. പ്രസ്തുത ബില്ലുകൾ നിയമായിതീർന്നപ്പോൾ കർഷകരുടെ നട്ടെല്ലൊടിക്കുക എന്ന അവസ്ഥയും സംജാതമായിരിക്കുന്നു. പഞ്ചാബിലെയും, ഹരിയാനയിലെയും കർഷകർ ജാഥകളും, ബന്ദുകളും പ്രഖ്യാപിച്ചു കഴിഞ്ഞു. ദേശീയ പാതകളടക്കം റോഡുകളും, റെയിവേ ലൈനുകളും ഉപരോധിക്കപ്പെട്ടു. രാജ്യത്തെ



ബാട്ടും പ്രതിപക്ഷ പാർട്ടികളും, കർഷകരും കാർഷിക മേഖലയിലെ കുത്തകവൽക്കരണത്തിനായി പ്രത്യക്ഷ സമരങ്ങൾ തുടങ്ങിക്കഴിഞ്ഞു. വൻകിട വിദേശ കോർപ്പറേറ്റ് കമ്പനികൾക്ക് സഹായകരമാകുന്ന നയങ്ങൾക്ക് അനുസൃതമായ മത്സരാധിഷ്ഠിത കമ്പോളം കർഷകർക്ക് കൂടുതൽ അവസരങ്ങൾ സൃഷ്ടിക്കില്ലെന്ന ബോധ്യം സാധാരണ കർഷകർക്കുണ്ട്.

കാർഷിക ഉത്പന്നങ്ങളുടെ ശേഖരണവും, വിപണനവും സംബന്ധിക്കുന്ന ഓർഡിനൻസ് കഴിഞ്ഞ ജൂണിൽത്തന്നെ ഇറക്കിയിരിക്കുന്നു. തുടർന്ന് ലോകസഭയുടെയും, രാജ്യസഭയുടെയും സെപ്തംബറിലെ സെഷനിൽ ശബ്ദ വോട്ടോടെ ബില്ലുകൾ പാസാക്കിയെടുത്തു. ജനാധിപത്യ മര്യാദകളും, കീഴ് വഴക്കങ്ങളും തീർത്തും അവഗണിച്ച് പ്രതിപക്ഷത്തെ നിലം പരിശാക്കി മൂന്നു ബില്ലുകളും നിയമമാക്കിയെടുത്തു. കർഷകരുടെ അഭിവൃദ്ധി ഉന്നം വെച്ചുകൊണ്ടാണ് പുതിയമൂന്ന് കാർഷിക നിയമങ്ങളും കൊണ്ടുവന്നതെന്ന് കൃഷി മന്ത്രി ശ്രീ. നരേന്ദ്രസിംഗ് തോമാർ പറഞ്ഞുകൊണ്ടേയിരിക്കുകയാണിപ്പോൾ. കാർഷിക വിളകൾക്കുള്ള കുറഞ്ഞ താങ്ങുവിലയടക്കമുള്ള സർക്കാർ സഹായങ്ങളെ ഈ നിയമങ്ങൾ ബാധിക്കില്ല എന്ന ഉറപ്പും കേന്ദ്രസർക്കാർ നൽകുന്നുണ്ട്. കൃഷിക്കാർക്ക് മികച്ച വിപണനവില ഉറപ്പാക്കുമെന്നും അവർ പറയുന്നു. കാർഷിക വിളകൾ വിൽക്കാനുള്ള ചന്തകൾക്കു പുറമേ, നിലവിലുള്ള സംവിധാനത്തിന് ഭീഷണിയില്ലാതെ തന്നെ വിളകൾ വിൽക്കാൻ സ്വാതന്ത്ര്യം കർഷകർക്ക് ലഭിക്കുമെന്നും കർഷകർക്ക് വിളകൾ വാങ്ങുന്ന സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെടാനുള്ള സ്വാതന്ത്ര്യം നൽകുമെന്നും, കൂടാതെ ഉൽപാദനം മെച്ചപ്പെടുത്താൻ കൂടുതൽ മാർഗ്ഗങ്ങൾ സ്വീകരിക്കാനോ വിളകൾക്ക് മികച്ച വില ലഭിക്കാനായി വിലപേശാനോ ശേഷിയില്ലാത്ത 86 ശതമാനത്തോളം വരുന്ന ചെറുകിട കർഷകരെ സഹായിക്കുന്നതാണ് പുതിയ കാർഷിക നിയമങ്ങൾ എന്നും കേന്ദ്രസർക്കാർ അവകാശപ്പെടുന്നു.

ഇന്ത്യയിലെ കർഷകരുടെ അമർഷവും, അനിഷ്ടവും ഇന്ത്യൻ തെരുവീഥികളിലേക്ക് പടർന്നുകൊണ്ടിരിക്കുകയാണിപ്പോൾ. ഇതിനടിസ്ഥാനമായ മൂന്ന് കാർഷിക നിയമങ്ങളെക്കുറിച്ച് നമുക്ക് പരിശോധിക്കാം.

1) The Farmer's Produce Trade and Commerce (Promotion and Facilitation) Bill, 2020.

2) The Farmer's (Empowerment and Protection) Agreement on Price Assurance and Farm Service Bill, 2020

3) The Essential Commodities (Amendment) Bill, 2020.

ഇവയാണ് കർഷകർക്ക് ആശങ്ക പടർത്തുന്ന മൂന്ന് കാർഷിക നിയമങ്ങൾ. സൂക്ഷ്മതലത്തിൽ പരിശോധിച്ചപ്പോൾ ഈ മൂന്ന് നിയമങ്ങളും വ്യാവസായിക അസംസ്കൃത വസ്തുക്കൾ ഉൽപാദിപ്പിക്കാനുള്ള മേഖല മാത്രമായി കാർഷിക മേഖലയെ വിലയിരുത്തുന്നുവെന്ന് കാണാം. അധിനിവേശ കാർഷിക നയങ്ങളിൽ നിന്നുമുള്ള ചുവടുമാറ്റം



അതിന്റെ ഫലപ്രാപ്തിയിൽ എത്തിക്കാൻ സ്വാതന്ത്ര്യാനന്തര ഇന്ത്യയിലെ കാർഷിക നയങ്ങൾക്ക് ഇതുവരെയും സാധിച്ചില്ല എന്ന് കാണാൻ സാധിക്കും. കുത്തക മുതലാളിത്ത പ്രീണനനയവും നഗരവൽക്കരണ നയങ്ങളും സ്പഷ്ടമാക്കുന്ന തരത്തിലുള്ള ചുവടുവെയ്പ്പാണ് പുതിയ മൂന്ന് കാർഷിക നയങ്ങളിലും കാണുന്നത്. ഇതിനെതിരെ നടന്നു വരുന്ന ഇന്ത്യൻ കർഷകരുടെ അനിതരസാധാരണയായ പ്രതിഷേധത്തിന്റെ പശ്ചാത്തലത്തിൽ കർഷകപക്ഷത്തു നിന്നുകൊണ്ട് നമുക്ക് അവരുടെ ആശങ്കകൾ ചർച്ചചെയ്യാം.

കാർഷിക ഉൽപ്പന്നങ്ങളുടെ താങ്ങുവിലയുമായി സംബന്ധിച്ച കാര്യങ്ങളിലാണ് കർഷകർക്ക് ഏറെ പ്രതിഷേധമുള്ളത്. കാർഷിക ഉൽപ്പന്നങ്ങളുടെ കുറഞ്ഞ താങ്ങുവിലകൾ എല്ലാ പ്രദേശങ്ങളിലും ഒരേപോലെയാകണമെന്നും. തറവിലകൾക്ക് താഴെ പോകാതെ നോക്കണമെന്നും അവർ ആവശ്യപ്പെടുന്നു. നികുതി രഹിത സ്വകാര്യ വിപണനം എന്ന സമീപനം പ്രഖ്യാപിത കാർഷിക വിപണികൾക്ക് തീരെ പ്രയോജനം കിട്ടില്ലെന്ന ആശങ്കയും കർഷകർക്കുണ്ട്.

കൃഷി മന്ത്രാലയത്തിന്റെ കണക്കനുസരിച്ച് അരിയുടെയും, ഗോതമ്പിന്റെയും ഉൽപാദനവും, വിപണനവും കേന്ദ്രീകരിച്ചിരിക്കുന്നത് പഞ്ചാവ്-ഹരിയാന സംസ്ഥാനങ്ങളിലായിട്ടാണ്. ഇന്നത്തെ സാഹചര്യത്തിൽ കുറഞ്ഞ താങ്ങുവിലക്കടി സ്ഥാനപ്പെടുത്തിയാണ് ഗോതമ്പും, അരിയും സർക്കാർ ശേഖരിച്ചു വരുന്നത്. കുറഞ്ഞ താങ്ങുവിലയില്ലാതാകുമ്പോൾ വിപണയിലുള്ള തിരക്ക് താഴുമെന്നും കാർഷിക ഉൽപ്പന്ന വിപണന കമ്മറ്റികളുടെ നേതൃത്തത്തിലുള്ള മണ്ഡികൾ വഴിയുള്ള വിപണന ജാലിക തകർന്നു പോകുമെന്നും കർഷകർ ഭയപ്പെടുന്നു. ഇത്തരം കാര്യങ്ങളിൽ പ്രാദേശിക ഇടനിലക്കാരുടെയും ദല്ലാൾമാരുടെയും കാര്യക്ഷമമായ ഇടപെടലുകൾ കർഷകർക്ക് ആശ്വാസമാകുന്ന രീതിയിലുള്ളതാണ്. പഞ്ചാബ് സർക്കാരിന് മണ്ഡി നികുതിയിനത്തിൽ വാർഷിക വരുമാനമായി ഏകദേശം 3,500 കോടി രൂപയുടെ നേട്ടം ഉണ്ടാക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഇത്തരുണത്തിൽ ഓർമ്മിക്കേണ്ടതാണ്. ഇന്ത്യയിലൊട്ടാകെ 7000 കാർഷിക ഉൽപ്പന്ന വിപണന കമ്മറ്റികൾ നിയന്ത്രിക്കുന്ന വിപണികളുണ്ട്. ബീഹാറിലും, കേരളത്തിലും മണിപ്പൂരിലും ഇത്തരം സമ്പ്രദായം നിലവിലില്ല. പ്രാദേശിക ദല്ലാൾമാരോടുള്ള സമ്പർക്കം ഉണ്ടാക്കിയെടുത്ത വിശ്വാസം പരമ്പരാഗതമായി കൊണ്ടു നടക്കുന്നവരാണ് പഞ്ചാബിലെയും, ഹരിയാനയിലെയും കർഷകർ പരമ്പരാഗത ദല്ലാൾമാർ കൃഷികൾക്ക് ആവശ്യത്തിനുള്ള മുൻകൂർ പണം നൽകി വരുന്നുണ്ട്. ഇത്തരം സാമ്പത്തിക സഹായം



പരസ്പരം വിശ്വസത്തിലൂന്നിയ താണ്. പ്രാദേശിക കർഷകർ, മറ്റ് അനുബന്ധ തൊഴിലാളികൾ, ചുമട്ടുകാർ, ചന്തകളിലെയും സജീവ വിപണികളിലെയും ദല്ലാൾമാർ തുടങ്ങിവരൊക്കെ ഇത്തരം നാട്ടു നടപ്പിലൂന്നിയ വിശ്വാസാധിഷ്ഠിത സാമ്പത്തിക പ്രക്രിയകളിൽ കൂടി ജീവിച്ചു വരുന്നവരാണ്.

ഇപ്പോൾ രാജ്യത്ത് നിലനിൽക്കുന്ന കുറഞ്ഞ താങ്ങുവില നിന്ന വ്യവസ്ഥയുടെ റദ്ദാക്കൽ നടപടികൾ കുത്തക ഭീമന്മാർക്ക് ചെറുകിട കർഷകരുടെ ചൂഷണത്തിനുള്ള അവസരം കൊടുക്കലാകും. രണ്ടര ഏക്കറോളം കൃഷി ചെയ്യുന്ന നാമമാത്ര കർഷകരും, അഞ്ച് ഏക്കറോഷം കൃഷി ചെയ്യുന്ന ചെറുകിട കർഷകരും അവരുടെ പരമ്പരാഗത കൃഷിപ്പണി അന്യം നിന്നു പോകുമോ എന്ന ഭയത്തിലാണുള്ളത്. അതേ സമയം അഞ്ച് ഏക്കറിൽ കൂടുതലായി കൃഷി ചെയ്യുന്ന വൻകിട കർഷകർ ഇപ്പോൾ കുറച്ചു കാലത്തേക്ക് കുഴപ്പങ്ങളെ അതിജീവിക്കാനാകുമെന്നും പക്ഷെ പിന്നീട് ബഹുരാഷ്ട്ര കുത്തക കമ്പനികൾക്ക് വഴങ്ങേണ്ടി വരുമെന്നും ആശങ്കപ്പെടുന്നു. പഞ്ചാബിലെ കർഷകർക്ക് ബാർലി കൃഷി ചെയ്യാനായി ബഹുരാഷ്ട്ര മദ്യവ്യവസായ കമ്പനികൾ വിത്തുവിതരണം ചെയ്യുകയും ഉൽപാദിപ്പിക്കപ്പെട്ട ബാർലി താങ്ങു വിലയേക്കാൾ അധികവിലകൊടുത്ത് അവർ വാങ്ങുകയും ചെയ്തു. ആദ്യത്തെ രണ്ടു മൂന്നു വർഷങ്ങളിൽ ബാർലികർഷകർക്ക് നല്ല ആദായം കിട്ടി. തുടർന്ന് ബാർലി കൃഷി വ്യാപകമാക്കിയതോടെ, ബാർലിക് നിശ്ചയിക്കപ്പെട്ട വിലയിൽ നിന്നും കുത്തക കമ്പനി മുന്നോട്ട് പോയി. ഗുണമേന്മയുള്ള ഒഴികഴിവ് പറഞ്ഞ് ബാർലി കർഷകരെ ഒഴിവാക്കുകയൊ താഴ്ന്ന വിലയ്ക്ക് കച്ചവടം നിശ്ചയിക്കുകയൊ ചെയ്തു. ചോളത്തിന്റെയും, പച്ചപട്ടാണിയുടെ കാര്യത്തിലും ഇത്തരം സമാന സംഭവങ്ങൾ ഉത്തരേന്ത്യയിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. കുത്തക കമ്പനികൾക്കുമേൽ സർക്കാർ നിയന്ത്രണം ഇല്ലാതായാൽ കാർഷിക ഉൽപ്പന്ന വിപണന കമ്മറ്റികൾ തകർത്തുള്ള പ്രാദേശിക ചിന്തകൾ ക്രമേണ ഇല്ലാതാകും; ഇപ്പോഴുള്ള വ്യവസ്ഥയനുസരിച്ച് ചന്തക്കുള്ളിൽ ദല്ലാൾ ശിപായിമാരുടെ നിരക്കുകൾക്ക് നികുതി ചുമത്തപ്പെടുന്നുണ്ട്. അത് ഗ്രാമീണ വികസനം, കമ്പോള വികസനം, ദല്ലാൾ നികുതി എന്നിങ്ങനെയൊക്കെയാണ്.

പുതിയ കാർഷിക നിയമം പ്രാബല്യത്തിൽ വരുമ്പോൾ ഇത്തരം നികുതികൾ ചന്തകൾക്ക് പുറത്തുള്ള വ്യാപാരത്തിന് വസൂലാക്കാൻ കഴിയില്ല. അതുകൊണ്ടുതന്നെ സ്വകാര്യ വ്യാപാരക്കാരും കുത്തക കമ്പനിക്കാരും കൂടിയവില കർഷകർക്ക് വാഗ്ദാനം ചെയ്യും. പ്രാദേശിക ചന്തയിൽ കിട്ടുന്ന വിലയേക്കാൾ കൂടുതൽ കിട്ടുന്ന അവസ്ഥ വരുമ്പോൾ കർഷകർ തങ്ങളുടെ ഉൽപ്പന്നങ്ങൾ കുത്തക - സ്വകാര്യ കമ്പനികൾക്ക് വിൽക്കാനുള്ള പ്രവണത സ്വാഭാവികമായി കാണിക്കും. പ്രാദേശിക ചന്തകൾ പുറത്തുള്ള വ്യാപാരം കൊഴുക്കുകയും ഇത്തരം ചന്തകൾ നോക്കുകുത്തികളായി മാറുന്ന അവസ്ഥയും വരുന്നു. കച്ചവടത്തിന്റെയും, വിതരണത്തിന്റെയും മേലക്കുള്ള പ്രത്യേക അധികാരം കുത്തക കമ്പനികൾക്ക് ലഭിക്കുകയും ഇത്തരക്കാർ ചേർന്ന് വിപണി നിയന്ത്രിക്കുകയും ചെയ്യുന്ന വ്യവസ്ഥ ഇന്ത്യയിലെ കർഷകരുടെ നിലനിൽപ്പിനെത്തന്നെ ബാധിക്കും; പരസ്പര മത്സരം ഒഴിവാക്കുന്ന കുത്തകക്കാരുടെ ഒരു കൂട്ടമായിരിക്കും ഇന്ത്യയിലെ കർഷക സമ്പദ് വ്യവസ്ഥ നിയന്ത്രിക്കുക. സാമ്പത്തിക പ്രതിസന്ധിഘട്ടം തരണം ചെയ്യാനാവാതെ സ്വകാര്യ കുത്തക മുതലാളിമാരുടെ നിയന്ത്രണത്തിലാകുന്ന ഇന്ത്യൻ കർഷകർ ഏറെ ദുരതിമനുഭവിക്കാൻ പോവുകയാണ്.

സംസ്ഥാനത്തിനുള്ളിലുള്ള കാർഷികോൽപ്പന്ന വിപണനത്തെക്കുറിച്ച് 1954 നു ശേഷമുള്ള പല വിധികളിലും സംസ്ഥാനങ്ങളുടെ സവിശേഷാധികാരത്തെ സുപ്രീം കോടതി സ്ഥിതീകരിച്ചിട്ടുണ്ട്. കൃഷി ഒരു സംസ്ഥാന വിഷയമാണെന്നും അത് ഭരണഘടനയിൽ എൻട്രി 14- ൽ സംസ്ഥാന പട്ടിക 2 ൽ ഉൾപ്പെട്ടതാണെന്നും, കൂടാതെ എൻട്രി 26 ൽ രണ്ടാം പട്ടികയിലെ വാണിജ്യവും വ്യവഹാരവും സംസ്ഥാനത്തിനുള്ളിൽ എൻട്രി 27 ൽ പറയുന്ന ചരക്കുകളുടെ ഉൽപാദന - സംഭരണ - വിതരണത്തെപ്പറ്റിയും എൻട്രി 28 ൽ കമ്പോളവും വിപണനമേളയും രേഖപ്പെടുത്തിയിട്ടുണ്ട്. ഇത്തരം വീക്ഷണ കോണിൽ നിന്നും നോക്കുമ്പോൾ ഇപ്പോൾ പാർലമെന്റ് പാസാക്കിയ മൂന്നു നിയമങ്ങളും ഒരു സാധാരണ ചുവടുവെയ്പ്പാണെന്ന് മനസ്സിലാക്കണം. കേന്ദ്രസർക്കാർ ഇതിനു വേണ്ടി ചെയ്തത് എൻട്രി 33, കൺകറന്റ് പട്ടിക 3- ൽ ഉൾപ്പെടുത്തിയെന്ന താണ്. ഇത്തരത്തിലുള്ള അതിസാഹസികൃത്യം ഇന്നും നിലനിൽക്കുന്ന ആഭ്യന്തര കാര്യങ്ങളിൽ സ്വാതന്ത്ര്യം നിലനിർത്തിക്കൊണ്ട് പല സംസ്ഥാനങ്ങളും ഒരുമിച്ച് ചേരുന്ന ഭരണ സമ്പ്രദായത്തിന്റെ ജീവ ചൈതന്യത്തെ ദുർബലപ്പെടുത്തും; ഭരണ ഘടനപരമായി കൃഷിയെന്ന വിഷയം സംസ്ഥാന



സർക്കാറിന്റെ സവിശേഷാധികാര പട്ടികയിൽ വരുന്നതാണെന്നും കേന്ദ്ര സർക്കാർ നിയമ – ചട്ടങ്ങൾ രൂപീകരിക്കാനോ ഏർപ്പെടുത്താനോ തുനിയരുത് എന്നുമുള്ള വാദം ബി.ജെ.പി ഇതര സർക്കാരുകളും രാഷ്ട്രീയ പാർട്ടികളും മുന്നോട്ടു വെക്കുന്നുണ്ട്.

കാർഷിക ഉൽപ്പന്നങ്ങളുടെ ശേഖരണ പരിധി ഒഴിവാക്കുന്നതും അമിതമായ ശേഖരണ – വാങ്ങൽ ശേഷി നേടുന്ന സംഘടിതരായ കുത്തക വ്യാപാരികൾക്ക് ചുവന്ന പരവതാനി വിരിച്ചുകൊടുക്കുന്നതും കർഷക ദ്രോഹമാണ്. ഉൽപ്പന്നങ്ങളുടെ കുറഞ്ഞ താങ്ങു വില നിശ്ചയിക്കുന്നതിൽ കർഷകർക്ക് യാതൊരു പങ്കുമില്ലാത്ത അവസ്ഥ ഭീതിജനകമാണ്, അതേ സമയം വൻകിട കുത്തക കമ്പനികൾ നിയന്ത്രിക്കുന്ന വിപണി കാർഷിക ഉൽപ്പന്നങ്ങളുടെ വില നിശ്ചയിച്ച് നിയന്ത്രിച്ച് പോവുന്ന അവസ്ഥ ചൂക്ഷണത്തിന് കുറഞ്ഞ താങ്ങുവില എന്നത് സർക്കാരിന്റെ ഔദാര്യ പൂർവ്വമായ സൗകര്യമാണ്. ഇതിനെ നിയമപരമാക്കുകയാണെങ്കിൽ കർഷകർക്ക് പ്രാദേശിക ചന്തകളിൽ വിറ്റുവരവ് നടത്താമെന്ന് മാത്രമല്ല. കുത്തക മുതലാളിമാരുടെ നീരാളിപ്പിടുത്തത്തിൽ നിന്നും മോചനവും കിട്ടും. കർഷക ആത്മഹത്യകൾ ഇന്ത്യയിൽ വർധിച്ച് വരുവാനുള്ള കാരണം കർഷക പ്രേമം നടിച്ചു കൊണ്ടുവന്ന വിവിധ വായ്പകളുടെ അനന്തര ഫലമായാണ്.

ഏറെ വിവാദമായ മൂന്ന് കാർഷിക നിയമങ്ങൾക്കെതിരെയുള്ള കർഷക പ്രക്ഷോഭ പരമ്പരകൾ കാലിക പ്രസക്തമായ ചോദ്യങ്ങൾ ഉന്നയിക്കുന്നുണ്ട്. സ്വകാര്യ കുത്തകക്കാരുടെ കമ്പോളം എന്ന ആശയം തന്നെ ചോദ്യം ചെയ്യപ്പെടേണ്ടതല്ലേ? ഇതിന്റെ പ്രവർത്തന രീതികൾ എന്തൊക്കെയായിരിക്കും? സർക്കാറിനു നിയന്ത്രണം ഇല്ലാത്ത ഇത്തരം പുതിയ ചന്തകളിൽ നിന്നും നികുതി വരുമാനം പതീക്ഷിക്കാമോ? സംസ്ഥാന സർക്കാറിന്റെ അനുവാദമോ അധികാര പത്രമോ ഇല്ലാതെ ഏത് വ്യക്തിക്കും കമ്പനിക്കും വ്യാപാരം നടത്താമെന്ന വ്യവസ്ഥ ആരെ സഹായിക്കാനാണ്? പ്രാദേശിക ചന്തകളെ വിശ്വാസത്തിലെടുക്കാതെ വിപണനം നടത്തിയാൽ കർഷക ദുരിതം കൂട്ടില്ലേ? പ്രാദേശിക ചന്തകളുടെ പരിസര പരിധിക്കപ്പുറത്ത് വ്യാപാരം നടത്തുവാനുള്ള സൗകര്യം ഫലത്തിൽ കർഷക സൗഹൃദമാകുമോ ? കർഷകർക്ക് ഏറെ ആശങ്കയുള്ളത് കുറഞ്ഞ താങ്ങുവില നിശ്ചയിക്കാനുള്ള ചുമതല പ്രാദേശിക കമ്മറ്റികൾക്കു പകരം കമ്പനികൾക്ക് നൽകുവാനുള്ള തീരുമാനം പിൻവലിക്കുക തന്നെ വേണം. കർഷകരെ വിള ചൂഷണത്തിനും സംരക്ഷിക്കുന്നതിനും ലക്ഷ്യമിട്ടുള്ള നിയമം പ്രായോഗ തലത്തിൽ നടപ്പിലാക്കാനുള്ള സംവിധാനത്തെപ്പറ്റി പരാമർശിക്കുന്നേയില്ല. നാം നിത്യമായി ഉപയോഗിക്കുന്ന ഭക്ഷ്യ വസ്തുക്കളെ ആവശ്യ വസ്തുക്കളുടെ പട്ടികയിൽ നിന്നും ഒഴിവാക്കുന്ന നിയമം അത്യന്തികമായി അത്തരം സാധനങ്ങളുടെ പൂഴ്ത്തിവെപ്പിനും കരിഞ്ചന്തക്കും വിലക്കയറ്റത്തിനും കാരണമാകും. കർഷകരുടെ വിളകൾ സംഭരിക്കുകയും അവ പൊതു വിതരണ സംവിധാനം വഴിയും ഇന്ത്യയിലെമ്പാടും എത്തിക്കുകയും ചെയ്യുന്ന ഫുഡ് കോർപ്പറേഷൻ സംഭരണ കേന്ദ്രങ്ങൾ സ്വകാര്യ മേഖലയ്ക്ക് കൈമാറുമ്പോൾ വരാൻ പോകുന്ന പ്രശ്നങ്ങൾ ചെറുകിട കർഷകർക്ക് ജീവിതം ദുരിത പൂർണ്ണമാകും. കാർഷിക മേഖലയിൽ നിന്നും സർക്കാറിന്റെ നിക്ഷേപം പൂർണ്ണമയും ഇല്ലാതാവുന്ന അവസ്ഥയും ഞാൻ കൃഷിയുടെ വ്യാപനവും ഒട്ടും ആശ്വാസ്യകരമല്ല.

കർഷകരും കമ്പനികളുമായുള്ള കരാറുകൾക്ക് ഒരു ദേശീയ ചട്ടക്കൂടിന്റെ പിൻബലത്തിൽ കരാർ കൃഷിയും ഉൽപ്പന്ന വിപണനവും പ്രോത്സാഹിപ്പിക്കുമെന്ന് നിയമത്തിൽ പറയുന്നുണ്ട്. ഇന്ത്യയിൽ എല്ലാ സംസ്ഥാനങ്ങൾക്കും ബാധകമാകുന്ന ഒറ്റ കാർഷിക നയം നടപ്പിലാക്കാനാകുമോ? ധാന്യങ്ങൾ, പയർവർഗ്ഗങ്ങൾ, ഭകഷ്യ എണ്ണകൾ, ഉള്ളി ഉൾപ്പെടെയുള്ള അവശ്യ ഭക്ഷ്യ വസ്തുക്കളെ സംരക്ഷണ പട്ടികയിൽ നിന്നും ഒഴിവാക്കിയും അവയുടെ ഉൽപാദനം, ശേഖരണം, വിതരണവും വിറ്റഴിക്കലിലും കർഷകർക്ക് നിയന്ത്രണമില്ലാത്ത അവസ്ഥ വരുമ്പോൾ ആവശ്യ വസ്തു സംരക്ഷണ നിയമ ഭേദഗതികൾ കർഷക ദ്രോഹം തന്നെയാണ്. കാർഷിക നിയമങ്ങൾക്കെതിരെ തുടർന്നു വരുന്ന സമരരംഗത്തുള്ള 29 കർഷക സംഘടനകൾ കൃഷി മന്ത്രിയുമായി ചർച്ച നടത്താൻ തീരുമാനിക്കുകയും കേന്ദ്രമന്ത്രി പ്രസ്തുത ചർച്ചയിൽ നേരിട്ട് പങ്കെടുക്കാത്ത കാരണം വഴിമുട്ടുകയും ചെയ്തു. കാർഷിക നയത്തോടുള്ള കർഷകരുടെ എതിർപ്പ്

യാത്ര

# പട്ടുപാതയിലൂടെ നാഥുലയിലേക്ക്

**ജോയ്സ്കുട്ടി ജോസഫ്**
കെ.ഇ. കോളേജ്, മാന്നാനം



കേൾക്കുന്നതിന് ക്യൂആർ കോഡ് സ്കാൻ ചെയ്യുക.

പ്രയാസമേറിയ വഴികൾ മനോഹരങ്ങളായ ലക്ഷ്യസ്ഥാനങ്ങളിൽ കൊണ്ടു ചെന്നെത്തിക്കും'- നാഥുലാപാസിലേക്കുള്ള വഴിയിൽ, അതിർത്തിയിലേക്കുള്ള റോഡുകൾ നന്നാക്കുന്ന സൈനിക വിഭാഗമായ ബ്രോ (Border Roads Organization) എഴുതി വെച്ചത് പൂർണ്ണമായും ശരിയെന്ന് നാഥുലയിൽ എത്തുമ്പോൾ നമുക്ക് ബോധ്യമാവും. സിക്കിം തലസ്ഥാനമായ ഗാംങ്ടോക്കിൽ നിന്ന് 54 കിലോമീറ്റർ അകലെയാണ് ഇന്ത്യ - ചൈന അതിർത്തിയായ നാഥുല. ലോകപ്രശസ്തമായ പട്ടുപാതയെ ഇന്ത്യയുമായി ബന്ധിപ്പിക്കുന്ന ചുരമാണിത്.

പൂർണമായും സൈനിക നിയന്ത്രണത്തിലാണ് ഈ ചുരം. ബി.സി കാലം മുതൽ ചൈനയും ഇന്ത്യയും തമ്മിലുള്ള കൊടുക്കൽ വാങ്ങലുകൾ ഈ വഴിയാണ് നടന്നു വന്നത്. എന്നാൽ 1962 ലെ ഇന്തോ-ചൈന യുദ്ധത്തിന് ശേഷം അടച്ച വഴി ഉഭയസമ്മത പ്രകാരം 2006ലാണ് തുറന്നത്. സൈനിക നിയന്ത്രണത്തിൽ ആഴ്ചയിൽ രണ്ടു ദിവസം മാത്രം വ്യാപാരികൾക്ക് ഈ ചുരം ഉപയോഗിക്കാം. നാഥുലയിൽ നിന്ന് 560 കിലോമീറ്റർ സഞ്ചരിച്ചാൽ ചൈനയുടെ ടിബറ്റൻ പ്രവിശ്യാ തലസ്ഥാനമായ ലാസയിലെത്താം. ആഴ്ചയിൽ 4 ദിവസം ഇന്ത്യൻ പൗരന്മാർക്ക് മാത്രം സൈനിക പെർമിറ്റോടെ നാഥുല സന്ദർശിക്കാം.

ഹിമാലയ വഴികളുടെ പൊതു സ്വഭാവമായ കല്ലുവീഴ്ച, മണ്ണിടിയൽ എന്നിവ ഉണ്ടെങ്കിലും മറ്റു പല ഹിമാലയൻ ചുരങ്ങളേക്കാൾ വളരെ ഭേദമാണ് ഈ പാത.54 കിലോമീറ്റർ കൊണ്ട്





9000 അടിയോളം ഉയരത്തിലേക്ക് കയറേണ്ടി വരുന്നതു കൊണ്ട് റോഡ് മുഴുവൻ കയറ്റമാണ്. ഉയര വ്യത്യാസം ഭൂപ്രകൃതിയ്ക്കും സസ്യജാലങ്ങൾക്കും ഉണ്ടാക്കുന്ന വ്യത്യാസം ഒറ്റനോട്ടത്തിൽ തന്നെ ഈ യാത്രയിൽ തിരിച്ചറിയാം. സൂക്ഷ്മദൃക്കുകൾക്ക് ജന്തുക്കളിലുണ്ടാവുന്ന വ്യത്യാസവും തിരിച്ചറിയാം. പല തരം ആൽഫീൻ കാടുകൾ നമുക്കീ യാത്രയിൽ കാണാം.

ഗാംങ്ടോക്കിൽ നിന്ന് അല്പം ചെല്ലുമ്പോൾ മുതൽ റോഡോഡെൻഡ്രോൺ, ഫിർ, പൈൻമര കാടുകളാണ്. ആദ്യത്തെ പത്തിരുപത് കിലോമീറ്റർ വരെ ഏതാനും ഹിമാലയൻ ഗ്രാമങ്ങളും കാണാം. ഉയരം കൂടുംതോറും റോഡോഡെൻഡ്രോൺ മരങ്ങൾക്ക് പൊക്കം കുറഞ്ഞ് കുറഞ്ഞ് വരുന്നു. ഏകദേശം 8000 അടിക്ക് മുകളിലെത്തിയാൽ പിന്നെ പൊക്കം കൂടിയ മരങ്ങൾ കാണാനേയില്ല.കുറെ ദൂരം കൂടി കുറ്റിച്ചു നിൽക്കുന്ന റോഡോഡെൻഡ്രോൺ മരങ്ങൾ കാണാം. പൂക്കുന്ന സീസൺ കഴിഞ്ഞതിനാലും മഴക്കാലമായതിനാലും കടും പച്ചയാണവ. പിന്നീട് നാഥുല വരെ ആൽഫീൻ പുഷ്പങ്ങൾ മാത്രമാണ്. വാലി ഓഫ് ഫ്ലവേഴ്സ് അല്പം വ്യത്യസ്തമായി ആവർത്തിക്കുകയാണിവിടെ. ചിലയിടങ്ങളിൽ മലകൾ ആകമാനം പൂത്തിരിക്കുന്നു. ആൽഫീൻ പുഷ്പങ്ങളും ഉരുളൻ കല്ലുകളും വിസ്മയകരമായി പ്രകൃതി ചേർത്തു വെച്ചിരിക്കുകയാണ്.

ചില പോയിൻറുകളിലല്ലാതെ വാഹനം നിറുത്താൻ വിലക്കുള്ള തിനാലും ആദ്യവസാനം ചാറ്റൽ മഴയും കോടമഞ്ഞും ഉള്ളതിനാലും കാഴ്ചകൾ ക്യാമറയ്ക്കു പകരം മനസ്സി ലാണ് ഒപ്പിയെടുത്തത്.

നാല്പത് കിലോമീറ്റർ കഴിയുമ്പോൾ ഇന്നാട്ടുകാർ ചാങ്കുലേക്ക് (Tsomgo Lake) എന്ന് വിളിക്കുന്ന തടാകം കാണാം. പൂമലകളാൽ ചുറ്റപ്പെട്ട ഏകദേശം ഒരു കിലോമീറ്റർ നീളവും അരക്കിലോമീറ്റർ വീതി യുമുള്ള ഒരു തടാകമാണിത്. മഞ്ഞു കാലമായാൽ ചുറ്റുമുള്ള മലകളും തടാകം തന്നെയും മഞ്ഞുമൂടിക്കിട ക്കും. ജലം കണ്ണാടിച്ചില്ലുപോലെ തെളിഞ്ഞതാണ്. തടാകത്തിൽ നീ ന്തിത്തുടിക്കുന്ന ബ്രാഹ്മണി കൊക്കു കളെ കാണാം. തീരത്ത് യാക്കുക ളുമായി ടിബറ്റന്മാർ സഞ്ചാരികളെ കാത്തു നില്പുണ്ട്. സഞ്ചാരികൾക്ക് പണം കൊടുത്ത് ഇവയുടെ പുറത്ത് സവാരി ചെയ്യാം.

നാഥുല എത്തുന്നതിനു മുമ്പ് ബാബമന്ദിറിലേക്ക് ഒരു വഴിതി രിഞ്ഞു പോകുന്നുണ്ട്.1968-ൽ 22 വയസിൽ മരിച്ച ഹർഭജൻ സിംഗ് എന്ന സൈനികന്റെ പേരിലാണ് ഈ ക്ഷേത്രം.അദ്ദേഹത്തെയാണ് ഇവിടെ പ്രതിഷ്ഠിച്ചിരിക്കുന്നത്. സൈനിക ക്യാമ്പിലേക്കുള്ള ആഹാരസാധനങ്ങൾ എത്തിക്കുന്ന തിനിടയിൽ എങ്ങനെയോ ആണ് ഇദ്ദേഹം മരണപ്പെട്ടത്.ഇദ്ദേഹത്തി ന്റെ ശരീരം മഞ്ഞിനിടയിൽ നിന്ന് കണ്ടെത്താൻ ഇദ്ദേഹം തന്നെ സഹായിച്ചു എന്നാണ് ഐതി ഹ്യം. അച്ചടക്കം പാലിക്കാത്ത സൈനികരെ ഇദ്ദേഹം ഇപ്പോഴും ശിക്ഷിക്കാറുണ്ട് എന്നാണ് സൈ നികർക്കിടയിലുള്ള വിശ്വാസം. ഇദ്ദേഹത്തിന്റെ വസ്തുവകകളെല്ലാം ഇവിടെ സൂക്ഷിച്ചു വെച്ചിരിക്കുന്നു. അമ്പലത്തിൽ പൂജകൾ നടത്തുന്ന തും പ്രസാദം കൊടുക്കുന്നതുമെല്ലാം സൈനികരാണ്. വർഷത്തിലൊരു ദിവസം സൈനിക അകമ്പടിയോ ടെ വാഹനത്തിൽ 'ഇദ്ദേഹത്തെ' ന്യൂ ജൽപായ്ഗുരി വരെ കൊണ്ടുപോ യി അവിടെ നിന്ന് അദ്ദേഹത്തിനു വേണ്ടി ബുക്കുചെയ്ത ട്രെയിനിൽ പഞ്ചാബിലുള്ള വീട്ടിലെത്തിച്ച്





അദ്ദേഹത്തിന്റെ ശമ്പളത്തിൽ ചെലവു കഴിച്ചുള്ള തുക വീട്ടുകാരെ ഏൽപ്പിച്ച് സൈനികർ അദ്ദേഹ ത്തെ തിരിച്ച് മന്ദിറിൽ എത്തിക്കു ന്നു. മരണപ്പെട്ടിട്ട് ഇത്രയും കാല മായിട്ടും അദ്ദേഹം സൈന്യത്തിനു വേണ്ടി സേവനമനുഷ്ഠിക്കുന്നു എന്നാണ് വയ്പ്പ്. മുമ്പൊരിക്കൽ അരുണാചൽ പ്രദേശിലൂടെ തവാ ങ്ങിന് പോയപ്പോഴും ഒരു മിലിട്ടറി ബാബയുടെ അമ്പലം കണ്ടിരുന്നു. ഇന്ത്യ – ചൈന യുദ്ധത്തിൽ കൊ ല്ലപ്പെട്ട ഒരു സൈനികനെയാണ് അവിടെ പ്രതിഷ്ഠിച്ചിരിക്കുന്നത്. ഇത്തരം ബാബാമന്ദിറുകൾ കൂടാതെ കൂടാതെ അതിർത്തി പ്രദേശങ്ങളിൽ മറ്റു ചില ക്ഷേത്ര ങ്ങളും സൈന്യത്തിന്റേതായുണ്ട്. ഇത്തരം പ്രദേശങ്ങളിലെ പ്ര തിബന്ധങ്ങളെ മറികടക്കാൻ മത രീതികളും വിശ്വാസങ്ങളും സൈന്യം കൂട്ടുപിടിക്കുകയാണ്. രാമദൂതനായ ഹനുമാന് തുല്യരായി ട്ടാണ് ഇത്തരം ബാബ മാരെ ചില ഭക്തർ കാണുന്നതെന്ന് തോന്നുന്നു. ബാബമന്ദിറിൽ ഭക്തിപൂർവ്വം പ്രാർത്ഥിക്കുന്നവർ നിരവധിയുണ്ട്. ചിലർ ബാബയ്ക്കും സൈന്യത്തിനും മുദ്രാവാക്യങ്ങളിലൂടെ അഭിവാദ്യം അർപ്പിക്കുന്നു.

നാഥുലയിലെത്തിയാൽ കെട്ടി യൊരുക്കിയ നടപ്പുവഴിയെ അതിർ ത്തി വരെ എത്താം. അതിർത്തി വേലിക്കപ്പുറം, വേലി ചേർന്ന് ചൈനീസ് പോസ്റ്റുണ്ട്. സഞ്ചാ രികളിൽ ചിലരെല്ലാം അതി ഘോരമായി മുദ്രാവാക്യം വിളിച്ച് ദേശസ്നേഹം പ്രഖ്യാപിക്കുന്നുണ്ട്. ദേശസ്നേഹം ഒരു വിദ്വേഷവി കാരമാണോ എന്ന് ഒ.വി.വിജയ നെപ്പോലെ നമുക്കും ചിലരുടെ മുദ്രാവാക്യം വിളി കേൾക്കുമ്പോൾ സംശയം തോന്നും. എന്തായാലും ഇന്ത്യൻ പോസ്റ്റിലെ പട്ടാളക്കാരും ഈ ചൈനീസ് പട്ടാളക്കാരുമായി അല്പം പോലും ശത്രുതയുള്ളതായി തോന്നിയില്ല. പലരും പരസ്പരം സൗഹൃദം പങ്കുവയ്ക്കുന്നുമുണ്ട്.ഒരു കറിയ ചൈനീസ് പട്ടാളക്കാരൻ ഇന്ത്യൻ സൈനികന്റെ പേരു വി ളിച്ച് എന്തോ തമാശ പങ്കു വയ്ക്കുന്നു. സക്കറിയയുടെ ആർക്കറിയാം എന്ന കഥയിലെ 'പട്ടാളക്കാർക്ക് ആരോടും യുദ്ധമില്ല' എന്ന വാചക ത്തിന്റെ ആഴം എനിക്ക് മനസ്സിലാ യത് ഇപ്പോഴാണ്.

നല്ല തണുപ്പും കനത്ത കോടമഞ്ഞു മാണിവിടെ. കമ്പിളി കൈയുറയും കാലുറയും ധരിച്ചിട്ടില്ലെങ്കിൽ കയ്യും കാലുമൊക്കെ മരവിക്കും.ഉയരങ്ങ ളുമായി അനുകൂലനം നേടാതെ പെട്ടെന്ന് ഇത്രയും ഉയരത്തിലേക്ക് വന്നതിന്റേതായ ചില പ്രശ്നങ്ങളും അനുഭവപ്പെട്ടു തുടങ്ങി. ഫോട്ടോ എടുക്കാനോ കൂടുതൽ സമയം അവിടെ തങ്ങാനോ പട്ടാളക്കാർ സമ്മതിക്കുകയുമില്ല. ചാറ്റൽ മഴയും കോടയും മാറി അപ്പുറത്തെ ചൈനീസ് പ്രദേശങ്ങൾ കണ്ടിട്ടിറ ങ്ങാം എന്ന ആഗ്രഹം നടന്നില്ല.

നാഥുലാ പോയിന്റിന് തൊട്ടുതാഴെ സൈനികർ സഞ്ചാരികൾക്ക് വേണ്ടി നടത്തുന്ന ഒരു ചായക്ക ടയുണ്ട്. വളരെ ചെറിയ വിലയ്ക്ക് നല്ല ചായയും കാപ്പിയും ലഭിക്കും. പർവ്വതദേശങ്ങളിലെ പ്രധാന പലഹാരമായ മോമോയും ലഭിക്കും. നാഥുലാപാസ് സന്ദർശിച്ചതിന്റെ സർട്ടിഫിക്കറ്റും വേണ്ടവർക്ക് തരും. പർവ്വത ദേശങ്ങളിൽ പൊതുവെ കാണപ്പെടുന്ന ഒരു സൗ മ്യത ഇവിടുത്തെ പട്ടാളക്കാരിലും കാണാനാവും.

ഒക്ടോബർ അവസാനത്തോടെ ഈ പ്രദേശങ്ങളിൽ മഞ്ഞുവീഴ്ച ആരംഭിക്കും. ഡിസംബറോടെ പ്രദേശമാകമാനം മഞ്ഞ് മൂടും. ആ സമയം നാഥുലാചുരം റോ ഡിലൂടെ സഞ്ചരിക്കാനാവില്ല. ഏപ്രിൽ മാസമാകുന്നതോടെ മലനിരകളിൽ നിന്ന് മഞ്ഞ് മാറി, മഞ്ഞിനടിയിൽ ഉറങ്ങിക്കിടക്കുന്ന ആൽഫീൻ ചെടികളുടെ വിത്തു കൾ മുളയ്ക്കാൻ തുടങ്ങും.ജൂൺ ആരം ഭത്തോടെ പ്രകൃതി ഇവിടെ 'ഫ്ലവർ ഫെസ്റ്റിവൽ' തുടങ്ങും. ആഗസ്റ്റ് – സെപ്റ്റംബർ മാസങ്ങളാണ് ഈ മലനിരകളുടെ ഏറ്റവും 'സുവർണ്ണ' കാലം. മലകളും താഴ്വരകളും പുഷ്പ പ്രളയത്തിൽ മുങ്ങി നിൽക്കുന്ന കാഴ്ച അപാരം തന്നെ. തിരുവോണ ദിവസം തന്നെ പ്രകൃതിയുടെ ഈ മെഗാപൂക്കളത്തിൽ ചെലവഴി ക്കാൻ പറ്റിയതിന്റെ കൃതാർത്ഥത യോടെ മലയിറക്കം തുടങ്ങി.

# മാറുന്ന തൊഴിലിടങ്ങൾ

മാനവിക ചിന്ത എന്നും സംസ്ക്കാരത്തിലൂന്നിയ സംവാദങ്ങലിലൂടെയാണ് അതിന്റെ മുന്നോട്ടൊഴുക്ക് താളപ്പെടുത്തിയിരിക്കുന്നത്. താളവേഗം ഏറെക്കുറെ പ്രവചനാതീതമാണെങ്കിലും അത് തീർക്കുന്ന ഒരു സംസ്ക്കാര രൂപം മനുഷ്യന്റെ സാമൂഹിക പ്രവർത്തനങ്ങളെ എന്നും മുന്നോട്ട് നയിക്കാൻ പ്രാപ്തിയുള്ളവയാണ്. കാർഷിക സംസ്കാരം, അതിലൂടെ രൂപപ്പെടുന്ന സാമൂഹിക അന്തരീക്ഷം മതം, ജാതി ഇത്യാദികളെ എല്ലാ കാലവും പ്രചോദിപ്പിച്ചിട്ടുണ്ട്. സാമൂഹികാന്തരീക്ഷം എല്ലാകാലവും രൂപപ്പെട്ടിരിക്കുന്നത് അതിന് കാതലായി വാഴുന്ന സാമ്പത്തികാന്തരീക്ഷത്തിന് നേർരേഖയായിട്ടാണ്. ' I Know only one Culture that is Agriculture (സർദാർ പട്ടേൽ) എന്ന വചനം ഏറെ പ്രചാരമുള്ളവയാണെങ്കിലും ഈ കാർഷിക സംസ്കാരമെന്നത് അതിനുള്ളിലെ വൈജ്ഞാനിക തലങ്ങളോടൊപ്പം തന്നെ സാമൂഹിക നീതിബോധവും, അധികാരവും, മതവും, ജാതിയുമെല്ലാമാണെന്നത് വിസ്തരിക്കാനാവുന്നതല്ല. ആകയാൽ എപ്പോഴൊക്കെ സംസ്ക്കാരമെന്ന പദം നമുക്ക് മുന്നിൽ വരുന്നുവോ അപ്പോഴൊക്കെ അതിനോടൊപ്പം ചേർന്ന് മറഞ്ഞും തെളിഞ്ഞും നിൽക്കുന്ന മറ്റനേകം സാധ്യതകൾ ഉണ്ടെന്ന് ഉറപ്പിക്കേണ്ടതാണ്. തൊഴിൽ സംസ്ക്കാരവും ഇത്തരത്തിൽ വിശകലനം അർഹിക്കുന്ന ഒരു സാമാന്യ സങ്കൽപമാണ്.

ഭീതിയുടെ നിഴലിൽ നിൽക്കുമ്പോ

**ശ്രീജിത്ത് പി വി**
വി.ടി.എം. എൻ. എസ്.എസ്
കോളേജ്, ധനുവച്ചപുരം






ഴം നമ്മുടെ തൊഴിൽ സംസ്കാര ത്തിന് ഏതെങ്കിലും തരത്തിലുള്ള മാറ്റം സംഭവിക്കുന്നത് മനസ്സിലാ കാതെ പോകുന്ന കാലഘട്ടമാണ് ഇന്നുള്ളത് എന്ന് പറയുക വയ്യ. മറിച്ച് മാറുന്ന സാമ്പത്തികാന്തരീ ക്ഷം നമ്മുടെ അവസ്ഥകളെയും മാറ്റുന്നു എന്നത് നേരിൽ അനുഭ വിക്കാനുള്ള ഒരു വിധിയോഗം നമ്മുക്കുണ്ടാകുന്നു എന്നതിലാണ് ഈ കാലഘട്ടത്തെ ചരിത്രം രേഖ പ്പെടുത്തുക. എന്നാലീമാറ്റം എത്ര മാത്രം സമൂഹമെന്ന നമ്മുടെ കൂട്ടാ യ്മയെ സ്വാധീനിക്കുന്നുവെന്നത് പ്രസക്തമാണ്. നവമാധ്യമങ്ങളുടെ പ്രളയത്തിൽപ്പെട്ട് ഇന്ന് നേരും, നെറികേടും, അസത്യവും തിരിച്ചറി യാൻ പെടാത്തൊരവസ്ഥയാണ് എന്ന് പക്ഷം ചേർന്ന് വിലപി ക്കുന്നവരെ എവിടേയും കാണാൻ സാധിക്കും. എന്നാലൊരു ചോദ്യം, എന്തുകൊണ്ടാണ് ഇത്തരം മാറ്റം നമ്മുടെ ഇന്ദ്രിയങ്ങളുടെ നിരീക്ഷ ണങ്ങളിൽ നിന്ന് മറയപ്പെടുന്നത്. ഒട്ടനവധിയായ തൊഴിൽ പ്ര ശ്നങ്ങൾ നമ്മൾ നേരിടുന്നുണ്ട്, താത്കാലിക നിയമനങ്ങൾ, തൊഴിൽ അസ്ഥിരത, തൊഴിൽ ലഭ്യതക്കുറവ്, കൂലി വിവേചനം/ അന്തരം, തൊഴിൽ നിയമങ്ങളുടെ ദുർബലപ്പെടുത്തൽ എന്നിവ ഇവ യിൽ ചിലതുമാത്രമാണ്.

മുമ്പൊരിക്കലും കാണാത്ത തര ത്തിലുള്ള ഘടനാപരമായ മാറ്റം തൊഴിൽ മേഖലയിലെ വ്യവ സ്ഥിതിയിൽ ഉണ്ടാക്കിക്കൊണ്ടി രിക്കുന്നു. ഏതൊരു സംവാദവും രൂപപ്പെടാൻ നട്ടുച്ചയ്ക്കു പോലും തെളി യിക്കുന്ന ഒരു ദീപനാളത്തിന് കഴി യുമെന്ന് സോക്രട്ടീസ് തന്റെ തത്ത്വ ജ്ഞാന പര്യക്ഷണങ്ങളിലൂടെ പരീക്ഷിച്ച് ബോധ്യപ്പെടുത്തിയതാ ണ്. എന്നാൽ ഏത് സംവാദവും മറ ഞ്ഞും തെളിഞ്ഞും നിയന്ത്രിക്കപ്പെ ടുകയാണ് എന്ന യാഥാർത്ഥ്യം ഈ വൈജ്ഞാനിക വിസ്ഫോടന കാലത്ത് നമ്മൾ അറിയാതെ പോ കുന്നു. കൂടുതൽ സാധ്യതകൾ പരി ചയപ്പെടുത്തുന്ന ഉദാരവത്കരണ കാലഘട്ടം എന്നും 'വികസനം' എന്ന വാണിജ്യ ചിഹ്നത്തിലൂന്നി യാണ് അതിന്റെ തായ്‌വേരുകൾ സമൂഹ മനസ്സിൽ ഉറപ്പിക്കുന്നത്. ഉദാരവത്കരണം സ്വതന്ത്ര ചിന്ത യുടെ കൊടിക്കൂറയുമായി അവതരി പ്പിക്കുമ്പോൾ നമ്മുടെ ഇന്ദ്രിയങ്ങൾ ക്കൊപ്പം മറയപ്പെടുന്നത് നമ്മുടെ വിവേചന ബുദ്ധിയും കൂടിയാണ്.

നിയന്ത്രണങ്ങൾ തുത്തെറിയാൻ ആഹ്വാനം ചെയ്യുമ്പോൾ ആരുടെ നേർക്കുള്ള നിയന്ത്രണങ്ങളാണ് അസ്ഥിരപ്പെടുന്നത്. ഇതിനെ എതിർക്കുന്നവരുടെ പിൻതി രിപ്പിൽ പാരമ്പര്യം, അവരുടെ തീവ്രചിന്ത തുടങ്ങിയവ എപ്പോഴും ചർച്ചയിൽ നിറയുകയും ചെയ്യുന്നു. പുത്തൻ വികസന മാതൃകകൾ, കാലങ്ങൾ നീണ്ട പരീക്ഷണ നി രീക്ഷണങ്ങളിലൂടെ വികസിപ്പിച്ച രൂപരേഖയാണ് അവതരിപ്പിക്കു ന്നത്. എന്നാൽ ഇതിന് ആഗോള തലത്തിൽ ഉണ്ടായ പരാജയങ്ങൾ ബോധപൂർവ്വം മറച്ചുവയ്ക്കുന്നു. ലാറ്റിൻ അമേരിക്കയിലേയും, കിഴക്കൻ ഏഷ്യൻ രാജ്യങ്ങളിലേയും സാ മ്പത്തിക പരിഷ്കരണ പരാജയ ങ്ങൾ ഇത്തരത്തിൽ മൂടപ്പെട്ടവയാ ണ്. അതായത് അസത്യം അർദ്ധ സത്യമായും പിന്നീടത് സത്യമായും പുനർജനിച്ചുകൊണ്ടിരിക്കുന്നു.

തൊഴിൽ നിയമങ്ങളിൽ കാത ലായ മാറ്റങ്ങൾ എല്ലാ കാലത്തും ആവശ്യം വേണ്ടതാണ്. പൊതു മേഖലയിലെ തൊഴിൽ നിയ മങ്ങൾ ഒരു പക്ഷേ സ്വകാര്യ സ്ഥാപനങ്ങളിൽ അതു പോലെ നടപ്പിലാക്കപ്പെടണമെന്നില്ല.

അപ്പോഴും അടിസ്ഥാന തത്ത്വങ്ങ ലിൽ മാറ്റമുണ്ടാകാൻ പാടില്ല എന്ന ബോധ്യം അവശേഷിക്കുന്നു. മാറു ന്ന വ്യവസായ സാഹചര്യം അവിട ത്തെ പ്രവർത്തന സംബന്ധിയായ രൂപഘടന മാറ്റം വരുത്തിയിട്ടുണ്ട്. മറ്റെല്ലാ തൊഴിൽ മേഖലകളിലും, സേവന മേഖലയിലും, സേവന മേ ഖലകളിലും ഇത്തരം മാറ്റം ഏറെ സ്വാധീനം ചെലുത്തിയിട്ടുണ്ട്. തൊഴിൽ സാഹചര്യങ്ങളുടെ രൂപ മാറ്റം നിയമങ്ങളിലും പ്രതിഫലി ച്ചില്ലെങ്കിൽ അതിന്റെ പ്രസക്തി നഷ്ടപ്പെടുത്താൻ ഇടയാക്കും. രാ ജ്യത്തിന്റെ വ്യവസായിക അന്തരീ ക്ഷം മെച്ചപ്പെടണമെങ്കിൽ ഉല്പാദന പ്രക്രിയ ലാഭകരമാകേണ്ടതുണ്ട്. ഉത്പന്നങ്ങളുടെ വില അന്താരാ ഷ്ട്ര വിലക്രമവുമായി താദാത്മ്യം പ്രാപിച്ചാലേ വ്യവസായം മത്സ രാധിഷ്ഠിതമാവുകയുള്ളൂ. ഏതൊരു കാലത്തും ലാഭം ലക്ഷ്യമാകുമ്പോൾ അത് നേരിട്ട് ബാധിക്കുന്നത് വേതന വ്യവസ്ഥയിലാണ്. ഉദാ രവത്കരണ പ്രക്രിയ മത്സരാധി ഷ്ഠിതമാകണമെന്നിരിക്കെ, ഈ കാലത്തുണ്ടാകുന്ന തൊഴിൽ പരി ഷ്കരണങ്ങളുടെ ഉദ്ദേശം പ്രവചി ക്കതക്കതാണ്. ഇന്ന് ഏറ്റവും കുറ ച്ച് ചർച്ച ചെയ്യപ്പെടുന്നതും ഇത്തരം തൊഴിൽ പരിഷ്കരണങ്ങളാണ്. സംഘടിത മേഖലയിലെ തൊഴിൽ നിയമങ്ങൾ ഉദ്യോഗസ്ഥരുടേത് മാത്രമായി പൊതു സമൂഹത്തിൽ അവതരിപ്പിക്കുകയും എന്നാൽ പൊതു മേഖല ഉൾപ്പെടെയുള്ള വരുടെ സേവന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിൽ ഉണ്ടാകുന്ന കാലതാമസം യാദൃച്ഛികമല്ല.

ഇന്ത്യയിലെ അസംഘടിത തൊഴിൽ മേഖല എന്നത് തൊ ഴില്ലാളികളുടെ തൊണ്ണൂറ് ശതമാ നത്തിനും മുകളിലാണ്. ഇത്രയും വലിയ ശതമാനം ജനങ്ങളുടെ അദ്ധ്വാനത്തിന്റെയും ജീവന സം ബന്ധിയായ ക്രമീകരണങ്ങളുടേ യും നിലനിൽപ്പിനേയും ഒട്ടും പരി ഗണിക്കാതെയാണ് സാമ്പത്തിക/ തൊഴിൽ നയങ്ങൾ പുതിയകാല ത്ത് അവതരിപ്പിക്കുന്നത്. ഭരണ പ്രക്രിയ ജന ജീവിതത്തിന്റെ ക്ഷേമത്തെ സംബന്ധിയായത് എന്നാണ് ജനാധിപത്യം വിവക്ഷി ക്കുന്നത് എങ്കിലും ഇവിടെ മഹാ ഭൂരിപക്ഷം വരുന്ന മനുഷ്യർ നിയ മത്തിന്റെ പരിരക്ഷ ഏതുമില്ലാതെ ചൂഷണത്തിന് വിധേയരാവുന്നു.

തൊഴിലാളി യൂണിയനുകളുടെ പ്ര സക്തി ചോർന്നു പോയിരിക്കുന്നു എന്ന് വിശ്വസിക്കുന്നവർ ഈ പ്രസ്താവനകളുടെ സംഭാവനകൾ മനപൂർവ്വം മറക്കുകയാണ്. 1980-ൽ രൂപം കൊണ്ട Bombay Mill-Hands Association. ഇൻഡ്യയിലെ





തന്നെ ആദ്യത്തെ തൊഴിലാളി പ്രസ്ഥാനമാണ്. രണ്ടു ലക്ഷത്തി അമ്പതിനായിരത്തോളം തൊഴിലാളികൾ പ്രവർത്തിച്ചിരുന്ന നൂറ്റിയിരുപത്തഞ്ചോളം യൂണിയനുകൾ 1920-ൽ തന്നെ ഇന്ത്യൻ മഹാനഗരങ്ങളിൽ ഉണ്ടായിരുന്നു. കൽക്കട്ടയിൽ രൂപം കൊണ്ട; Working Men's Institution (1905), Social Service League (1911), Working Men's Mission, Textile Labour Association (1920) തുടങ്ങിയവ നമ്മുടെ രാജ്യത്തിന്റെ സ്വാതന്ത്ര്യ സമരവുമായി നേരിട്ട് ബന്ധപ്പെട്ടവയാണ്. AITUC യുടെ നേതൃനിരയിൽ ഉണ്ടായിരുന്നത് ഇന്ത്യൻ സ്വതന്ത്ര്യ സമരത്തിന്റെ അമരക്കാരും കൂടിയായിരുന്നു. വ്യവസായങ്ങളിലെ ജീവിത സാഹചര്യം വർഗ്ഗബോധം സൃഷ്ടിക്കുന്നതോടൊപ്പം പൊതു ശത്രുവായി ബ്രിട്ടീഷ് സാമ്രാജ്യത്തെ തിരിച്ചറിയാനും കാരണമായി. സ്വാതന്ത്ര്യ ലബ്ധിയ്ക്കു ശേഷം ഇന്ത്യയിൽ വ്യവസായവത്കരണം നടന്നപ്പോഴും രാജ്യ പുനർനിർമ്മാണത്തിന് മുതൽക്കൂട്ടാവാൻ ഈ വിഭാഗത്തിന് സാധിച്ചിട്ടുണ്ട്. തൊഴിലാളി സംഘടനകൾ എല്ലാ കാലത്തും തൊഴിലിടങ്ങളിൽ ജനാധിപത്യത്തിനായി പ്രയത്നിച്ചവരാണ്. ഇത് ജനാധിപത്യ രാഷ്ട്രവാദത്തിന് സഹായകമായി എന്നത് ചരിത്ര വസ്തുതകൾ വിളിച്ചു പറയും. ഇന്ന് ഉദാരവത്കരണം വികസനം സാക്ഷാത്കരിക്കാനായി തൊഴിൽ മേഖലയെ പൊളിച്ചെഴുതാനുള്ള നടപടികൾ ഓരോന്നായി അവതരിപ്പിക്കുമ്പോൾ ഇതിനെല്ലാം വിലനൽകേണ്ടി വരുന്നത് തൊഴിലാളികളാണ്.

### കരാർ നിയമനം

കണക്കുകൾ സൂചിപ്പിക്കുന്നത് അനുസരിച്ച് കരാർ നിയമനങ്ങളുടെ തോത് എല്ലാ മേഖയിലും വർദ്ധിച്ചു വരുന്നു. രണ്ട് തരത്തിലാണ് ഇത്തരം നിയമങ്ങൾ നടക്കുന്നത്. പുതുതായി സൃഷ്ടിക്കപ്പെടുന്ന തൊഴിലുകളുടെ വലിയ ശതമാനം കരാർ നിയമനങ്ങൾക്കായി മാറ്റിവയ്ക്കുന്നു. നിലവിലെ തൊഴിൽ അവസരങ്ങളിലേക്ക് കരാർ നിയമനം നടത്താവുന്ന രീതിയിൽ തൊഴിൽ പരിഷ്ക്കാരങ്ങൾ ഉണ്ടാ



കുന്നു. ഫാക്ടറീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട സ്ഥാപനങ്ങളുടെ 2000മുതൽ 2016 വരെയുള്ള കണക്കുകൾ സൂചിപ്പിക്കുന്നത്, 7.7 ദശലക്ഷം മുതൽ 13.7 ദശലക്ഷം വരെ തൊഴിൽ ഈ കാലയളവിൽ സൃഷ്ടിക്കപ്പെടുകയും അതിൽ പകുതിയും കരാർ നിയമങ്ങൾക്കായി മാറ്റി വച്ചു. അതായത് 15.5% ആയിരുന്ന കരാർ നിയമന തോത് 27.9% മായി വളർന്നു.

തൊഴിലാളിക്ക് തൊഴിൽ ദാതാവും സ്ഥാപനവുമായി ഒരു ജൈവിക ബന്ധം ഉടലെടുക്കുക സ്വാഭാവികമാണ്. ഇതു ഉത്പാദന പ്രക്രിയയെ സ്വാധീനിക്കുമെന്ന് ഹ്യൂമൻ റിലേഷൻസ് തിയറിയിലൂടെ എൽട്ടൻ മായോയെപോലുള്ള ചിന്തകൻമാർ പരീക്ഷണ നിരീക്ഷണങ്ങളിലൂടെ തെളിയിച്ചിട്ടുണ്ട്.എന്നാൽ ഉത്പാദനവും ലാഭവും കൂടുതൽ ആഗ്രഹിക്കുന്ന നവലിബറൽ കാലഘട്ടം കരാർ നിയമനങ്ങളിൽപോലും വിവേചനം കാണിക്കുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. സ്ഥാപനങ്ങൾ നേരിട്ട് കരാർ നിയമനം നടത്തുന്നത് 61.2%-ത്തിൽ നിന്ന് 50.4%-ത്തിലേക്ക് കുറഞ്ഞു (Labour Bureau's Employment -Unemployment survey). ഇങ്ങനെ തൊഴിലാളികളെ എത്തിക്കുന്ന സ്ഥാപനങ്ങൾനിരവധിയായി ഇക്കാലത്ത് വളർന്നു വന്നിട്ടുണ്ട്. തന്മൂലം വേതന നിരക്ക് പകുതിയായി കുറയുകയും ചെയ്യുന്ന അവസ്ഥ ചർച്ചക്ക് വിഷയമെ ആകുന്നില്ല.

ഇന്ത്യയിൽനിലനിൽക്കുന്ന Contract Labour Act ഒരേ തരത്തിലുള്ള വേതനം നൽകണമെന്നാണ് നിഷ്കർഷിക്കുന്നുവെങ്കിലും ഒരേ തൊഴിൽ ചെയ്യുന്നവർ തമ്മിൽ വേതന നിരക്കിലെ ഏറ്റക്കുറച്ചിൽ വർഗ്ഗബോധം സൃഷ്ടിക്കുന്നതിന് വിഘാതമാകുന്നു. തൊഴിലിടങ്ങളിലെ സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക സേവന വേതന വ്യവസ്ഥകൾ പരിഷ്കരിക്കുക തുടങ്ങിയവയെല്ലാം കൃത്യമായ ഇടപെടലുകളിലൂടെ തൊഴിലാളി യൂണിയനുകൾ സാധ്യമാക്കുന്നത് കൂട്ടായ വിലപേശൽ പ്രക്രിയവഴിയാണ്. എന്നാൽ ഇക്കാലത്തുണ്ടാകുന്ന കരാർ നിയമനങ്ങൾ കൂട്ടായ വിലപേശൽപ്രക്രിയയെ സാരമായി ബാധിക്കുന്നു. കരാർ നിയമിതനാകുന്ന തൊഴിലാളികൾക്ക് സ്ഥിരം തൊഴിലാളികളുടെ സാമാന്യ പ്രശ്നങ്ങൾ മനസ്സിനാവാതെ പോകുകയും ഈ സാഹചര്യം തൊഴിൽ മേഖലയെയാകെ സുരക്ഷാമാനദണ്ഡങ്ങൾ ഒന്നും പാലിക്കാതെ നിയമിതനാകുന്ന വലിയ ശതമാനം വരുന്ന കരാർ തൊഴിലാളികൾ ഒരു പുതിയ സാമൂഹിക പ്രതിസന്ധിയിലാക്കുന്നു. സാമൂഹിക പ്രതിസന്ധിയായി ഈ കാലഘട്ടത്തിൽ നിലനിൽക്കുന്നു. ആഗോള വത്കരണകാലഘട്ടത്തിൽ തൊഴിൽ അസ്ഥിരത ഒരു യാഥാർത്ഥ്യമാവുകയും, വർഗ്ഗബോധവും ഐക്യവും നഷ്ടപ്പെട്ട് ഒരു തരത്തിലുള്ള പ്രതിഷേധവും ഇല്ലാത്ത സമൂഹം സൃഷ്ടിക്കപ്പെടുന്നു. Ease of doing Business, Business friendly environment, Special zones of business തുടങ്ങിയവ ഇതുവരെ തുടർന്നു വന്ന വിശേഷ തൊഴിൽ സംസ്കരണത്തെ ഇല്ലാതാക്കുന്ന സാഹചര്യങ്ങളുടെ മറുപേരുകളാണ്.

പ്ലാനിംങ് കമ്മീഷൻ റിപ്പോർട്ട് പ്രകാരം ഇന്ത്യയിൽ 21 ശതമാനം ദരിദ്രർ വസിക്കുന്നു. അസംഘടിത മേഖലയിലെ തൊഴിലാളികൾ 94 ശതമാനം വരും എന്നതും കണക്കുകൾ സൂചിപ്പിക്കുന്നു. ഇവരുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തുവാൻ ആവശ്യമായ വിദ്യാഭ്യാസം, അവകാശ സംരക്ഷണം, സാമൂഹിക സുരക്ഷ, ആരോഗ്യം തുടങ്ങിയവ നൽകാൻ ദശലക്ഷ കണക്കിനു രൂപ സർക്കാരുകൾ പ്രത്യേകമായി ചിലവാക്കേണ്ടതുണ്ട്. എന്നാൽ ഇതിനെല്ലാം പരിഹാരമായി നടപ്പിലാക്കുന്ന പുത്തൻ സാമ്പത്തിക നയങ്ങളുടെ തുടർച്ച രാജ്യത്തിന്റെ സാമ്പത്തിക വളർച്ചാ നിരക്ക് കുറച്ചു കാലത്തേക്ക് ആശാവഹമെന്ന് തോന്നത്തക്ക വിധത്തിൽ വർദ്ധിപ്പിച്ചുവെങ്കിലും അത് സ്ഥായിയല്ലെന്ന് ആഗോള സാമ്പത്തിക മാന്ദ്യം തെളിയിച്ചതാണ്. ഇന്ത്യയുടെ സാമ്പത്തിക ഭദ്രത ഇക്കാലയളവിൽ പ്രതീക്ഷ നൽകിയതിനു കാരണം ദേശസാല്കൃത സ്ഥാപനങ്ങളുടെ സാന്നിധ്യമാണെന്ന് ലോകോത്തര സാമ്പത്തിക ചിന്തകൻമാർ അംഗീകരിച്ചതാണ്. നാടകാന്ത്യം ഉദാരവത്കരണമാണ് എല്ലാത്തിനു പരിഹാരം എന്ന് വരുത്തി തീർക്കാനുള്ളശ്രമം ഇന്ത്യയിൽ ഒരു പുതിയ സംസ്കാരം സൃഷ്ടിച്ചിരിക്കുകയാണ്. തൊഴിൽ ഒരു യാഥാർത്ഥ്യം എന്നതിൽ നിന്ന് ഒരു മിഥ്യയായി മാറുന്ന അവസ്ഥ. തൊഴിൽ അന്വേഷകരുടെ പ്രായം അമ്പതിലും അറുപതിലും വരെ എത്തി നിൽക്കുന്നു. തൊഴിലാളികളും തൊഴിൽ അന്വേഷകരെ പോലെ ഒരു 'Floating Population' ആയി മാറുന്ന സാഹചര്യം എത്രമാത്രം ദേശനിർമ്മിതിക്ക് ഉതകുമെന്നത് ചിന്തനീയമാണ്.




# കാർഷിക ബില്ലുകൾക്ക് പിറകിലെ സാമ്രാജ്യത്വ അജണ്ട

**അനിൽ വർമ്മ**
ഗുരുവായൂരപ്പൻ കോളേജ്,
കോഴിക്കോട്



മനുഷ്യരാശി കടുത്ത പ്രതിസന്ധിയിലൂടെയാണ് കടന്നു പോകുന്നത്. കൊറോണ വൈറസ് വികസിത - വികസ്വര രാജ്യങ്ങളെ ഒരുപോലെ ബാധിച്ചിരിക്കുന്നു. കോവിഡിനെ പ്രതിരോധിക്കാൻ നടപ്പിലാക്കിയ ലോക് ഡൗൺ, തൊഴിലിനെയും വിദ്യാഭ്യാസത്തെയും അടക്കം എല്ലാ സാമ്പത്തിക പ്രക്രിയകളെയും ബാധിച്ചിരിക്കുന്നു. സ്വകാര്യ മേഖലയിൽ ആരോഗ്യ സംവിധാനങ്ങളുള്ള വികസിത ഭരണകൂടങ്ങൾ പോലും ഈ പ്രതിസന്ധിക്ക് മുമ്പിൽ അടിപതറി നിൽക്കുകയാണ്. കേരളം എന്ന ഒരു കൊച്ചു സംസ്ഥാനം കോവിഡിനെ സുധീരം നേരിട്ട് മുന്നോട്ടു പോവുകയാണ്. ജനതയുടെ സാമൂഹിക ബോധവും സർക്കാര് സംവിധാനങ്ങളുടെ ഫലപ്രദമായ ഏകോപിച്ചുള്ള പ്രവർത്തനവും ആത്മറ്റൊരു മുതലാളിത്ത ഭരണകൂടത്തിനും അപ്രാപ്യമായ ഈ നേട്ടം നമുക്ക് നേടിത്തന്നത്.

മനുഷ്യവംശം കടന്നു പോയ പ്രതിസന്ധികളിൽ ആണ് മുതലാളിത്തം അതിൻറെ നിലനില്പിനുള്ള വളക്കൂറുള്ള മണ്ണ് കണ്ടെത്തുന്നത്. രണ്ടാം ലോക മഹായുദ്ധാനന്തര ലോകത്തിലെ സാമ്പത്തിക കുഴപ്പങ്ങളും കെയ്നീഷ്യൻ നയങ്ങൾ നടപ്പാക്കിയത് മൂലമുണ്ടായ പണപ്പെരുപ്പവും തൊഴിലില്ലായ്മയും ചേർന്ന ഉൽപാദന മുരടിപ്പും (stagflation) ആണ് നവലിബറൽ നയങ്ങൾ ലോകം മുഴുവൻ നടപ്പാക്കാൻ മുതലാളിത്തത്തിന് സഹായമായത് . ചിലിയിലെ സോഷ്യലിസ്റ്റ് ഭരണകൂടത്തെ മറിച്ചിട്ട് നവലിബറൽ ആശയങ്ങൾ പ്രാവർത്തികമാക്കാൻ ചിക്കാഗോ ബോസ്സ് എന്നറിയപ്പെടുന്ന ചിലിയൻ വലതുപക്ഷ സാമ്പത്തിക വി



ദശർക്ക് സാധിച്ചത് ജനാധിപത്യ വിരുദ്ധവും രക്ത ത്രുഷിതവുമായ പട്ടാള വിപ്ലവം ആണ്. ഇന്ത്യയിൽ സാമ്പത്തിക പരിഷ്കാരങ്ങൾ നടപ്പാക്കിയത് 1990-കളിൽ രാജ്യം കടന്നുപോയ കടുത്ത സാമ്പത്തിക പ്രതിസന്ധി യുടെ ഫലമായിട്ടാണ് എന്ന് നമ്മൾ ഒരുപാട് തവണ കേട്ട പല്ലവിയാണ്. അടിയന്തരാവസ്ഥയിൽ "നാവടക്കൂ പണിയെടുക്കൂ" എന്ന് ഇന്ത്യയിലെ തൊഴിലാളി വർഗ്ഗത്തോട് ഭരണകൂടം ആജ്ഞാപിച്ചതിന് ശേഷമാണ് തൊഴിൽ നിയമങ്ങളിൽ വെള്ളം ചേർക്കുന്ന ഭരണകൂട നടപടികൾ ആരംഭിച്ചത്. 2008 ലെ അമേരിക്കൻ സാമ്പത്തിക പ്രതിസന്ധി, ലോകമെമ്പാടുമുള്ള സാമ്പത്തികവ്യവസ്ഥയുടെ അരികുകളിൽ (periphery) ജീവിക്കുന്ന ജനതയുടെ മിച്ച മൂല്യം ഭവന ഉടമകളായ അമേരിക്കൻ മധ്യവർഗ്ഗത്തിനു മുതൽക്കൂട്ടാനുള്ള സുവർണ്ണ അവസരമായി. മെക്സിക്കോ, അർജൻറീന, ജപ്പാൻ, കിഴക്കൻ ഏഷ്യൻ രാജ്യങ്ങൾ, ഗ്രീസ്, അമേരിക്ക തുടങ്ങി മുതലാളിത്ത വ്യവസ്ഥകളിൽ ഉടലെടുത്ത എണ്ണമറ്റ പ്രതിസന്ധികളുടെ മറപറ്റി കൂടുതൽ നവലിബറൽ ആശയങ്ങൾ അടിച്ചേല്പിക്കപ്പെട്ടു. അതായത് മുതലാളിത്തം ഈ പ്രതിസന്ധികളെ എല്ലാം ഒരു അവസരം ആയിട്ടാണ് കാണുന്നത്. കൂടുതൽ ജനദ്രോഹ പരമായ നലിബറൽ നയങ്ങൾ അടിച്ചേൽപ്പിക്കാനുള്ള സുവർണ്ണാവസരം ആണ് മുതലാളിത്തത്തിന് പ്രതിസന്ധികൾ. ജനാധിപത്യ വിരുദ്ധമായ കലാപങ്ങളുടെയും ദുരന്തങ്ങളുടെയും പ്രതിസന്ധികളുടെയും മറപറ്റിയിട്ടാണ് ലോകത്തെവിടെയും നവലിബറൽ നയങ്ങൾ നടപ്പാക്കിയിട്ടുള്ളത്. ഈ അർത്ഥത്തിൽ നവ ലിബറൽ നയങ്ങൾ തന്നെ തികച്ചും ജനാധിപത്യ വിരുദ്ധമാണ് എന്ന ആശയമാണ് നവോമി ക്ലീൻ അവരുടെ ഷോക്ക് ഡോക്ട്രിൻ എന്ന പുസ്തകത്തിൽ മുന്നോട്ടു വയ്ക്കുന്നത്.

നവലിബറലിസവും ഫാസിസവും ഇന്ത്യൻ സമൂഹം ഇന്ന് നേരിടുന്ന പ്രധാനപ്പെട്ട രണ്ടു വെല്ലുവിളികളാണ്. ഇന്ത്യയിൽ ഇന്ന് അധികാരത്തിലിരിക്കുന്ന ഭരണകൂടം ഒരു ഫാസിസ്റ്റ് ഭരണകൂടം ആണ് എന്ന് അർത്ഥശങ്കയ്ക്കിടയില്ലാത്ത വിധം തെളിയിക്കപ്പെട്ടിട്ടുണ്ട് . ഈ ഭരണകൂടത്തിന്റെ സാമ്പത്തിക നയം പരിശോധിച്ചാൽ രണ്ടു പ്രത്യേതകൾ എങ്കിലും എടുത്ത് പറയാനാകും. ഒന്ന് അമിത കേന്ദ്രീകരണം ആണ്. രാജ്യത്തിന്റെ ഫെഡറൽ ഘടനയ്ക്ക് തന്നെ വിരുദ്ധമായ രീതിയിൽ ഉന്നയിക്കപ്പെട്ട, 'ഒരു രാജ്യം ഒരു നികുതി', 'ഒരു രാജ്യം ഒരു ഭാഷ തുടങ്ങിയ വാദങ്ങൾ ഉദാഹരണമാണ്. മറ്റൊന്ന് ജനാധിപത്യ വിരുദ്ധമായ നവലിബറൽ നയങ്ങളും ആയാണ് ഇന്ത്യാ ഗവൺമെൻറ് ഇന്ന് സ്വീകരിക്കുന്ന നയങ്ങളുടെ പൊക്കിൾകൊടി ബന്ധം എന്നതാണ്. ഈ പശ്ചാത്തലത്തിൽ ഇന്ത്യാ ഗവൺമെൻറ് അടുത്തകാലത്ത് പുറത്തിറക്കിയ കാർഷിക നിയമങ്ങളെ അവലോകനം ചെയ്യാനാണ് ഇവിടെ ഉദ്ദേശിക്കുന്നത്.

## കാർഷിക രംഗത്തെ പ്രതിസന്ധി

നമ്മുടെ രാജ്യത്തെ ബഹുഭൂരിപക്ഷം ജനങ്ങളും അവരുടെ അന്നന്നത്തെ ജീവിതത്തിനുള്ള വരുമാനം കണ്ടെത്തുന്നത് കാർഷിക മേഖലയിൽ നിന്നാണ്. കാർഷിക മേഖല ഇന്ന് വലിയ ഒരു പ്രതിസന്ധിയിലാണ്. ഇപ്പോഴത്തെ കാർഷിക പ്രതിസന്ധിക്ക് ഒരു ചരിത്രം നിലനിൽക്കുന്നുണ്ട്. വായ്പയെടുത്ത് കൃഷി ചെയ്യുന്നവരാണ് ഇന്ത്യയിലെ പകുതിയിലധികം കർഷകർ. ഇങ്ങനെ എടുത്ത കടങ്ങളുടെ തിരിച്ചടവ് മുടങ്ങിയത്, വളം വൈദ്യുതി എന്നിവയ്ക്ക് നൽകിയിരുന്ന സബ്സിഡികൾ വൻതോതിൽ വെട്ടിച്ചുരുക്കിയത്, കാർഷിക ഉല്പന്നങ്ങൾക്ക് മതിയായ വില ലഭിക്കാത്ത അവസ്ഥ തുടങ്ങി കാർഷിക മേഖലയെ പ്രതിസന്ധിയിലാക്കുന്ന ഒട്ടേറെ സാഹചര്യങ്ങൾ മുൻപുതന്നെ നിലനിൽക്കുന്നുണ്ട്. കർഷകരുടെ കടം എഴുതിത്തള്ളണമെന്ന ആവശ്യം എത്രയോ കാലമായി നിലനിൽക്കുന്നുണ്ട്. മൂന്നു ലക്ഷത്തിലധികം കർഷകരാണ് പ്രതിസന്ധിയിൽ പിടിച്ചുനിൽക്കാനാവാതെ ജീവനൊടുക്കിയത്.

ഈ സാഹചര്യത്തിലാണ് കേന്ദ്രത്തിൽ ബി ജെ പി നേതൃത്വത്തിൽ ഉള്ള ഗവൺമെന്റ് 2014 ൽ അധികാരത്തിൽ വരുന്നത്. ബിജെപി കർഷകർക്ക് അനവധി വാഗ്ദാനങ്ങൾ നൽകികൊണ്ടാണ് അധികാരമേറിയത്. ഈ വാഗ്ദാനങ്ങൾ ഇന്ത്യയിലെ കാർഷിക മേഖലക്ക് ഏറെ പ്രതീക്ഷ ഉണർത്തുന്നതായിരുന്നു. കർഷകരുടെ വരുമാനം 2022 ഓടുകൂടി ഇരട്ടിയാക്കും എന്ന തെരഞ്ഞെടുപ്പ് വാഗ്ദാനവും സർക്കാരിന്റെ ആദ്യ ബജറ്റിൽ ധനമന്ത്രി കാർഷികമേഖലയുടെ ഉന്നമനത്തെ ലക്ഷ്യമിട്ട് നടത്തിയ പ്രഖ്യാപനവും ഏറെ പ്രതീക്ഷയാണ് ഉണ്ടാക്കിയത്. നീതിആയോഗും സർക്കാരിനെ പിന്തുണച്ച് കൂടെ ഉണ്ടായിരുന്നു. കാർഷിക ഉല്പന്നങ്ങൾക്ക് ആദായ വില ലഭിക്കുന്നതിന് എം എസ് സ്വാമിനാഥൻ കമ്മീഷൻ നിശ്ചയിച്ചി ഫോർമുല നടപ്പാക്കും എന്നാണ സർക്കാർ ഉറപ്പുനൽകിയത്. ഉല്പാദനച്ചെലവിന് പുറമേ പകുതി ലാഭവും കൂടി ലഭിക്കുന്ന തുക വില

യായി നൽകണമെന്ന് ആയിരുന്നു ആ നിർദേശം.

അധികാരം ലഭിച്ചപ്പോൾ ഈ വാഗ്ദാനങ്ങൾ ബി ജെ പി പാടേ മറക്കുകയും കാർഷിക മേഖലയിലേക്കുള്ള സർക്കാരിന്റെ ചിലവുകൾ വെട്ടിക്കുറക്കുകയും ചെയ്തു. ഇത് ഗ്രാമീണ മേഖലയിൽ വലിയ വരുമാന ശോഷണത്തിനു ഇടയാക്കി. മാത്രമല്ല കേന്ദ്ര സംസ്ഥാന സർക്കാരുകൾ കർഷകരുടെ ആവശ്യങ്ങൾ തുടർച്ചയായി നിരാകരിക്കുകയും കൂടി ചെയ്തു. ഇത് ഗ്രാമീണ മേഖലയിൽ ഒരു വലിയ പ്രതിസന്ധിക്ക് തുടക്കമിട്ടു. ബി ജെ പി സർക്കാർ അധികാരത്തിലിരുന്ന ആദ്യ മൂന്നുവർഷംകൊണ്ട് തന്നെ വാഗ്ദാനങ്ങൾ വെറും പാഴ് വാക്കാണെന്ന് കർഷകർ മനസ്സിലാക്കി. മധ്യപ്രദേശിലും മഹാരാഷ്ട്രയിലും തമിഴ്നാട്ടിലും രാജസ്ഥാനിലും രാജ്യത്തിന്റെ ഇതര പ്രദേശങ്ങളിലും 2017 ഓട് കൂടി ഒട്ടേറെ കാർഷിക പ്രക്ഷോഭങ്ങൾ കരുത്താർജ്ജിച്ചു വന്നു. കാർഷിക ഉല്പന്നങ്ങൾക്ക് ന്യായവില ലഭിക്കുന്നതിന് നിർദ്ദേശിച്ച സ്വാമിനാഥൻ കമ്മീഷൻ ഫോർമുല ഉടൻ നടപ്പിലാക്കണം എന്നും കാർഷിക കടങ്ങൾ എഴുതിത്തള്ളണം എന്നും പ്രക്ഷോഭകർ ആവശ്യപ്പെട്ടു. കുറഞ്ഞ ഉൽപാദനം മൂലവും നോട്ട് നിരോധനം മൂലം ഉണ്ടായ നഷ്ടം പരിഹരിക്കാൻ സർക്കാർ ഇടപെടണമെന്ന് ആവശ്യവും അവർ മുന്നോട്ടു വയ്ക്കുകയുണ്ടായി. പ്രക്ഷോഭങ്ങളുടെ ഭാഗമായി അഞ്ചു കർഷകർ വെടിയേറ്റ് മരിക്കുകയുണ്ടായി. രാജ്യത്തിൻറെ പലഭാഗങ്ങളിൽനിന്നും കർഷക ആത്മഹത്യയുടെ വിവരങ്ങൾ പുറത്ത് വരാൻ തുടങ്ങി.

